Reg. No M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."


പുസ്തകം 27 | 1129 മീനം 4 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1954 മാർച്ച 17 | ലക്കം 29

## "ക്രിസ്റ്റഫർമാർ അഥവാ ക്രിസ്തുവാഹകർ"

"മാതൃരാജ്യത്തിനു വേണ്ടി രക്തം ചിന്തുവാൻ ചിലപ്പോൾ എളുപ്പമാണു്. അതിലും എളുപ്പമാണു് അതിനു ധനസഹായം ചെയ്യുവാൻ. എന്നാൽ അതിനു സത്യം പ്രദാനം ചെയ്യുകയെന്നതാണു സർവ്വോപരി വിഷമകരമായ കാര്യം." വിശ്വവിശ്രുതസാഹിത്യകാരനും ഒരു ചിന്തകനുമായ ജി. കെ. ചെസ്റ്റർട്ടന്റെ ഒരു പ്രസ്താവനയാണു് മേലുദ്ധരിച്ചതു്. അത്യഗാധമായ ആശയതല്ലജങ്ങൾ അന്തർലീനമായിട്ടുള്ള വാക്യങ്ങൾതന്നെയാണിവ. മാതൃരാജ്യത്തെ ശത്രുകരങ്ങളിൽനിന്നും വിമുക്തമാക്കുവാൻ അവസാനത്തുള്ളി രക്തംപോലും ചിന്തി ധീരധീരം പോരാടുന്ന ദേശാഭിമാനികളെ ആരാണാദരിക്കാത്തതു്? പട്ടിണിഗ്രസ്തമായ സ്വരാജ്യത്തെ ദാരിദ്ര്യത്തിന്റെ കൊടുംയാതനകളിൽനിന്നും വലിച്ചുകററുവാൻ പണിപ്പെടുന്ന ഔദാര്യമതികളെ ആരാണു് അഭിനന്ദിക്കാത്തതു്? സേവനാനിരതരെന്നു്, ത്യാഗമനസ്കരെന്നു്, ഔദാര്യനിധികളെന്നു് ലോകം അവരെ മുദ്രയടിക്കും. അവരുടെ സേവനങ്ങളെ സ്വരമുയർത്തി കീർത്തിക്കുവാനും മടിക്കയില്ലാ ലോകം. എന്നാൽ ഇതിലെല്ലാം ഉപരി പ്രശംസനീയമായ ഒരു മഹൽകൃത്യം ഉണ്ടു്. അതെന്താണെന്നോ? അതാണു് മാതൃരാജ്യത്തിനു "സത്യം" പ്രദാനം ചെയ്യുകയെന്ന മഹനീയസേവനം.

മനുഷ്യൻ ഒരു ബുദ്ധിജീവിയാണു്. അവനു് ആത്മാവു്, ശരീരം എന്നിങ്ങനെ രണ്ടു മൂല്യങ്ങളുണ്ടു്. ശരീരം മർത്ത്യവും ദൃശ്യവുമെങ്കിൽ ആത്മാവു് അമർത്ത്യവും അദൃശ്യവുമത്രെ. ആത്മാവാണു് മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്നതു്— അവനെ ബുദ്ധിജീവിയാക്കിത്തീർക്കുന്നതു്. അവനു് സാക്ഷാൽ മഹത്വം കൈവരുത്തുന്നതു് അവന്റെ ആത്മാവാണു്. ശരീരത്തിനു് അവയവങ്ങൾ പോലെയാണു്, ആത്മാവിനു് ബുദ്ധിശക്തിയും ഇച്ഛാശക്തിയും. ബുദ്ധിശക്തിയുടെ പ്രവർത്തനവിഷയം സത്യവും ഇച്ഛാശക്തിയുടെ പ്രവർത്തനവിഷയം നന്മയുമാകുന്നു. ആകയാൽ സത്യവും നന്മയുമാണു് ആത്മാവിന്റെ പ്രവർത്തനവിഷയമെന്നു പറയാം. തന്മൂലം സത്യത്തിനും നന്മയ്ക്കും മാത്രമേ സാധിക്കൂ ആത്മാവിനു് സൗഭാഗ്യം പ്രദാനം ചെയ്യുവാൻ. അസത്യത്തിൽ വ്യാപരിക്കുന്ന മനുഷ്യൻ, തിന്മയിൽ ജീവിക്കുന്ന മനുഷ്യൻ, വാസ്തവത്തിൽ ആത്മീയമായി വീർപ്പുമുട്ടുന്നു എന്നതിന്റെ പരമാർത്ഥം മേൽപ്രസ്താവിച്ചതിൽനിന്നും വ്യക്തമാണല്ലോ. രാഷ്ട്രീയസ്വാതന്ത്ര്യത്തിനുവേണ്ടി രക്തംചിന്തുന്നവൻ, മനുഷ്യന്റെ ശാരീരികസൗഭാഗ്യത്തിനുവേണ്ടിയാണു്, ശാരീരികസ്വാതന്ത്ര്യത്തിനു വേണ്ടിയാണു് പടപൊരുതുന്നതു്. മനുഷ്യരാശിയെ കൊടുംപട്ടിണിയിൽനിന്നും വിമുക്തരാക്കുവാൻ അക്ഷീണയത്നം ചെയ്യുന്നവൻ അവരുടെ ശാരീരികാനന്ദമാണു് നേടിക്കൊടുക്കുവാൻ ശ്രമിക്കുന്നതു്. ഇതെല്ലാം പ്രശംസനീയമാണുതാനും. അങ്ങനെയെങ്കിൽ ആത്മീയാനന്ദത്തിനുവേണ്ടി, ആത്മീയസ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിക്കുന്നവർ എത്രയോ മഹൽസേവനമാണു് അനുഷ്ഠിക്കുന്നതു്. സത്യത്തിനും നന്മയ്ക്കും മാത്രമേ സാധിക്കൂ ആത്മാവിനെ സ്വാതന്ത്ര്യത്തിലേക്കാനയിക്കുവാൻ. അതുകൊണ്ടുതന്നെയാണു് ക്രിസ്തുനാഥൻ അരുളിച്ചെയ്യുന്നതു് "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" എന്നു്. ആകയാൽ മാതൃരാജ്യത്തിനുവേണ്ടി ചെയ്യാവുന്ന മഹനീയസേവനം, അവശ്യമായ സേവനം അതിനെ അജ്ഞാനതിമിരത്തിൽനിന്നും സത്യദീപത്തിലേക്കു് ആനയിക്കയെന്നതാണു്. അതിനു് സ്വരാജ്യാഭിമാനികൾക്കെന്തു ചെയ്യുവാൻ കഴിയും? ഇവിടെയും ക്രിസ്തുനാഥന്റെ പ്രസ്താവന നമുക്കു മാർഗ്ഗദർശനം ചെയ്യും. അവിടുന്നു പറയുന്നു, താൻ വഴിയും, സത്യവും, ജീവനുമാകുന്നെന്നു്. സത്യംതന്നെയായ ക്രിസ്തുവിനെ സ്വരാജ്യത്തിനു പ്രദാനം ചെയ്യാം. അങ്ങനെ അതു് ക്രിസ്തുവാകുന്ന വഴിയിൽക്കൂടി സഞ്ചരിച്ചു് ക്രിസ്തുവാകുന്ന നിത്യജീവനിൽ വിഹരിച്ചുകൊള്ളും. ക്രിസ്തുവിനെ ലോകത്തിനു കാണിച്ചുകൊടുക്കുവാനുള്ള മാർഗ്ഗത്തെപ്പററിയാണാരായേണ്ടതു്.

തിരുനാൾ മംഗളം



റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ

തിരുമേനി വിജയിപ്പൂതാക!

(തിരുനാൾ—മാർച്ച് 19)

ക്രിസ്തുവിനെ അനുകരിക്കുന്നവനാണു ക്രിസ്ത്യാനി. ഓരോ ക്രിസ്റ്റഫർ അഥവാ ക്രിസ്തുവാഹകനാണു് ഓരോ ക്രിസ്ത്യാനിയും. അദൃശ്യനായ ക്രിസ്തുവിന്റെ ദൃശ്യരൂപമായിത്തീരണം ഓരോ ക്രിസ്ത്യാനിയും. അജ്ഞാനതിമിരത്തിൽ തപ്പിത്തിരിയുന്ന അനാഗതസഹസ്രങ്ങൾക്കു ദൃശ്യമാക്കാവുന്ന ഏകദീപം ഒരു ക്രിസ്ത്യാനിയുടെ ജീവിതമായിരിക്കാം. താദൃശർ വായിക്കാനിടവരുന്ന ഏക ക്രിസ്തുചരിത്രം, ഒരു ക്രിസ്ത്യാനിയുടെ ജീവിതഗ്രന്ഥമായിരിക്കാം. ആകയാൽ ഓരോ ക്രിസ്ത്യാനിയും ഓരോ ക്രിസ്തുവാഹകനായി പരിണമിച്ചു ക്രിസ്തുവിനെ ലോകത്തിനു കാണിച്ചുകൊടുക്കുന്ന സജീവദർപ്പണമായി ഭവിച്ചാൽ, തന്മൂലമുണ്ടാകുന്ന ഫലം അത്ഭുതാവഹമായിരിക്കും, വിസ്മയാവഹമായിരിക്കും.

അമേരിക്കയിലെ മേരിനോൾ മിഷനറിസമൂഹത്തിൽപ്പെട്ട ഒരു സുപ്രസിദ്ധ വൈദികവരേണ്യനത്രെ ജയിംസ് കെല്ലർ. അദ്ദേഹത്താൽ സമാരബ്ധമായി ഇപ്പോൾ ആഗോളവ്യാപകമായിത്തീർന്നിരിക്കുന്ന ക്രിസ്റ്റഫർ പ്രസ്ഥാനത്തെപ്പററി കേൾക്കാത്തവർ അധികമുണ്ടാകയില്ല. ലോകത്തിനു ക്രിസ്തുവിനെ പ്രദാനംചെയ്യുവാനായി ഓരോ വ്യക്തിയുടേയും ചുമതലാബോധത്തെ കിക്കിളികൂട്ടിയുണർത്തുന്ന ഒരു സ്വതന്ത്രപ്രസ്ഥാനമാണതു്. "നിങ്ങൾക്കോരോരുത്തർക്കും ലോകത്തെ വ്യത്യാസപ്പെടുത്തുവാൻ കഴിയും" എന്നാണു് അതു് ജനതതിക്കു നൽകുന്ന സന്ദേശം. ക്രിസ്തുവിന്റെ മഹനീയാദർശം ലോകവ്യാപകമായിത്തീർന്നാൽ, ലോകം താനേ നന്നാകും. ക്രിസ്റ്റഫർ പ്രസ്ഥാനത്തിന്റെ പ്രണേതാവും ജീവനാഡിയുമായ ഫാ. കെല്ലറിന്റെ പ്രസ്താവന ശ്രവിച്ചാലും: "ലോകത്തിന്റെ ഗുരുതരങ്ങളായ വിഷമതകൾക്കെല്ലാംതന്നെ കാരണഭൂതർ ജനതതിയിൽ തീരെ തുച്ഛമായ ഒരു ശതമാനം ജനങ്ങളാണു്. ജനസമുദായത്തെ സ്പർശിക്കുന്ന തുറകളിലെല്ലാം അവർ പ്രവേശിച്ചു് ദൈവവിദ്വേഷത്തേയും വർഗ്ഗീയവിഷത്തേയും കുത്തിവയ്ക്കുന്നു. അവരാണു് തിന്മയുടെ ദൂതന്മാർ. ഇത്തരുണത്തിൽ അവക്കെതിരായി അടരാടുവാൻ കരുത്തും സന്മനസ്സുമുള്ള ഒരു ശതമാനംപേർ ഒരുമ്പെട്ടാൽ, ഒരു നവ്യലോകവ്യവസ്ഥിതിയുടെ നാന്ദിയായിരിക്കുംഅതു്. ഏററവുംദുർബലനെന്നു സ്വയം കരുതുന്നവനുപോലും കഴിയും, തന്റെ പരിധിയിൽപ്പെട്ടവിധം സത്യത്തെയും നന്മയേയും വ്യാപിപ്പിക്കുവാൻ."

നമ്മിൽ പലർക്കും പലപ്പോഴും തോന്നിയേക്കാവുന്ന ഒരു പ്രലോഭനവിചാരമുണ്ടു്. അഗാധമായ വിനയത്തിന്റെ മറപിടിച്ചായിരിക്കും ആ വിചാരം പൊന്തിവരുന്നതു്. "എന്നെക്കൊണ്ടെന്തുചെയ്യുവാൻ കഴിയും" എന്നതാണാ വിചാരം. അതിനുടനടി നൽകാവുന്ന ഉത്തരം "ദൈവസഹായത്താൽ എന്നെക്കൊണ്ടും കഴിയും, സമുദായസമുന്നതിക്കായി

വിമർശനവീഥി

# കമ്മ്യൂണിസം മതമർദ്ദകം
# യുഗോസ്ലാവിയ അതിനു തെളിവ്

കഴിഞ്ഞ ലോകമഹായുദ്ധത്തിനുശേഷം തെക്കുകിഴക്കേ യൂറോപ്യൻ രാജ്യങ്ങൾ പലതും സോവ്യററ് റഷ്യയുടെ സൈനികസഹായത്തോടുകൂടി കമ്മ്യൂണിസ്റ്റ് ഗവൺമെൻറുകളുടെ പിടിയിൽ വന്നുപ്പെട്ടു. ആ ഗവൺമെൻറുകളെല്ലാം സോവ്യററ് റഷ്യയുടെ നേതൃത്വത്തിൽ ഒന്നുചേർന്നു കൊമിൻഫോം എന്നൊരു കമ്മ്യൂണിസ്റ്റ് മഹാസംഘടന രൂപീകരിച്ചു. റഷ്യൻ വിപ്ലവത്തിനുശേഷം സോവ്യററുറഷ്യയുടെ നേതൃത്വത്തിൽ ആരംഭിച്ചു നടന്നു പോന്നതും, കഴിഞ്ഞലോകമഹായുദ്ധത്തിനിടയ്ക്കു അമേരിക്കയെ പ്രീതിപ്പെടുത്തുവാൻവേണ്ടി കാപട്യത്തോടുകൂടി സ്റ്റാലിൻ നിർത്തലാക്കിയതുമായ കോമിൻടേൺ എന്ന കമ്മ്യൂണിസ്റ്റ് മഹാസംഘടനയുടെ സ്ഥാനമാണ് കോമിൻഫോം സ്വീകരിച്ചതു്. മാർഷൽ ടിറേറായുടെ കീഴിൽ കമ്മ്യൂണിസ്റ്റ്ഗവൺമെൻറ് പിടിയിൽ വച്ച യുഗോസ്ലാവിയ എന്ന തെക്കുകിഴക്കൻ യൂറോപ്പ്യൻ രാജ്യവും അതിൽ അംഗമായിരുന്നു. കൊമിൻഫോം അതിൻെറ കേന്ദ്രമായി തിരഞ്ഞെടുത്തതുതന്നെ യുഗോസ്ലാവിയായുടെ തലസ്ഥാനമായ ബെൽഗ്രേഡ് ആയിരുന്നു കൊമിൻഫോം സംഘടനയിൽപ്പെട്ട കമ്മ്യൂണിസ്റ്റ്ഗവർമ്മെൻറുകളെല്ലാം സ്റ്റാലിൻെറ വരുതിയനുസരിച്ചു സോവ്യററു റഷ്യയുടെ മേധാവിത്വത്തിനു കീഴ്പ്പെട്ടു വർത്തിക്കുവാൻ നിർബന്ധിക്കപ്പെട്ടുന്നുവെന്നു കണ്ടപ്പോൾ മാർഷൽ ടിറേറാ അതിനു വഴിപ്പെടാൻ വിസമ്മതിച്ചു. തന്മൂലം 1948-ൽ യുഗോസ്ലാവിയായെ കൊമിൻഫോം സംഘടനയിൽനിന്നു പുറത്താക്കി. സ്റ്റാലിൻെറ മേധാവിത്വത്തിനു വഴിപ്പെടുത്തുവാൻവേണ്ടി യുഗോസ്ലാവിയായുടെമേൽ ഒരു സാമ്പത്തിക ബ്ളൊക്കേഡ് ഏർപ്പെടുത്തി അതിനെ ഒററപ്പെടുത്തുവാൻ ആ സംഘടന ശ്രമംതുടങ്ങി. സ്റ്റാലിൻ കൊമിൻഫോം രാജ്യങ്ങളുടെ സഹായത്തോടുകൂടി യുഗോസ്ലാവിയായെ ആക്രമിക്കുമോ എന്നുപോലും ഭയപ്പെട്ടു. ഈ ഘട്ടത്തിൽ മാർഷൽ ടിറേറാ അമേരിക്കാമുതലായ പാശ്ചാത്യശക്തികളുടെ സഹായം അഭ്യർത്ഥിച്ചു. അവർ സൈനികവും സാമ്പത്തികവുമായ സഹായം നൽകാൻ തുടങ്ങി. ഇപ്പോഴും നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

മാർഷൽ ടിറേറാ മാർക്സിസ്റ്റ് ലെനിനിസ്റ്റ് ആദർശങ്ങളനുസരിച്ചുള്ള കമ്മ്യൂണിസം സ്വീകരിച്ചിരിക്കുന്ന ആളാണ്. മോസ്കോവിൽ താമസിച്ച് പ്രസ്തുത ആദർശങ്ങൾ തത്വത്തിലും പ്രയോഗത്തിലും അദ്ദേഹം പരിചയിച്ചിട്ടുമുണ്ട്. സ്റ്റാലിൻെറ കമ്മ്യൂണിസമല്ലാ, തൻെറ കമ്മ്യൂണിസമാണ് യഥാർത്ഥ കമ്മ്യൂണിസമെന്നു് അദ്ദേഹം അവകാശപ്പെടുകയും ചെയ്യുന്നു. രാഷ്ട്രീയമായി സ്റ്റാലിനിൽനിന്നും സോവ്യററുറഷ്യയിൽനിന്നും പിരിഞ്ഞുവെങ്കിലും മററു കാര്യങ്ങളിൽ കമ്മ്യൂണിസംതന്നേയാണു അദ്ദേഹം യുഗോസ്ലാവിയായിൽ പ്രയോഗത്തിൽ വരുത്തിക്കൊണ്ടിരിക്കുന്നതു്. തന്മൂലം മതവിഷയത്തിൽ കമ്മ്യൂണിസത്തിൻെറ സാക്ഷാൽ നില എന്തെന്നു് മനസ്സിലാക്കുവാൻ യുഗോസ്ലാവിയായിലെ കമ്മ്യൂണിസ്റ്റ്ഭരണം ഏററവും അധികം സഹായകമായിരിക്കും.

## യുഗോസ്ലാവിയായിൽ നിരീശ്വരത്വം ഔദ്യോഗികമായി സ്വീകരിക്കുന്നു

യുഗോസ്ലാവിയായിലെ കത്തോലിക്കാ വൈദികമേലദ്ധ്യക്ഷന്മാർ 1952 സെപ്റ്റംബർ 23 മുതൽ 26വരെ യോഗം ചേർന്നു്, ആ രാജ്യത്തു നടക്കുന്ന മതമർദ്ദനത്തെപ്പററി ചർച്ചകൾ നടത്തിയശേഷം അതുസംബന്ധിച്ചുള്ള പ്രധാന പ്രശ്നങ്ങളെ വിശദീകരിച്ചു ഒരു മെമ്മോറാണ്ഡം പ്രസിഡൻറ് മാർഷൽ ടിറേറാക്കു സമർപ്പിച്ചു. അതിലെ ഉള്ളടക്കത്തിൽനിന്നു സ്പഷ്ടമായി തെളിയുന്നുണ്ട്, ആ രാജ്യത്തു നിരീശ്വരത്വം ഔദ്യോഗികമായി ഗവർമ്മെൻറു സ്വീകരിച്ചിട്ടുണ്ടെന്നും മതങ്ങളുടെനേരെ ഭയങ്കരമായ മർദ്ദനനയം പ്രയോഗിക്കുകയാണെന്നും. മെമ്മോറാണ്ഡത്തിലെ ചില ഭാഗങ്ങൾ ഉദ്ധരിക്കാം.

നിരീശ്വരത്വമാണ് ഭരണകൂടത്തിൻെറ മതം. നിരീശ്വരത്വം സ്കൂളുകളിൽ പ്രസംഗിക്കുന്നു, യോഗങ്ങളിൽ പ്രസംഗിക്കുന്നു, പ്രസിദ്ധീകരണങ്ങൾ വഴി പ്രചരിപ്പിക്കുന്നു, സർക്കാർ ജീവനക്കാരുടേയും സൈന്യത്തിൻേറയുംമേൽ നിർബന്ധിച്ചു പ്രയോഗിക്കുന്നു. എലമെൻററിയും, മിഡിലും സ്കൂളുകളിലെ അദ്ധ്യാപകന്മാരെ പള്ളികളിൽ പോകരുതെന്നു് ഔപചാരികമായി വിലക്കുന്നു. ഈ കല്പന അനുസരിക്കാത്ത അദ്ധ്യാപകന്മാരെ ഉദ്യോഗങ്ങളിൽനിന്നു പിരിച്ചുവിടുന്നു. സർക്കാർ ജീവനക്കാരിൽ ഏററവും കൊള്ളരുതാത്ത ലക്ഷണമായി പരിഗണിക്കുന്നതു് മതാനുഷ്ഠാനമാണ്. യുഗോസ്ലാവിയൻസൈന്യത്തിലെ ഉദ്യോഗസ്ഥന്മാർക്കു തങ്ങളുടെ മക്കളെ മാമ്മോദീസാ മുക്കിക്കണമെന്നു വിചാരിക്കുവാൻപോലും ധൈര്യമില്ല. സ്കൂൾകുട്ടികളെ അവർ ഞായറാഴ്ച പള്ളിയിൽ പോകുകയോ മററേതെങ്കിലും വിധത്തിലവരുടെ മതവിചാരങ്ങൾ പ്രകാശിപ്പിക്കുകയോ ചെയ്താൽ ചോദ്യം ചെയ്യുന്നു. തങ്ങൾക്കു മതവിശ്വാസമുണ്ടെന്നോ തങ്ങൾ മതകൃത്യങ്ങൾ നിർവ്വഹിക്കുന്നുണ്ടെന്നോ ഏററുപറഞ്ഞു എന്ന കാരണത്താൽമാത്രം ചില വിദ്യാർത്ഥികളെ ട്രെയിനിംഗ് കോളേജിൽനിന്നു പുറംതള്ളിയിട്ടുണ്ട്. ശാരീരികശിക്ഷ സ്കൂളുകളിൽ കർശനമായി നിരോധിച്ചിട്ടുള്ളതാണെങ്കിലും കുട്ടികൾ കുർബാന കാണുവാനോ പള്ളിയിലെ മതോപദേശത്തിൽ പങ്കെടുക്കുവാനോ ധൈര്യപ്പെട്ടു എന്ന കാരണത്താൽ ഗ്രാമങ്ങളിലെ അദ്ധ്യാപകന്മാർ അവരെ ചിലപ്പോൾ കഠിനമായി പ്രഹരിക്കുന്നു. കുട്ടികളും മാതാപിതാക്കന്മാരും അദ്ധ്യാപകന്മാരെ ഭയന്നു് പാത്തും പതുങ്ങിയുമാണ് പലപ്പോഴും പള്ളിയിൽപ്പോലും പോകുന്നതു്. ഒരിക്കൽ ഒരു പിതാവു് തൻെറ കുട്ടിയെ തൻെറ വസ്ത്രത്തിനുള്ളിൽ മറച്ചുനിർത്തി. ഇതു കണ്ടുനിന്ന ആൾ ആശ്ചര്യപ്പെട്ടു പിതാവിനോടു ചോദിച്ചു: "നിങ്ങൾ എന്താണു ചെയ്യുതു്. നിങ്ങളുടെ മകനു ശ്വാസംമുട്ടുകയില്ലയോ?" ആ കർഷകൻ മറുപടി പറഞ്ഞു: "അദ്ധ്യാപകന്മാർ പള്ളിയിലുണ്ടു്. അവർ എൻെറ കുഞ്ഞിനെ കണ്ടാൽ പ്രഹരിക്കും." വാസ്തവത്തിൽ സ്ഥലത്തുള്ള മൂന്നു അദ്ധ്യാപകന്മാർ ആ പള്ളിയിലുണ്ടായിരുന്നു. അവർ പ്രത്യക്ഷത്തിൽ പ്രാർത്ഥിക്കുവാൻ വന്നവരല്ല, പിന്നെയോ ഏതു സ്കൂൾകുട്ടികളാണു് പള്ളിയിൽ വരുന്നതെന്നു് കണ്ടുപിടിക്കുവാൻ വന്നവരാണു്. കണ്ടുപിടിച്ചിട്ടു വേണം അവരെ പിന്നീടു് ശിക്ഷിക്കുവാൻ. യുഗോസ്ലാവിയായിലെ സകല കത്തോലിക്കാസ്കൂളുകളും നിർത്തലാക്കി. ജിംനേസ്യങ്ങൾ, ട്രെയിനിംഗ് കോളേജുകൾ, സിവിൽ കോളേജുകൾ, ടെക്നിക്കലും എലമെൻററിയും സ്കൂളുകളും കിൻറർഗാർട്ടനുകളും, ഇവയെല്ലാം പോനാത്തുബിൻെറ ഒററയടികൊണ്ടു് നിർത്തലാക്കുകയും അവ നടത്തിയിരുന്ന കെട്ടിടങ്ങൾ ഉടമസ്ഥന്മാരിൽനിന്നു് കണ്ടുകെട്ടി എടുക്കുകയും ചെയ്തു.

വൈദികവിദ്യാഭ്യാസത്തിനുവേണ്ടി സ്കൂളുകൾ സ്ഥാപിക്കാനുള്ള അവകാശം മാത്രമേ തിരുസഭയ്ക്കു അനുവദിച്ചിട്ടുള്ളു. എന്നാൽ ആ സ്കൂളുകളും ശല്യങ്ങളുള്ള വളരെ അധികം വ്യവസ്ഥകൾക്കും പരിമിതികൾക്കും വിധേയമാക്കിയിരിക്കുകയാണ്. ഉദാഹരണമായി, അവയ്ക്കു പരസ്യമായി അംഗീകാരം നിഷേധിച്ചിരിക്കുന്നു; അവയിലെ അദ്ധ്യാപകന്മാർ വേണ്ട യോഗ്യതയുള്ളവരാണെങ്കിലും, പബ്ളിക്കസ്കൂളുകളിലെ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ അവയിലെ വിദ്യാർത്ഥികൾക്കു നൽകുന്നില്ല; റയിൽവേ ചാർജിലുള്ള കുറവു്, സൈനികസേവനത്തിൻെറ കാലാവധിയുടെ ചുരുക്കം, മുതലായവയും നിഷേധിക്കപ്പെടുന്നു.

## കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ പരിപൂർണ്ണമായും നശിപ്പിച്ചു

കത്തോലിക്കാസഭ വക സകല അച്ചടിയന്ത്രങ്ങളും മററു പ്രസിദ്ധീകരണസ്ഥാപനങ്ങളും ഗവൺമെൻറു പിടിച്ചെടുത്തു. അവയ്ക്കു നഷ്ടപരിഹാരം ചെയ്തിട്ടുമില്ല. 20 വലിയ അച്ചടിസ്ഥാപനങ്ങളും പ്രസിദ്ധീകരണസംഘങ്ങളും ഒററദിവസംകൊണ്ടാണു സർക്കാരിൻെറ കൈകളിലേക്കു ചെന്നുവീണതു്. വളരെ നിസ്സാരമായുണ്ടുമുന്നു മതപരപത്രഗ്രന്ഥങ്ങൾ മാത്രമേ നിലവിലിരിക്കുന്നുള്ളു. അവയുടെ സ്വഭാവവും പ്രചാരവും വളരെ പരിമിതമാകയാൽ യുഗോസ്ലാവിയായിൽ മതപരമായ പ്രസിദ്ധീകരണങ്ങളില്ലെന്നുതന്നേ പറയാം. അവയുടെമേൽ വലിയ നികുതികൾ ചുമത്തിയിരിക്കുന്നു. സർക്കാർ പ്രസിദ്ധീകരണങ്ങളിലെ ലേഖനങ്ങളോ രാഷ്ട്രനേതാക്കന്മാരുടെ പ്രസംഗങ്ങളിലെ ഉദ്ധരണങ്ങളോ ആണു അവയിൽ പലപ്പോഴും അടങ്ങിയിരിക്കുന്നതു്. സർക്കാരിൻെറ കൈയിലിരിക്കുന്ന പ്രസിദ്ധീകരണങ്ങൾ ദിനംപ്രതി കത്തോലിക്കാസഭയേയും, മെത്രാന്മാരേയും, വൈദികരേയും ആക്രമിച്ചുകൊണ്ടിരിക്കുന്നു; സഭയുടെ വിശ്വാസത്തെ അവഹേളിക്കുകയും ചരിത്രസംഭവങ്ങളെ വികൃതമാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. അവയ്ക്കൊന്നിനും മറുപടി പറയുവാൻ പാടില്ലെന്നുള്ള സാഹചര്യങ്ങളാൽ ഈ പ്രസിദ്ധീകരണങ്ങൾ മൗനംകാത്തു സഹിക്കേണ്ടിയിരിക്കുന്നു. എല്ലാററിലും പ്രധാനമായി തങ്ങളെ ഏററവുമധികം ദുഃഖിപ്പിക്കുന്നതു "തിരുസഭയുടെ പരമാദ്ധ്യക്ഷനും ഭൂമിയിൽ ക്രിസ്തുവിൻെറ വികാരിയുമായ മാർപ്പാപ്പായെ വ്യക്തിപരമായി അസഭ്യവും കഠിനവുമായ ഭാഷയിൽ അവഹേളിക്കുന്നു" എന്നതാണെന്നു് മെമ്മോറാണ്ഡത്തിൽ മെത്രാന്മാർ പറയുന്നു.

## ദേവാലയങ്ങൾ നശിപ്പിക്കുന്നു

ചരിത്രപ്രസിദ്ധങ്ങളും കലാപരമായി വിലമതിക്കപ്പെടുന്നതുമായ പല ദേവാലയങ്ങളും സർക്കാർ പിടിച്ചെടുത്തു ധാന്യക്കലവറകളായും ചലച്ചിത്രസ്റ്റുഡിയോകളായും മററും ദുർവ്വിനിയോഗം ചെയ്യുന്നു. ചില മനോഹരദേവാലയങ്ങൾ മൈനിട്ടു നശിപ്പിച്ചിരിക്കുന്നു. മററു പലതും അടച്ചുപൂട്ടിയിരിക്കുന്നു. ഇവയുടെ വിവരണങ്ങൾ മെമ്മോറാണ്ഡത്തിൽ കൊടുത്തിട്ടുണ്ടു്. ഘോഷയാത്രകൾ, മതപരമായ മററാഘോഷച്ചടങ്ങുകൾ, ഇവയെല്ലാം രാജ്യത്തിൻെറ മിക്ക ഭാഗങ്ങളിലും ഓരോ വിധത്തിൽ തടഞ്ഞിരിക്കുകയാണ്. മതപ്രസംഗത്തിനുള്ള സ്വാതന്ത്ര്യവും അപകടത്തിലായിരിക്കുന്നു. വേദപുസ്തകവാക്യങ്ങൾ ഉദ്ധരിക്കുകയും അവയ്ക്കു് വിശദീകരണം നൽകുകയും ചെയ്യുമ്പോൾ അവയിൽ സർക്കാറിനെതിരായും നിലവിലുള്ള സാമുദായികവ്യവസ്ഥിതിക്കെതിരായും ആക്ഷേപങ്ങളുണ്ടെന്നു വൈദികരുടെമേൽ കുററമാരോപിക്കുന്നു. മക്കൾ നിരീശ്വരന്മാരാകാൻ ഇടവരുത്തരുതെന്നു് മാതാപിതാക്കന്മാരെ ഉദ്ബോധിപ്പിക്കുവാൻ വൈദി

(ശേഷം 11-ാം പേജിൽ)

ചിലതു ചെയ്യുവാൻ" എന്നതായിരിക്കണം. "എന്നെക്കൊണ്ടു് എല്ലാം ചെയ്യുവാൻ കഴിഞ്ഞില്ലെങ്കിലും കുറച്ചെല്ലാം ചെയ്യുവാൻ കഴിയു"മെന്ന ശുഭാപ്തിവിശ്വാസം നമ്മെ നയിക്കണം. നാം എത്ര നിസ്സാരരായിരുന്നാലും, ദൈവത്തിനു കഴിയും നമ്മെ തൻെറ പ്രവൃത്തനത്തിനുപകരണമാക്കുവാൻ. "വിജ്ഞാനികളെ ലജ്ജിപ്പിക്കുവാൻ ലോകത്തിലെ ഭോഷന്മാരെ ദൈവം തിരഞ്ഞെടുത്തു; ശക്തന്മാരെ ലജ്ജിപ്പിക്കുവാൻ ബലഹീനന്മാരെയും തിരഞ്ഞെടുത്തു" എന്ന പൗലോസ്ശ്ലീഹായുടെ പ്രബോധനം നമുക്കു പ്രചോദനം തരുന്നില്ലേ?

നീതി ഞെരുക്കപ്പെടുമ്പോൾ, സത്യം അസത്യത്തിനുവേണ്ടി ബലിചെയ്യപ്പെടുമ്പോൾ, കർത്തവ്യബോധമുള്ള ഒരു സ്വരാജ്യസ്നേഹിക്കു കഴിയുമോ, തൻെറ കർത്തവ്യത്തെ കർമ്മപഥത്തിൽ കൊണ്ടുവരാതിരിക്കുവാൻ? അവൻ നീതിക്കുവേണ്ടി പടപൊരുതും. സത്യത്തിനുവേണ്ടി വാദിക്കും. അങ്ങനെ സത്യവും നീതിയും രാജ്യത്തിനു പ്രദാനംചെയ്യും. നാം പലപ്പോഴും അപലപിക്കാറില്ലേ അയൽക്കാരുടെ ആദർശരഹിതമായ ജീവിതരീതിയെപ്പററി? അതിൽ നാം അമർഷംകൊള്ളാറില്ലേ? എന്നാൽ അതു ദൂരീകരിക്കുവാൻ നാമെന്തുചെയ്യുന്നു? അങ്ങനെയുള്ള സാഹചര്യങ്ങളിൽ നമ്മുടെജീവിതരീതി ആദർശപരമായിരിക്കുമോ? "അന്ധകാരത്തെ പഴിക്കുന്നതിൽ ഭേദം ഒരു തിരി കത്തിച്ചു് അതിനെ ദൂരീകരിക്കുയാണെന്ന" ചൈനീസു് പഴഞ്ചൊല്ല് ആധുനികജനതയ്ക്കും പററിയതല്ലേ?

സ്വദേശാഭിമാനികളേ! നമ്മുടെ ദേശാഭിമാനം സത്യപ്രചാരണം വഴി വ്യക്തമാകട്ടെ. സത്യസ്വരൂപനായ ക്രിസ്തു, ജീവിതത്തിൻെറ ഏതു തുറകളിലും മാർഗ്ഗദർശനം നൽകട്ടെ. നമ്മുടെ ജീവിതം ക്രിസ്തുവിൻെറ ആദർശത്തെ പ്രതിബിംബിക്കട്ടെ. മധുവുണ്ണുവാനായി ഭൃംഗവൃന്ദം പുഷ്പങ്ങളിലേക്കു് ആകൃഷ്ടമായിക്കൊള്ളും.

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത. വൈകിയതിനു് ക്ഷമാപണം.

എന്നു്, വടക്കൻ ഫ്റാൻസീസ് അബ്രാഹം.

നിത്യമായ സന്തോഷത്തിന്

പണമാണ് മനുഷ്യനെ സന്തോഷവാനും ദുഃഖിതനുമാക്കുന്നതു്. ജീവിതത്തിലെ ഓരോ പ്രധാന സന്ദർഭത്തിലും പണം അപരിത്യാജ്യമായ ഒരു വസ്തുവാണ്. എല്ലാ മാസത്തിലും നിങ്ങളുടെ വരുമാനത്തിൽ ഒരു ക്ലിപ്തമായ അംശം ബാങ്കിൽ നിക്ഷേപിക്കുക. അങ്ങനെ ആ തുക വർദ്ധിച്ച് ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ അതു നിങ്ങൾക്ക് ധൈര്യവും പ്രചോദനവും തരുവാൻ തക്കവണ്ണം മതിയായ ഒരു സംഖ്യയായി രൂപാന്തരപ്പെടും. നിങ്ങളുടെ നിക്ഷേപങ്ങൾക്ക്.

ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം.
ഹെഡ് ആഫീസ്. ചങ്ങനാശ്ശേരി

ബ്രാഞ്ചുകൾ
ആലപ്പുഴ — അതിരമ്പുഴ — കോഴിക്കോട്
ചങ്ങനാശ്ശേരി — എടത്വാ — കോട്ടയം
മുണ്ടക്കയം — തിരുവനന്തപുരം
കാഞ്ഞിരപ്പള്ളി

K.P.S

# "കത്തോലിക്കാ യൂണിവേഴ്സിറ്റി"

## അമേരിക്കൻ കത്തോലിക്കരുടെ ശക്തികേന്ദ്രം

(റവ. കെ. മ്യാലിൽ—അമേരിക്ക)

ശാസ്ത്രീയമായും സാമ്പത്തികമായും അമേരിക്കയിലുണ്ടായിട്ടുള്ള അഭിവൃദ്ധി അതിശയനീയമാണു്. മററുള്ളവർ ആഡംബരങ്ങളായി കരുതുന്ന റേഡിയോ, ടെലവിഷൻ മോട്ടോർകാർ തുടങ്ങിയ ആധുനികോപകരണങ്ങൾ ഇവിടത്തെ സാധാരണക്കാർക്കുപോലും അപരിത്യാജ്യങ്ങളായ അനുദിനാവശ്യങ്ങളായിത്തീർന്നിരിക്കുന്നു.

ഈദൃശമായ സുഖസൗകര്യാദികളുടെ ഫലമായി ആദ്ധ്യാത്മിക കാര്യങ്ങളെപ്പററി ചിന്തിക്കുവാനോ അവയ്ക്കു് യഥാർഹമായ സ്ഥാനം നൽകുവാനോ അമേരിക്കക്കാരനു സാധിക്കുന്നില്ല എന്നു പൊതുവേ ഒരു ആക്ഷേപമുണ്ടു്. സർവ്വസാധാരണമായിത്തീർന്നിരിക്കുന്ന ഈ ലൗകായതികത്വം ഇവിടത്തെ കത്തോലിക്കരേയും ബാധിക്കാതിരിക്കുന്നില്ലെങ്കിലും, മൗലികമായ കാര്യങ്ങളിൽ അവർ വളരെ ഉണർവ്വോടും തന്റേടത്തോടുംകൂടിയാണു് പെരുമാറുന്നതെന്നും തൽഫലമായി സഭയ്ക്കു് ഇന്നു അന്യാദൃശമായ ഒരു സ്ഥാനമാണു് ഇവിടെയുള്ളതെന്നും സകലരും സമ്മതിക്കും.

ഇന്നാട്ടിലെ കമ്മ്യൂണിസ്റ്റ് പ്രവർത്തകരെ തേടിപ്പിടിക്കുന്നതിൽ വ്യാപൃതരായിരിക്കുന്ന മക്കാർത്തി കമ്മിററി ഒരൊററ വിധ്വംസക പ്രവർത്തകനെപ്പോലും യാതൊരു കത്തോലിക്കാ സ്ഥാപനത്തിലും ഇതേവരെ കണ്ടെത്തിയിട്ടില്ല. എന്നാൽ സുപ്രസിദ്ധങ്ങളായ പല അകത്തോലിക്കാ വിദ്യാഭ്യാസകേന്ദ്രങ്ങളിലും ധാരാളം കമ്മ്യൂണിസ്റ്റനുഭാവികളുണ്ടെന്നു അവർ വെളിപ്പെടുത്തിയിരിക്കുന്നു. 1930 മുതൽ ഈ നാട്ടിലെ കമ്മ്യൂണിസ്റ്റ് പ്രവർത്തനങ്ങളെപ്പററി ശരിയായ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ഡോ. ജെ. ബി. മാത്യൂസ് "Ok" എന്ന മാസികയിൽ കഴിഞ്ഞ നവംബർമാസത്തിൽ പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തിൽ ഇവിടത്തെ പ്രോട്ടസ്റ്റൻറു് വൈദികരിൽ 7000 പേർ കമ്മ്യൂണിസ്റ്റനുഭാവികളോ, കമ്മ്യൂണിസ്റ്റ് പ്രചാരകരോ ആണെന്നും എന്നാൽ ആ ഇനത്തിൽ പെടുത്തുവാൻ കത്തോലിക്കാ വൈദികരിൽ ആരുമില്ല എന്നും പ്രസ്താവിക്കുന്നു. വില്യം ജെയിംസ്, ഡ്യൂയി മുതലായ വിദ്യാഭ്യാസപ്രവർത്തകരുടെ നേതൃത്വത്തിൽ പബ്ലിക്കു്സ്കൂളുകളിലും യൂണിവേഴ്സിറ്റികളിലും ദൈവത്തേയും മതത്തേയും അവഗണിച്ചുകൊണ്ടു് വിദ്യാർത്ഥികളെ ലൗകികസുഖസമ്പാദനത്തിനായി മാത്രം പരിശീലിപ്പിച്ചുകൊണ്ടുവന്നപ്പോൾ, ഇവിടത്തെ കത്തോലിക്കർ നിരവധി ത്യാഗങ്ങൾ സഹിച്ചു് സ്വന്തം സ്കൂളുകൾ നടത്തി അവയിൽ മതത്തിനും സന്മാർഗ്ഗത്തിനും യഥാർഹമായ സ്ഥാനം നൽകി എന്നതാണു് ഈ വ്യത്യാസത്തിനു കാരണം. "അറിയാത്ത പിള്ള ചൊറിയുമ്പോളറിയും" എന്നു നാടോടിഭാഷയിൽ പറയാറുള്ളതുപോലെ ദുസ്സഹങ്ങളായ അനുഭവംകൊണ്ടു് കത്തോലിക്കേതരർ ഈ യാഥാർത്ഥ്യം ഇന്നു മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണു്. തൽഫലമായി ഇവിടത്തെ പല വിദ്യാഭ്യാസ സ്ഥാപനങ്ങളേയും നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ഭൗതികാത്മകമായ തത്വശാസ്ത്രം പുറംതള്ളിയിട്ടു, കത്തോലിക്കാ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന തത്വശാസ്ത്രം (Scholastic Philosophy) വീണ്ടും പ്രചരിപ്പിച്ചാൽ മാത്രമേ യുവജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന അച്ചടക്കരാഹിത്യം പരിഹരിച്ചു് ജനായത്തഭരണം നിലനിറുത്തുവാൻ സാധിക്കുകയുള്ളു എന്നു ചില പ്രോട്ടസ്റ്റൻറു പണ്ഡിതന്മാരും ഇന്നു വാദിക്കുവാൻ തുടങ്ങിയിരിക്കുന്നു. ഡോ. ഹച്ചിൻസ്, ഡോ. ആഡ്ലർ മുതലായവർ ഈ അഭിപ്രായക്കാരാണു്. മാത്രവുമല്ല പ്രോട്ടസ്റ്റൻറുസഭയിൽനിന്നും കത്തോലിക്കാസഭയിലേക്കു് ധാരാളം മതപരിവർത്തനങ്ങളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

ഈ നാട്ടിൽ തിരുസ്സഭയുടെ നിലയും വിലയും ഇത്ര അഭികാമ്യമാക്കിത്തീർക്കുവാൻ സഹായിച്ചിട്ടുള്ള വിവിധ ഘടകങ്ങളിൽ പ്രമുഖസ്ഥാനം ഇവിടത്തെ കത്തോലിക്കാ യൂണിവേഴ്സിററിക്കാണു നൽകേണ്ടതു്. ഇവിടെ പ്രശസ്തമായി നടത്തിക്കൊണ്ടിരിക്കുന്ന പല കത്തോലിക്കാ സ്ഥാപനങ്ങളിൽ ഒന്നുമാത്രമല്ല അതു്. ഇതരസ്ഥാപനങ്ങൾ ഏതെങ്കിലും ഒരു സന്യാസസമൂഹത്തിൻേറയോ മിസത്തിൻേറയോ ആഭിമുഖ്യത്തിൽ നടത്തുമ്പോൾ കത്തോലിക്കാ യൂണിവേഴ്സിററിയാകട്ടെ അമേരിക്കൻ ഹൈരാർക്കിയുടെ വകയായി, ഇവിടത്തെ 4 കർദ്ദിനാളന്മാർ, 26 മെത്രാപ്പോലീത്താമാർ, 163 മെത്രാന്മാർ, എന്നിവരുടെ ഭരണത്തിലും സംരക്ഷണത്തിലും 30,425,015 ജനങ്ങളുടെ ഉടമസ്ഥതയിലും, പരിശുദ്ധപിതാവിൻെറ നേരിട്ടുള്ള നിയന്ത്രണത്തിലും നടത്തപ്പെടുന്നു.

ഈ സർവ്വകലാശാല എന്തിനായി നിലകൊള്ളുന്നു എന്നു താഴെ പറയുന്ന ഉദ്ദേശ്യപ്രഖ്യാപനത്തിൽ (aim) നിന്നും വ്യക്തമാകുന്നു. "ശാസ്ത്രീയമായ ഗവേഷണാവഴി സത്യം കണ്ടുപിടിച്ചു അതിനെ പരിരക്ഷിച്ചു. പരസ്യവും രഹസ്യവുമായ ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനാണു് കത്തോലിക്കായൂണിവേഴ്സിററി നിലകൊള്ളുന്നതു്. ഇവിടെ അഭ്യസനം നടത്തുന്ന വിദ്യാർത്ഥികളുടെ മാത്രമല്ല, അമേരിക്കൻ ഐക്യനാടുകളിലെ സകല കത്തോലിക്കരുടേയും അഭ്യുന്നതിക്കായി പ്രവർത്തിക്കുന്ന ഈ സർവ്വകലാശാല സ്കൂളുകൾ, കോളേജുകൾ, സെമിനാരികൾ, തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ട അദ്ധ്യാപകന്മാരെ പരിശീലിപ്പിച്ചും മററും അവയെ സഹായിക്കുക എന്ന കൃത്യത്തിലാണു് വ്യാപൃതമായിരിക്കുന്നതു്. ആകയാൽ ഇതു് ഈ നാട്ടിലെ കത്തോലിക്കാസംസ്കാരത്തിൻേറയും വിജ്ഞാനത്തിൻേറയും കേന്ദ്രമായി പരിലസിക്കേണ്ടതും, സകലരാലും അപ്രകാരം പരിഗണിക്കപ്പെടേണ്ടതുമാണു്."

മേലുദ്ധരിച്ച ഉദ്ദേശ്യപ്രഖ്യാപനം എന്നുമാത്രം പ്രായോഗികമായിത്തീർന്നിട്ടുണ്ടു് എന്നു ഗ്രഹിക്കുവാൻ ഇതിൻെറ ചരിത്രം, പ്രവർത്തനം എന്നിവയെപ്പററി സംക്ഷിപ്തമായിട്ടെങ്കിലും ഗ്രഹിക്കേണ്ടിയിരിക്കുന്നു. 1866-ൽ അമേരിക്കായിലെ മെത്രാന്മാർ ബാൾട്ടിമൂറിൽ സമ്മേളിച്ചപ്പോഴാണു് "ആദ്ധ്യാത്മികവും ഭൗമികവുമായ ശാസ്ത്രങ്ങളുടേയും സാഹിത്യങ്ങളുടേയും സകല വിഭാഗങ്ങളിലും വിജ്ഞാനം പ്രദാനംചെയ്യുവാൻ പര്യാപ്തമായ ഒരു കത്തോലിക്കാ കേന്ദ്രം" ഉണ്ടാകേണ്ട ആവശ്യകതയെപ്പററി ആദ്യമായി ചിന്തിച്ചതു്. എന്നാൽ 1884-ൽ അവരുടെ കൗൺസിൽ വീണ്ടും കൂടിയപ്പോൾ മാത്രമേ അതു പ്രായോഗികരൂപം പ്രാപിച്ചുള്ളു. മെത്രാന്മാരും അത്മായപ്രമുഖരുംചേർന്നു രൂപവൽകൃതമായ യൂണിവേഴ്സിററി കമ്മിററി, മിസ് മേരി കോഡ്വെൽ എന്ന വനിത സംഭാവനചെയ്ത മൂന്നുലക്ഷം ഡോളർ ഉപയോഗിച്ചുകൊണ്ടു് പ്രവർത്തനമാരംഭിച്ചു. ഈ രാജ്യത്തിൻെറ തലസ്ഥാനമായ വാഷിംഗ്ടൺനഗരത്തിൽ പ്രകൃതിരമണീയവും ആരോഗ്യപ്രദവുമായ ഒരു ഭാഗത്തു് അറുപതേക്കർ സ്ഥലംവാങ്ങി അവിടെ കോഡ്വെൽഹാൾ പണിയുകയും 1887 ഏപ്രിൽ 10-ാം തീയതി 13-ാം ലിയോൻ മാർപ്പാപ്പായിൽനിന്നും ഔദ്യോഗികാനുമതി ലഭിച്ചതിനെത്തുടർന്നു് ദൈവശാസ്ത്രപഠനം തുടങ്ങുകയുംചെയ്തു. 1889-ൽ യൂണിവേഴ്സിററിയുടെ നിയമാവലി അംഗീകരിച്ചതോടുകൂടി ഡിഗ്രികൾ നൽകുവാനുള്ള അനുവാദവും ലഭിച്ചു.

ഈ നാട്ടിലെ കത്തോലിക്കരുടെ വകയായി നടത്തുന്ന ഈ സ്ഥാപനത്തെ സഹായിക്കുവാൻ അവരിൽ ഓരോരുത്തർക്കും അവസരം നൽകണമെന്നു ഇവിടത്തെ മെത്രാന്മാർ അപേക്ഷിച്ചതനുസരിച്ചു് ആഗമനകാലത്തെ ആദ്യഞായറാഴ്ച എല്ലാ ദേവാലയങ്ങളിലുംയൂണിവേഴ്സിററിക്കായി ഒരു ധനശേഖരം നടത്തുന്നതിനു് 1903-ൽ 10-ാം പീയൂസ് മാർപ്പാപ്പാ അനുമതിനൽകി. അന്നുമുതൽ ജനങ്ങളിൽനിന്നും പ്രതിവർഷം ലഭിക്കുന്ന സംഭാവനകൊണ്ടു് ഈ സ്ഥാപനം അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ ഇനത്തിൽ കഴിഞ്ഞ കൊല്ലം ലഭിച്ചതു് പതിനൊന്നരലക്ഷം ഡോളറാണെന്നറിയുമ്പോൾ ഈ വിദ്യാഭ്യാസകേന്ദ്രത്തെ ഇവിടത്തെ കത്തോലിക്കർ എത്ര കാര്യമായിട്ടാണു് മതിക്കുന്നതെന്നു് വ്യക്തമാകുന്നുണ്ടല്ലോ.

സകലരുടേയും സജീവമായ സഹകരണത്തിൻേറയും ഉദാരമായ സംഭാവനയുടേയും ഫലമായി കത്തോലിക്കായൂണിവേഴ്സിററി ഇന്നു മുഖ്യമുള്ള പ്രശസ്ത സ്ഥാപനങ്ങളിൽ ഒന്നായിത്തീർന്നിരിക്കുന്നു. ഇവിടെ ദൈവശാസ്ത്രം, തത്വശാസ്ത്രം; കാനോൻ നിയമം, വിവിധരാജ്യനിയമങ്ങൾ; കലകൾ; രസതന്ത്രം; ഊർജ്ജതന്ത്രം; ജന്തുശാസ്ത്രം; എൻജിനീയറിംഗ്; സാമൂഹ്യശാസ്ത്രം എന്നിങ്ങനെ ഒട്ടുമിക്ക വിജ്ഞാനശാഖകളിലും പ്രശസ്തമായ ശിക്ഷണം നൽകുന്ന വിവിധ സ്ഥാപനങ്ങളുണ്ടു്. രാജ്യാന്തരസമ്മതിയും അംഗീകരണവും സിദ്ധിച്ചിട്ടുള്ള പ്രശസ്ത ഡിഗ്രികൾ ഓരോ വിഷയത്തിലും സർവ്വകലാശാല നൽകുകയും ചെയ്യുന്നു.

ഈ വിവിധവിഭാഗങ്ങളുടെ വിജയകരമായ പ്രവർത്തനത്തിനു വേണ്ടി സജ്ജീകരിച്ചിട്ടുള്ള ലാബ്രട്ടറികൾ, ലൈബ്രറികൾ മുതലായവയെപ്പററി വിവരിക്കുവാൻ ഒരു പ്രത്യേകലേഖനം തന്നെ വേണ്ടിവരും. ഓരോ വിഭാഗത്തിനുമുള്ള പ്രത്യേക ലൈബ്രറിക്കു പുറമെ 450,000 പുസ്തകങ്ങളുള്ള ഒരു പൊതുഗ്രന്ഥശാലയുമുണ്ടു്. ഇവയിലില്ലാത്ത ഏതെങ്കിലും പുസ്തകം ആവശ്യമുള്ളവർക്കു് ലോകത്തിലെ ഏററവും വലിയ ലൈബ്രറിയായി പരിഗണിക്കപ്പെട്ടുവരുന്ന കോൺഗ്രസ്സിൻെറ ലൈബ്രറി (library of congress) യിൽനിന്നും അവ ലഭിക്കാവുന്നതാണു്. പ്രസ്തുത ഗ്രന്ഥശാലയിൽ പല മലയാളം പുസ്തകങ്ങളും ദീപിക, മാതൃഭൂമി എന്നീ ദിനപ്പത്രങ്ങളുമുണ്ടെന്നറിയുമ്പോൾ അതിൻെറ വൈപുല്യം ഏകദേശം ഊഹിക്കുവാൻ സാധിക്കും. പലതരത്തിലുള്ള കായികാഭ്യാസങ്ങൾ, ആരോഗ്യസംരക്ഷണം, ഭക്ഷണത്തിനും താമസത്തിനുമുള്ള സൗകര്യങ്ങൾ, വിവിധ സമാജങ്ങൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങി വിദ്യാർത്ഥികളുടെ നാനാമുഖങ്ങളായ അഭിവൃദ്ധിക്കുപകരിക്കുന്ന എല്ലാ സൗകര്യങ്ങളും ഇവിടെ നൽകുന്നുണ്ടു് എന്നു സംക്ഷിപ്തമായി പ്രസ്താവിക്കുവാനേ നിവൃത്തിയുള്ളു.


കാതോലികം എന്ന പദത്തെ അന്വർത്ഥമാക്കിക്കൊണ്ടു്, "നാനാഭാഗങ്ങളിൽനിന്നും സകലവിധ വിജ്ഞാനങ്ങളും സമ്പാദിക്കുന്നതിനു് വിദ്യാർത്ഥികൾ സമ്മേളിക്കുന്ന സ്ഥലം "എന്ന ന്യൂമാൻെറ നിർവചനം പ്രത്യക്ഷരം നിറവേററുന്ന ഒരു സ്ഥാപനമാണു് ഇവിടത്തെ കത്തോലിക്കാ യൂണിവേഴ്സിററി. ഐക്യസംസ്ഥാനത്തിൻെറ വിവിധഭാഗങ്ങളിൽനിന്നു മാത്രമല്ല, തെക്കെ അമേരിക്ക, ജപ്പാൻ, ചൈന, കൊറിയ, ഫിലിപ്പൈൻ, ഇൻഡ്യ, യൂറോപ്പു്, ആഫ്രിക്ക എന്നുവേണ്ട ലോകത്തിൻെറ എല്ലാ ഭാഗങ്ങളിൽനിന്നുമായിവന്നുചേർന്നിട്ടുള്ള 3085 വിദ്യാർത്ഥിനീവിദ്യാർത്ഥികൾ ഇവിടെ അഭ്യസനം നടത്തിക്കൊണ്ടിരിക്കുന്നു. ഇവരിൽ ബഹുഭൂരിപക്ഷവും ഉന്നതവിദ്യാഭ്യാസാർത്ഥം വന്നുചേർന്നിട്ടുള്ളവരാണു്. അവരുടെ വിഭാഗം തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു.

| | |
|---|---|
| വൈദികരും സെമിനാരിക്കാരും | 903 |
| കന്യാസ്ത്രീകൾ | 201 |
| പുരുഷന്മാർ | 1372 |
| സ്ത്രീകൾ | 909 |

തങ്ങളുടെ വിദ്യാർത്ഥികളിൽ ഉന്നതവിദ്യാഭ്യാസത്തിനു് അർഹരായവർക്കു് അതിനു സൗകര്യം നൽകുന്നതിനും, മററുള്ളവർക്കു് യൂണിവേഴ്സിററിയുമായുള്ള സാമീപ്യവും സമ്പർക്കവുംകൊണ്ടു് പ്രയോജനം ലഭിക്കുന്നതിനുമായി നാല്പതു സന്യാസസമൂഹങ്ങളുടെ സെമിനാരികൾ യൂണിവേഴ്സിററിയുടെ പരിസരങ്ങളിലായി സ്ഥാപിച്ചിട്ടുള്ളതിനും പുറമെ വിവിധസമൂഹങ്ങളിൽപ്പെട്ട സന്യാസിനികൾക്കായി "സഹോദരികളുടെ കോളേജ്" (Sisters' College) എന്നറിയപ്പെടുന്ന മറെറാരു കെട്ടിടവുമുണ്ടു്. ഇടവക വൈദികർക്കും മററു വിദ്യാർത്ഥികൾക്കും താമസിക്കുന്നതിനുള്ള കെട്ടിടങ്ങൾ യൂണിവേഴ്സിററി വളപ്പിൽത്തന്നെയാണു് സ്ഥിതിചെയ്യുന്നതു്.

ഈ രാജ്യത്തെ കത്തോലിക്കാ വിദ്യാലയങ്ങൾക്കു് അവയുടെ ഉൽകൃഷ്ടകൃത്യം സമർത്ഥമായി നിർവഹിക്കുവാൻ ഈ യൂണിവേഴ്സിററി സഹായകമായിരിക്കണമെന്നു് പരിശുദ്ധപിതാവു് നിർദ്ദേശിച്ചതനുസരിച്ചു 175 കോളേജുകളും 40 ടെയിനിംഗു കോളേജുകളും 24 നെഴ്സിങ്ങ

സി. അൽഫോൻസായുടെ സഹായത്താൽ എൻെറ രോഗം മാറിക്കിട്ടിയതിനു ഉപകാരസ്മരണ.
അടപ്പൂർ ഉലഹന്നൻ വർക്കി
ഉടുമ്പന്നൂർ



യൂണിവേഴ്സിററി ചാൻസലർ ഒബോയിൽ മെത്രാപ്പോലീത്താ പ്രസിഡൻറു് ഐസനോവറിനു് "ഡോക്ടർ ഓഫ് ലോസ്" എന്ന ഡിഗ്രിയുടെ ഔദ്യോഗികരേഖ സമർപ്പിക്കുന്നു. കർദ്ദിനാൾ മൂണിയെയാണു് അവരുടെ മദ്ധ്യത്തിൽ കാണുന്നതു്.



ബിഷപ്പ് മക്കൻെറഗാർട്ടു് (റെക്ടർ), മോൺ. ഹന്നാൻ (വൈസ് റെക്ടർ), ഫാദർ മഗ്നൻ (പ്രൊക്യൂറേറർ)

സ്കൂളുകളും, 425 ഹൈസ്കൂളുകളും ഈ സർവ്വകലാശാലയോട് അഫിലിയേററ (affiliate) ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ വ്യക്തിത്വവും സ്വാതന്ത്ര്യവും നഷ്ടപ്പെടുത്താതെ അവയ്ക്ക് ആവശ്യമായ ഉപദേശങ്ങളും സഹായങ്ങളും ഈ യൂണിവേഴ്സിററി സദാ നൽകിക്കൊണ്ടാണിരിക്കുന്നതു്.

ഈ സ്ഥാപനത്തിന്റെ ഭരണകൂടം അതിന്റെ മഹനീയ സ്ഥാനത്തിനനുയോജ്യമായ ഒന്നുതന്നെയാണ്. ഭരണനിർവ്വഹണസമിതിയിൽ ഇവിടത്തെ സകല മെത്രാപ്പോലീത്താമാരും, തിരഞ്ഞെടുക്കപ്പെട്ട ചില മെത്രാന്മാരും അത്മേനികളും ഉൾപ്പെടെ അമ്പതു അംഗങ്ങളാണുള്ളതു്. തലസ്ഥാനനഗരമായവാഷിംഗ്ടണിലെ മെത്രാപ്പോലീത്തായാണ് അതിന്റെ ചാൻസലർ. റെക്ടറായി ഉന്നതവിദ്യാഭ്യാസവും പരിചയസമ്പത്തുമുള്ള ഒരു മെത്രാനെയാണു് നിയമിക്കുന്നതു്. നിയമനം നടത്തുന്നതു് പരിശുദ്ധപിതാവുതന്നെ. ഈ സ്കൂൾവർഷാരംഭത്തിൽ നിയമിതനായ പുതിയ റെക്ടർ ഇവിടെനിന്നു തന്നെ ഉന്നതബിരുദം സമ്പാദിച്ചയാളും ന്യൂയോക്കിലെ ഓഗ്ഡൻസ്ബർഗ് (Ogdensburg) രൂപതയുടെ മെത്രാനായി പത്തുകൊല്ലം ഭരണംനടത്തിയ ആളുമായ മക്കെൻറഗാർട്ട് (McEntegart) എന്ന ഒരു തികഞ്ഞ പണ്ഡിതനാണു്.

ഇവിടത്തെ അഭ്യസനരീതിയിൽ പല പ്രത്യേകതകളുമുണ്ട്. അവയിൽ സർവ്വപ്രധാനമായതു് വിദ്യാഭ്യാസം മതത്തിലും സന്മാർഗ്ഗത്തിലും അധിഷ്ഠിതവും അവയാൽ ആവൃതവുമാകുന്നു എന്നതാണ്. ഇവിടെനിന്നു ജീവിതരംഗത്തേക്കിറങ്ങുന്ന ഓരോരുത്തർക്കും അവരവരുടെ വിഷയങ്ങളിൽ ഇതരസ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്നതിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു പരിശീലനം സിദ്ധിക്കുന്നതോടുകൂടി അവരുടെ അനന്തജീവിതത്തെ മുൻനിറുത്തിക്കൊണ്ടു പ്രവർത്തിക്കുന്നതിനുള്ള കഴിവും സിദ്ധിക്കുന്നു.

വിദ്യാർത്ഥിനീവിദ്യാർത്ഥികളെ സദാ സ്വാഗതംചെയ്തുകൊണ്ടു യൂണിവേഴ്സിററി വളപ്പിൽ നിലകൊള്ളുന്ന വിവിധദേവാലയങ്ങളെ ഈ ശക്തികേന്ദ്രത്തിൽ ആദ്ധ്യാത്മികശക്തിയുല്പാദിപ്പിക്കുന്ന ഡയനാമോകളായി കണക്കാക്കാവുന്നതാണ്. അവയിൽ സർവ്വപ്രധാനവും സകലതിനും മകുടംചൂടുന്നതും അമേരിക്കൻ ജനതയുടെ വകയായി അമലോത്ഭവമാതാവിനു പ്രതിഷ്ഠിച്ചിരിക്കുന്ന ബ്രഹ്മാണ്ഡദേവാലയ (The National Shrin of the Immaculate Conception) മാണ്. അതിന്റെ അടിനിലമാത്രമേ (Crypt) പൂർത്തിയായിട്ടുള്ള എങ്കിലും നാനാഭാഗങ്ങളിൽനിന്നും അനുദിനം നിരവധി ഭക്തജനങ്ങൾ അതു സന്ദർശിച്ചു അനുഗ്രഹാശിസ്സുകൾ സമ്പാദിച്ചുകൊണ്ടിരിക്കുന്നു.

നാടിന്റെ വിവിധഭാഗങ്ങളിൽ വിദ്യാദാനത്തിൽ വ്യാപൃതരായിരിക്കുന്ന അദ്ധ്യാപകന്മാർക്കും ഉന്നതവിദ്യാഭ്യാസത്തിനും ഗവേഷണത്തിനും സൗകര്യം നൽകുവാൻവേണ്ടി അവധിക്കാലത്തു പ്രത്യേക ക്ലാസ്സുകൾ ഇവിടേയും, ഈ യൂണിവേഴ്സിററിയുടെ ആഭിമുഖ്യത്തിൽ കാലിഫോർണിയാ, ഇല്ലിനോയി, ഇയോവാ എന്നീ സ്ഥലങ്ങളിലും നടത്തുന്നുണ്ട്. അവയിൽ അഞ്ചുകൊല്ലക്കാലം തുടർച്ചയായി പഠിക്കുന്നവർക്കു ഡിഗ്രിയും സമ്പാദിക്കാവുന്നതാണ്.

അമേരിക്കൻ ഹയരാക്കിയുടെ വാർഷികസമ്മേളനം നടത്തുന്നതും, ഇവിടത്തെ കത്തോലിക്കരെ ആകമാനം ബാധിക്കുന്ന തീരുമാനങ്ങൾ ചെയ്യുന്നതും ഈ സർവ്വകലാശാലയിൽ വച്ചുതന്നെയാണ്. ഇക്കൊല്ലം മെത്രാന്മാരുടെ കോൺഫറൻസിനെ തുടർന്നു നടത്തിയ കോൺവൊക്കേഷനിൽവച്ചാണ് പ്രസിഡണ്ട് ഐസനോവറിനു "ഡോക്ടർ ഓഫ് ലോസ്" എന്ന ബഹുമതി നൽകിയതു്.

ഇങ്ങനെ ഈ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും വിദ്യ അഭ്യസിപ്പിക്കുന്നതിനു് അദ്ധ്യാപകന്മാരേയും, വിവിധ ജീവിതതുറകളിൽ സജീവമായ കത്തോലിക്കാചൈതന്യത്തോടുകൂടി സേവനമനുഷ്ഠിക്കുന്നതിനു് യുവതീയുവാക്കന്മാരേയും പരിശീലിപ്പിച്ചയക്കുന്നതും, അമേരിക്കൻ ജനതയ്ക്കു് സദാ ആദ്ധ്യാത്മികപ്രചോദനം നൽകിക്കൊണ്ടിരിക്കുന്നതുമായ ഈ ഉൽകൃഷ്ടസ്ഥാപനം ഇവിടത്തെ കത്തോലിക്കരുടെ ആദ്ധ്യാത്മികശക്തികേന്ദ്രമാണെന്നുള്ളതു സ്പഷ്ടമാണല്ലോ. ഈദൃശമായ ഒരു കേന്ദ്രസ്ഥാപനം ഭാരതത്തിൽ പ്രായോഗികമാകുമോ എന്നതു സകലരുടേയും ചിന്താവിഷയമാകേണ്ടതാണ്.

തിരുസഭാചരിത്രം 21

# മാക്സിമിനസ് ത്രാക്സിന്റെയും ഡിഷ്യസിന്റെയും മതപീഡനങ്ങൾ

(പ്രഫസർ പി. ററി. തോമസ് എം. എ.)

മുൻലേഖനത്തിന്റെ അവസാനഭാഗത്തു് മാക്സിമിനസ് ചക്രവർത്തി നടത്തിയ ക്രൈസ്തവപീഡനത്തെപ്പററി സൂചിപ്പിച്ചിട്ടുണ്ട്. ഇതു് പ്രധാനപ്പെട്ട മതപീഡനങ്ങളിൽ ആറാമത്തേതാണ്. മാക്സിമിനസ് (Maximinus Thrax അഥവാ Maximin the Thracian) അസാധാരണ കായബലമുള്ള ഒരു പ്രാകൃതനായിരുന്നു. ദീർഘനാൾ സൈനികവൃത്തിയിൽ ഏർപ്പെട്ടു് അലഞ്ഞുതിരിഞ്ഞതിന്റെ ശേഷം അയാൾ ഭരണാധികാരം കരസ്ഥമാക്കി. ക്രിസ്തുമതാധികാരികളേയും മതപ്രബോധകന്മാരേയും വേട്ടയാടി നശിപ്പിച്ചു് തിരുസഭയെ ഉന്മൂലനം ചെയ്യുവാൻ അയാൾ ദൃഢപ്രതിജ്ഞചെയ്തു. മാക്സിമിനസിന്റെ കല്പനപ്രകാരം പോൺടിയാനസ് (Pontianus) മാർപ്പാപ്പായെ സാർഡീനിയായിലേക്കു നാടുകടത്തുകയും അദ്ദേഹത്തിന്റെ പിൻഗാമിയായ ആന്തേരൂസ് (St. Anterus) മാർപ്പാപ്പായെ വധിക്കുകയും ചെയ്തു. പോൺടസ് (Pontus) എന്ന സ്ഥലത്തു് അതിഭയങ്കരമായ ഭൂമികുലുക്കം ഉണ്ടായതിന്റെ ഫലമായി ജനസഞ്ചയം കോപകലുഷിതരായിത്തീർന്നു. അവരെ സാന്ത്വനപ്പെടുത്തുവാൻവേണ്ടി അവിടത്തെ ഗവർണ്ണർ ക്രിസ്ത്യാനികളുടെമേൽ രൂക്ഷമായ മർദ്ദനം അഴിച്ചുവിട്ടു. മാക്സിമിനസിന്റെ കാലശേഷം തിരുസ്സഭയ്ക്കു വീണ്ടും സമാധാനം കൈവന്നു. A D 224മുതൽ 249 വരെ ഭരണംനടത്തിയ ഫിലിപ്പും (Philip, the Arabian) അദ്ദേഹത്തിന്റെ ഭാര്യ സെവേറായും (Severa) രഹസ്യമായി ക്രിസ്തീയവിശ്വാസം അനുഷ്ഠിച്ചിരുന്നു. ക്രിസ്ത്യാനികളോടു് അദ്ദേഹം വളരെ അനുഭാവപൂർവ്വം പെരുമാറി. സാർഡീനിയായിൽവച്ചു് ചരമമടഞ്ഞ പോൺടിയാനസ് (St. Pontianus) മാർപ്പാപ്പായുടെ പൂജ്യാവശിഷ്ടങ്ങൾ അത്യാഡംബരപൂർവ്വം റോമയിലേക്കു കൊണ്ടുവരാൻ അനുവദിച്ചതും ഈ ചക്രവർത്തിയാണ്.

എന്നാൽ ഡിഷ്യസ് (Decius 249-251) ചക്രവർത്തിയുടെ അധികാരപ്രവേശത്തോടുകൂടി ക്രൈസ്തവപീഡനം പുനരാരംഭിക്കുകയുണ്ടായി. അങ്ങനെ നാം ഏഴാമത്തെ മതപീഡനത്തിൽ എത്തിച്ചേരുന്നു. ഡിഷ്യസാണ് ഒന്നാമത്തെ സാർവ്വത്രികക്രൈസ്തവപീഡനത്തിന്റെ പ്രയോക്താവു്. ഏററം ക്രമീകൃതമായവിധത്തിൽ സംവിധാനംചെയ്യപ്പെട്ടതും ഏററംനിഷ്കർഷയോടുകൂടി പ്രാവർത്തികമാക്കപ്പെട്ടതുമായിരുന്നു ഡിഷ്യസിന്റെ മതപീഡനം. പീഡകന്മാരായ തന്റെ മുൻഗാമികൾ തിരുസഭയുടെ പ്രചാരത്തെ തടയുവാനാണു് ഉദ്യമിച്ചതെങ്കിൽ ഡിഷ്യസിന്റെ ലക്ഷ്യം ക്രിസ്തുമതത്തിന്റെ ഉന്മൂലനാശമായിരുന്നു. തദർത്ഥം അദ്ദേഹം പുറപ്പെടുവിച്ച കല്പനപ്രകാരം ക്രിസ്ത്യാനികളെന്നു സംശയിക്കപ്പെട്ടിരുന്നവരെല്ലാവരും സ്ഥലത്തെ ലൗകികാധികാരികളുടെ മുൻപിൽ സ്വയം ഹാജരാകുകയും റോമൻ ദേവ


For favours received



K. S. Joseph, Alwaye


ന്മാർക്കു് ബലി അർപ്പിച്ചു് അവരുടെ നിർദ്ദോഷിത്വം സ്ഥാപിക്കയും ചെയ്യേണ്ടിയിരുന്നു. അങ്ങനെ ഹാജരാകാതിരിക്കുന്നവരെ മജിസ്ട്രേട്ടന്മാർ തേടിപ്പിടിച്ചു്, അവരെക്കൊണ്ടു് ക്രിസ്തീയവിശ്വാസം ഉപേക്ഷിപ്പിക്കുവാൻ പര്യാപ്തമായ എല്ലാ മാർഗ്ഗങ്ങളും പ്രയോഗിക്കേണ്ടിയിരുന്നു. ക്രിസ്തുമതം ഉപേക്ഷിക്കുവാൻ വിസമ്മതിക്കുന്നവരെ നാടുകടത്തുക, വധിക്കുക, സ്വത്തുക്കൾ കണ്ടുകെട്ടുക മുതലായ ശിക്ഷകൾക്കു് വിധേയരാക്കിയിരുന്നു. സാമ്രാജ്യത്തിലുള്ള ഓരോ പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഈ ശുദ്ധികർമ്മത്തിന്റെ മേൽനോട്ടം വഹിക്കുവാൻവേണ്ടി പ്രത്യേക അധികാരസംഘങ്ങളെ നിയോഗിച്ചു. അക്കാലത്തു് സാമ്രാജ്യത്തിലെ ആകെ ജനസംഖ്യയിൽ മൂന്നിലൊരുഭാഗം ക്രിസ്തുമതാവലംബികളായിരുന്നു. ഇവരെ മുഴുവൻ കൊന്നൊടുക്കുക എന്നുള്ളതു്, സാദ്ധ്യമാണെങ്കിൽ തന്നെയും സാമ്രാജ്യത്തിനു വിനാശകരമായി പരിണമിക്കുമെന്നു് ഡിഷ്യസ് മനസ്സിലാക്കി. അതിനാൽ ക്രിസ്ത്യാനികളെ കൊല്ലുന്നതിനെക്കാൾ കൂടുതലായി അവരെക്കൊണ്ടു് ഏതുവിധേനയെങ്കിലും മതം ഉപേക്ഷിപ്പിക്കുന്നതിലാണു് പീഡനപരിപാടി കേന്ദ്രീകൃതമായതു്. ദീർഘനാൾ തുറുങ്കുകളിൽ ഇടുക, ക്രൂരമായ ദണ്ഡനങ്ങൾ ഏല്പിക്കുക, സ്വാഭിമാനത്തേയും സന്മാർഗ്ഗബോധത്തേയും ശിഥിലീകരിക്കുക, കോടതിയിൽ നിറുത്തി അതിദീർഘമായ വിസ്താരമുറകൾ കൊണ്ടു് ക്ലേശിപ്പിക്കുക തുടങ്ങി എല്ലാ മാർഗ്ഗങ്ങളും അവരുടെമേൽ പ്രയോഗിക്കപ്പെട്ടു. ഇതുകൊണ്ടൊന്നും ഉദ്ദിഷ്ടഫലമുണ്ടാകുന്നില്ലെങ്കിൽ മാത്രമേ അവരെ നാടുകടത്തുകയോ വധിക്കുകയോ ചെയ്തിരുന്നുള്ളു. "മരണം കൈവരിക്കണമെന്നു് ആഗ്രഹിച്ചിരുന്നവർക്കു് വധിക്കപ്പെടുവാനുള്ള ഭാഗ്യംപോലും നിഷേധിക്കപ്പെട്ടിരുന്നു" എന്നു് മർദ്ദനവിധേയരായ അക്കാലത്തെ ക്രിസ്ത്യാനികളെപ്പററി വി. സിപ്രിയൻ (St. Cyprian) രേഖപ്പെടുത്തുന്നു.

ഡിഷ്യസിന്റെ മതപീഡനം മൂലം ആഫ്രിക്കയിലും ഏഷ്യയിലും ക്രിസ്തുമതം ഉപേക്ഷിച്ചവരുടെ സംഖ്യ ഒട്ടും കുറവായിരുന്നില്ല. മെത്രാന്മാരും വൈദികരും ഇക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. വിശ്വാസം ഉപേക്ഷിച്ചുപോയവരെ രണ്ടായി തരംതിരിച്ചിരിക്കുന്നു. ഒരു വിഭാഗം രാജശാസനം അനുസരിച്ചു് ദേവന്മാർക്കു് ബലി അർപ്പിച്ചവരും മറേറവിഭാഗം ബലി അർപ്പിക്കാതെതന്നെ അങ്ങനെ ചെയ്തു എന്നുള്ളതിനു് അധികാരികൾക്കു് കോഴകൊടുത്തു് സാക്ഷിപത്രങ്ങൾ സമ്പാദിച്ചു പീഡനങ്ങളിൽനിന്നു രക്ഷനേടിയവരും ആണ്. വളരെപ്പേർ ജീവരക്ഷാർത്ഥം ഒളിച്ചോടിപ്പോവുകയുണ്ടായി. ചിലർ കപ്പലുകളിൽ അഭയം തേടി. മററുചിലർ മണലാരണ്യങ്ങളിലേക്കും പർവ്വതപ്രദേശങ്ങളിലേക്കും പലായനംചെയ്തു. അവിടെ അവർക്കു് ഘോരമൃഗങ്ങളേയും അക്രമികളേയും നേരിടേണ്ടിവരികയും കലശലായ വിശപ്പും ദാഹവും കഠിനമായ ഉഷ്ണവും ശൈത്യവും സഹിക്കേണ്ടിവരികയും ചെയ്തു.

അലക്സാണ്ഡ്റിയായിലെ മഹാനായ വി. ഡയനീഷ്യസ് (St. Dionysius) ഒരു വനപ്രദേശത്തു് അഭയംപ്രാപിച്ചു. അദ്ദേഹത്തിന്റെ ഗൂഢസങ്കേതത്തെപ്പററി അധികാരികൾക്കു് അറിവു ലഭിക്കുകയും അദ്ദേഹത്തെ പിടികൂടുവാൻ ഒരു സംഘം ഭടന്മാരെ അവർ നിയോഗിക്കുകയുംചെയ്തു. എന്നാൽ ഒരുകൂട്ടം ഗ്രാമീണർ അദ്ദേഹത്തെ ഒരു കഴുതപ്പുറത്തു കയററി ലിബിയൻ മണലാരണ്യത്തിലേക്കു് കൊണ്ടുപോയി രക്ഷപെടുത്തി. മതപീഡനത്തിന്റെ അവസാനംവരെയും അദ്ദേഹം അവിടെത്തന്നെ ഒളിവിൽ കഴിച്ചുകൂട്ടി.

നിയോസിസ്സേറിയാ (Neo-Caesarea) യിലെ മെത്രാനായ വി. ഗ്രിഗരി (St. Gregory Thaumaturgus) ഒരു സംഘം വിശ്വാസികളോടുകൂടി സമീപത്തുള്ള പർവ്വതങ്ങളിലേക്കു് പലായനംചെയ്തു. കാർത്തേജിലെ മെത്രാനായ വി. സിപ്രിയാൻ (St. Cyprian) നഗരപ്രാന്തത്തിൽ ഒരിടത്തു് ഒളിവിൽ താമസിച്ചുകൊണ്ടു് ഒരു വർഷത്തോളം തന്റെ സഭയുടെ ഭരണം നിർവ്വഹിച്ചു. ഇക്കാലത്തു് രക്തസാക്ഷികളായി മരിച്ചവരിൽ ഫാബിയൻ മാർപ്പാപ്പായും, യൂദശലേം, അന്ത്യോക്യാ, ടൂലൂസ് (Toulouse) എന്നീ സ്ഥലങ്ങളിലെ മെത്രാന്മാരും ഉൾപ്പെടുന്നു.

ഡിഷ്യസിന്റെ പീഡനത്തിൽപ്പെട്ടു് മരണമടഞ്ഞവരിൽ ഏററം പ്രശസ്തൻ ഉരുക്കുമനുഷ്യൻ (Adamantius) എന്ന അപരനാമം വഹിക്കുന്ന ഓറിജൻ (Origen) ആണ്. തന്റെ പിതാവായ ലിയോണിദാസിന്റെ രക്തസാക്ഷിത്വത്തിനുശേഷം കുടുംബഭാരം മുഴുവനും ബാലനായ ഓറിജന്റെ ചുമലിൽ വന്നു പതിച്ചു. കേവലം പതിനേഴുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഓറിജൻ ക്രിസ്തുമതസംബന്ധമായ അദ്ധ്യാപനവൃത്തിയിൽ ഏർപ്പെട്ടു. അദ്ദേഹത്തിന്റെ അഗാധപാണ്ഡിത്യവും സാമർത്ഥ്യവും, പ്രതിഭാശക്തിയും കാരണത്താൽ അദ്ദേഹം ഏവരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്കു് പാത്രമായി. അചിരേണ അദ്ദേഹം അലക്സാണ്ഡ്റിയായിലെ പ്രസിദ്ധ മതശാസ്ത്രവിദ്യാലയത്തിന്റെ അധിപനായി നിയമിക്കപ്പെട്ടു. ഗ്രീക്കശാസ്ത്രങ്ങളിലും ക്രൈസ്തവമതതത്വങ്ങളിലും ഒരേസമയം ക്രിസ്ത്യാനികൾക്കു് വിജ്ഞാനം പ്രദാനം ചെയ്തിരുന്ന ആദ്യത്തെ വിദ്യാലയമായിരുന്നു ഇതു്. വളരെനാളത്തേക്കു് ഇത്തരം വിദ്യാലയങ്ങൾ വേറെ ഉണ്ടായിരുന്നില്ല. A. D. 180-ൽ പോലും അലക്സാണ്ഡ്റിയായിലെ വിദ്യാലയം വളരെ കാര്യക്ഷമമായ രീതിയിലാണു് നടത്തപ്പെട്ടിരുന്നതു്. എന്നാൽ ക്ലെമെന്റിന്റെയും അദ്ദേഹത്തിന്റെ ശിഷ്യനായ ഓറിജന്റെയും നേതൃത്വത്തിലാണു് പ്രസ്തുത വിദ്യാലയം ലോകപ്രസിദ്ധമായിത്തീർന്നതു്. സെപ്ററിമിയസ് സെവെറസിന്റെ കാലത്തെ മതപീഡനം കാരണത്താൽ ക്ലെമെന്റ് A. D. 203-ൽ അലക്സാണ്ഡ്റിയായിൽ നിന്നും പോകേണ്ടിവന്നപ്പോൾ വിദ്യാലയത്തിന്റെ ഭരണം ഓറിജൻ കൈയേല്ക്കുകയും A. D. 230 വരെ പ്രസ്തുത സ്ഥാനം പ്രശസ്തമാംവണ്ണം വഹിക്കുകയുംചെയ്തു. A. D. 230-ൽ ഏതൻസിലേക്കുള്ള ഒരു യാത്രാമദ്ധ്യേ അദ്ദേഹം പലസ്തീനയിലെ സിസ്സേറിയാനഗരത്തിൽ കുറേനാൾ കഴിച്ചുകൂട്ടുകയും അവിടെവച്ചു് അദ്ദേഹത്തിന്റെ സുഹൃത്തും യറുശലേമിലെ മെത്രാനുമായ മാർ അലക്സാണ്ടറിൽനിന്നും വൈദികപട്ടം സ്വീകരിക്കയുംചെയ്തു. ഇതുകേട്ടു് അലക്സാണ്ഡ്റിയായിലെ സഭാധികാരികൾ ഓറിജനെ തിരിച്ചുവിളിക്കുകയും, A. D. 231-ൽ കൂടിയ സൂനഹദോസിന്റെ തീരുമാനപ്രകാരം വിദ്യാലയാധികൃതസ്ഥാനത്തുനിന്നും അദ്ദേഹത്തെ നീക്കംചെയ്യുകയും ചെയ്തു. അടുത്ത വർഷം കൂടിയ ഒരു സൂനഹദോസ് അദ്ദേഹത്തിന്റെ വൈദികപട്ടസ്വീകരണത്തിലുള്ള ചില ന്യൂനതകൾ കാരണത്താൽ പൗരോഹിത്യസ്ഥാനത്തുനിന്നും അദ്ദേഹത്തെ തരംതാഴ്ത്തുകയുണ്ടായി. ഓറിജൻ സിസ്സേറിയായിലേക്കു് മടങ്ങി, അവിടെ ഒരു വിദ്യാലയം സ്ഥാപിച്ചു് പ്രവർത്തനമാരംഭിച്ചു. താമസംവിനാ അതു് അലക്സാണ്ഡ്റിയായിലെ വിദ്യാലയത്തെക്കാൾ കൂടുതൽ പ്രശസ്തിയാർജിച്ചു.

ഇക്കാലത്താണു് ഡിഷ്യസ് ചക്രവർത്തിയുടെ മതപീഡനം ആരംഭിച്ചതു്. ക്രിസ്തീയലോകത്തിലെ ഏററം പ്രതിഭാശാലിയായ നേതാവെന്ന നിലയ്ക്കു് ഓറിജൻ സിസ്സേറിയായിൽവച്ചു് ആദ്യം ബന്ധനസ്ഥരാക്കപ്പെട്ടവരുടെ കൂട്ടത്തിൽപ്പെടുകയുണ്ടായി. ഓറിജനെക്കൊണ്ടു് വിശ്വാസം ഉപേക്ഷിപ്പിക്കുന്നതായാൽ അസംഖ്യ

# കമ്മ്യൂണിസ്റ്റ്കക്ഷിയെപ്പററി

## സോഷ്യലിസ്റ്റ് നേതാവ് ശ്രീ ജയ്പ്രകാശ്

സോഷ്യലിസം എന്ന വാക്കിനെപ്പോലെ ഇത്രമാത്രം ദുരുപയോഗപ്പെട്ടുത്തിയിട്ടുള്ളതായി മറെറാന്നുമില്ല. അനേകം ദുഷ്കൃത്യങ്ങൾക്കു ഒരു മറയായി അതിനെ ഉപയോഗിക്കുന്നു. ഇടതുപക്ഷക്കാർ തൊഴിലാളിയുടേയും കൃഷിക്കാരൻേറയും ഭരണം എന്നൊക്കെ ഉൽഘോഷിക്കുമ്പോളെല്ലാം അവരിൽ ഓരോ കക്ഷിയും ഉദ്ദേശിക്കുന്നതു തികച്ചും വിഭിന്നങ്ങളായ കാര്യങ്ങളെയാണു്. കമ്മ്യൂണിസ്റ്റ്കക്ഷിക്കും അവരുടെ സഹചാരികളായ കക്ഷികൾക്കും തൊഴിലാളിയുടേയും കൃഷിക്കാരൻേറയും ഭരണമെന്നുവച്ചാൽ ഏകകക്ഷി സർവ്വാധിപത്യം എന്നാണർത്ഥം. വല്ല നിർഭാഗ്യംകൊണ്ടും കമ്മ്യൂണിസ്റ്റ്കക്ഷി അധികാരത്തിൽ വന്നാൽ മററു കക്ഷികൾക്കു ജീവിക്കുവാനുള്ള അവകാശംതന്നെ അതോടെ അസ്തമിക്കും. എതിർപക്ഷക്കാരെല്ലാം അടിച്ചമർത്തപ്പെടും. പിന്നെ തൊഴിലാളികളും കൃഷിക്കാരും വിചാരിച്ചാൽ തന്നെയും അവരുടേതെന്നു പറഞ്ഞു അധികാരത്തിൽവന്ന ഗവമെണ്ടിനെ ഒന്നു മാററാൻ സാധിക്കയില്ല. ഇന്നാകട്ടെ കോൺഗ്രസ് ഭരണത്തിലിരിക്കുന്ന നാട്ടുകാർക്കു് അതൃപ്തിയോ ക്ലേശമോ ഉണ്ടായാൽ അവർക്കു ആ ഗവമ്മേണ്ടിനെ മാററിയിട്ടു് ഒരു പുതിയ ഗവമ്മേണ്ടു ഏർപ്പെടുത്താനുള്ള സൗകര്യവും അവകാശവുമുണ്ടു്. കമ്മ്യൂണിസ്റ്റ്ഭരണത്തിലാണെങ്കിൽ ജനങ്ങൾക്കു എത്രതന്നെ കഷ്ടതകളും അതൃപ്തിയും വരുത്തിക്കൂട്ടിയാലും നിലവിലുള്ള ഗവമ്മേണ്ടിനെ മാററി മറെറാന്നു സ്ഥാപിക്കുവാൻ സാധിക്കുകയില്ല. അക്രമപരമായ ഒരു വിപ്ലവംമൂലമല്ലാതെ അതിലേക്കു യാതൊരു പോംവഴിയും ഉണ്ടാകയില്ല. അത്ര എളുപ്പമുള്ള കാര്യമല്ല. അതുകൊണ്ടു് പൊതുതിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ്കക്ഷിക്കായി നൽകുന്ന ഓരോ വോട്ടും ജനങ്ങളെ അടിമത്തത്തിലേക്കു നയിക്കുന്നതായിരിക്കും.

കമ്മ്യൂണിസ്റ്റ്കക്ഷിക്കു ജനകീയമാർഗ്ഗങ്ങളിൽ വിശ്വാസമില്ല. അവർ വിചാരിക്കുന്നതു ഏതു രാജ്യത്തിലും ഏതു പരിതസ്ഥിതിയിലും അക്രമപരമായ വിപ്ലവം മാത്രമേ വിജയിക്കുകയുള്ളു എന്നാണു്. പൊതുതിരഞ്ഞെടുപ്പിനും മററും കേവലം പ്രചരണപരമായ പ്രയോജനമല്ലാതെ മറെറാന്നുമില്ലെന്നാണു് അക്കൂട്ടർ കരുതുന്നതു്. പ്രത്യേക അവസരങ്ങളിൽ കമ്മ്യൂണിസ്റ്റ്കക്ഷി അനുകരിക്കുന്ന നയം എന്തുതന്നെ ആയിരുന്നാലും അവരുടെ സ്ഥിരവും ഒരിക്കലും വ്യത്യാസം വരുത്താത്തതുമായ പരിപാടി നാട്ടിനുള്ളിൽ കലാപങ്ങൾ ഉണ്ടാക്കുക എന്നതാണു്.

കമ്മ്യൂണിസ്റ്റ്കക്ഷിയുടെ ഇപ്പോഴത്തെ ജനകീയ മുദ്രാവാക്യങ്ങൾ പൊതുജനങ്ങളെ വഴിപിഴപ്പിക്കാൻ ഇടയുണ്ടു്. കേവലം സാങ്കല്പികമായ ഈ പ്രചരണങ്ങളിൽ വിശ്വസിക്കുന്നതു വെറും മൗഢ്യമാണു്. കഷ്യൂണിസ്റ്റ്കക്ഷിക്കാർ ഇപ്പോൾ നല്ലപിള്ളകളായി പെരുമാറാൻ ശ്രമിക്കുകയാണു്. ഇതു് അവരുടെ സ്ഥിരം പരിപാടിയായ അക്രമപ്രസ്ഥാനത്തെ ഉപേക്ഷിച്ചിട്ടല്ല. പിന്നെയോ, പൊതുതിരഞ്ഞെടുപ്പു നൽകിയിരിക്കുന്ന സന്ദർഭത്തെ കഴിയുന്നത്ര പ്രയോജനപ്പെടുത്തി അവരുടെ സ്വാധീനവലയത്തിനു വിസ്തൃതികൂട്ടാൻ മാത്രമാണു്. കമ്മ്യൂണിസ്റ്റ്കക്ഷി മറിച്ചു് എന്തൊക്കെ ഭാവിച്ചാലും, അക്രമപരിപാടികളായ കൊലപാതകം, കൊള്ള, കൊള്ളിവയ്പ്പു്, കലാപം ഇവ ഇന്നും സ്ഥായിയായ മതപ്രസ്ഥാനമായി നിലനിന്നുപോരുന്നുവെന്ന വസ്തുത ആരും വിസ്മരിക്കരുതു്.

മൂന്നാമത്തെ പ്രശ്നം വിദേശബന്ധത്തെപ്പററിയുള്ള നയമാണു്. ഇന്ത്യയിലും മററു രാജ്യങ്ങളിലുമുള്ള കമ്മ്യൂണിസ്റ്റ്കക്ഷിയുടെ പ്രധാന ജോലി ഏതുവിധത്തിലെങ്കിലും ഈ രാജ്യങ്ങളെ സോവ്യററുപാളയത്തിലേക്കു വലിച്ചുകൊണ്ടുപോകണമെന്നാണു്. ഈ ഒരു പരിപാടിയെ മുൻനിർത്തിയായിരിക്കും അവരുടെ മററുള്ള പ്രവർത്തനങ്ങളെല്ലാം. ഇതാണു് കമ്മ്യൂണിസത്തിൻെറ ഏററവും വിനാശകരമായ സ്വഭാവം. ലോകത്തെവിടെയുമുള്ള കമ്മ്യൂണിസ്റ്റ് കക്ഷികളെല്ലാംതന്നെ സോവ്യററുനാടിൻെറ നീണ്ട മുനകൾമാത്രമാണു്. സോവ്യററുതന്ത്രങ്ങളെല്ലാം അവിടങ്ങളിൽ പ്രചരിപ്പിക്കുക എന്നതാണു് അവരുടെ കർത്തവ്യം. അതങ്ങനെ വരാതെ തരമുള്ളു. എന്തെന്നാൽ കമ്മ്യൂണിസ്റ്റ്തത്വമനുസരിച്ചു ലോകമാസകലം ഉണ്ടാകുമെന്നുദ്ദേശിക്കുന്ന വിപ്ലവത്തിൻെറ കേന്ദ്രസ്ഥാനം റഷ്യയാണു്. അതുകൊണ്ടു് ലോകവിപ്ലവത്തിന്നായി വേലചെയ്യുന്ന നല്ല കമ്മ്യൂണിസ്റ്റ്കളെല്ലാം മോസ്ക്കോയിൽനിന്നും പുറപ്പെടുന്ന കല്പനകളെ അതേപടി അനുസരിക്കുവാൻ ബാദ്ധ്യസ്ഥരാണു്.

മേൽവിവരിച്ച ലോകവിപ്ലവം എന്ന മിഥ്യയായ ആശയത്തെ സോഷ്യലിസ്റ്റ്കക്ഷി അംഗീകരിക്കുന്നില്ല. സോവ്യററുഷ്യയിലെ ഇന്നത്തെ ഭരണാധികാരികളുടെ കൈയിൽ ലോകവിപ്ലവം എന്ന ആദർശം ലോകാധിപത്യം എന്നതായി മാറിയിരിക്കയാണു്. കമ്മ്യൂണിസ്റ്റ്കക്ഷി അവരുടെ വിദേശനയത്തിൽ വിജയിക്കയാണെങ്കിൽ ഈ ഇന്ത്യാമഹാരാജ്യം കേവലം റഷ്യയുടെ ഒരു ആശ്രിതരാജ്യമായി താഴ്ത്തപ്പെടുന്നതാണു്. ഇപ്പോൾ ലോകാധിപത്യത്തിനായുള്ള റഷ്യയുടെ ഉദ്യമം ഫലപ്പെടുകയാണെങ്കിൽ സകല രാജ്യങ്ങളിലും റഷ്യൻമട്ടിലുള്ള ജീവിതരീതി അടിച്ചേല്പിക്കപ്പെടും.

ഇപ്രകാരമാണു് "രാഷ്ട്രീയ ശൂന്യത" എന്ന തലക്കെട്ടിൽ ശ്രീ ജയപ്രകാശ് നരെയിൻ ഈയിടെ എഴുതിയ ഒരു ലേഖനത്തിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ സ്വഭാവത്തേയും ലക്ഷ്യങ്ങളേയും വിശകലനം ചെയ്തുകൊണ്ടു പ്രസ്താവിച്ചിട്ടുള്ളതു്.

---

ങ്ങൾ അദ്ദേഹത്തെ അനുഗമിക്കുമെന്നായിരുന്നു മർദ്ദകന്മാരുടെ പ്രതീക്ഷ. ഏററം ഇരുളടഞ്ഞതും അഴുക്കുനിറഞ്ഞതുമായ ഒരു കാരാഗൃഹത്തിലാണു് അദ്ദേഹത്തെ പാർപ്പിച്ചതു്. അറുപത്തേഴുവയസ്സു് പ്രായമായിരുന്ന ആ വൃദ്ധൻ അത്ഭുതകരമായ ആത്മവീര്യത്തോടുകൂടി എല്ലാം സഹിച്ചു. ഡീഷ്യസിൻെറ മരണശേഷം അദ്ദേഹം വിമോചിതനായി. എങ്കിലും കഠിനമായ പീഡനങ്ങൾമൂലം നഷ്ടശക്തനായിത്തീർന്ന ഓറിജൻ രണ്ടുവർഷം കൂടിയേ ജീവിച്ചിരുന്നുള്ളു. ഫിനീഷ്യയിലെ ടയറിൽവച്ചു് A. D. 253-ൽ അദ്ദേഹം മരണമടഞ്ഞു. അങ്ങനെ ബാല്യദശയിൽത്തന്നെ സ്വായത്തമാക്കുവാൻ ആഗ്രഹിച്ചിരുന്ന രക്തസാക്ഷിമകുടം വാർദ്ധക്യദശയിൽ അദ്ദേഹത്തിനു കൈവന്നു.

സ്വയംകൃതമായ ഗ്രന്ഥങ്ങളുടെ ബാഹുല്യംകൊണ്ടു് ഓറിജൻ ചരിത്രവിഖ്യാതന്മാരായിത്തീർന്നിട്ടുള്ള ഗ്രന്ഥകാരന്മാരിൽ അഗ്രഗണ്യനാണു്. "അദ്ദേഹം എഴുതിയിട്ടുള്ളതെല്ലാം വായിച്ചുതീർക്കാൻ ആർക്കാണു് സാധിക്കുക!" എന്നു വി. ജെറോം അത്ഭുതപ്പെടുന്നു. ആകെക്കൂടി ആറായിരം ഗ്രന്ഥങ്ങൾ ഓറിജൻ രചിച്ചിട്ടുണ്ടെന്നു് ചിലർ അഭിപ്രായപ്പെടുന്നു. ഇതു് കുറെ അതിശയോക്തിപരമായിരിക്കാം. വി. ജെറോംതന്നെ ഓറിജൻേറതായ എണ്ണൂറു ഗ്രന്ഥങ്ങളുടെ പട്ടിക നമുക്കു നൽകുന്നുണ്ടു്. അദ്ദേഹത്തിൻെറ കൃതികളിൽ ഒരു തുഛമായ ഭാഗം മാത്രമേ ഇന്നവശേഷിക്കുന്നുള്ളു.

ഓറിജൻെറ മരണശേഷം ഏകദേശം മൂന്നുശതാബ്ദങ്ങൾ കഴിഞ്ഞു് A. D. 553-ൽ കൂടിയ അഞ്ചാം സാർവ്വത്രികസൂനഹദോസ് അദ്ദേഹത്തിൻെറ കൃതികളിലുണ്ടായിരുന്ന താത്വികമായ ചില തെററുകളെസംബന്ധിച്ചു കുററം വിധിച്ചിട്ടുണ്ടു് എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണു്.

---

# തിരുകൊച്ചിവാർത്തകൾ

### കൗൺസിൽ ഓഫ് സ്റ്റേററ്സിലേക്കു്

കാലാവധികഴിഞ്ഞു് റിട്ടയർ ചെയ്യുന്ന കൗൺസിൽ ഓഫ് സ്റ്റേററ്സ് അംഗങ്ങളുടെ സ്ഥാനത്തേക്കു് ഏപ്രിൽ 2-ാംനു-ക്കു മുമ്പായി രണ്ടുപേരെ തിരഞ്ഞെടുക്കാൻ തിരുക്കൊച്ചി അസംബ്ളിയിലെ തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരോടു് പ്രസിഡണ്ടു് ആവശ്യപ്പെട്ടിരിക്കുന്നു. ഈ തിരഞ്ഞെടുപ്പിനു് നോമിനേഷൻ സമർപ്പിക്കാനുള്ള അവസാനത്തീയതി മാർച്ച് 17-ം പോളിംഗിനുള്ള തീയതി മാർച്ച് 29-ം ആയി നിശ്ചയിച്ചിരിക്കുന്നു.

### ജനനമരണങ്ങൾ

തിരുക്കൊച്ചി പൊതുജനാരോഗ്യവകുപ്പിൽനിന്നും പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഭരണറിപ്പോർട്ടിൽ താഴെ പറയുന്ന വിവരങ്ങൾ നൽകിയിരിക്കുന്നു. 1952-ൽ സംസ്ഥാനത്തു് 2,24,180 ജനനങ്ങളും 57,860 മരണങ്ങളും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടു്. 1951-ൽ ജനനസംഖ്യ 2,19,751-ം മരണസംഖ്യ 62,192-ം ആയിരുന്നു. 1952-ൽ 100 പെൺകുട്ടികൾക്കു് 05·73 ആൺകുട്ടികൾ എന്ന തോതിലാണു് ജനനമുണ്ടായിട്ടുള്ളതു്. 1951-ൽ പ്രസ്തുത താതു് 100:105·57 ആയിരുന്നു. 1952-ൽ മൃതരായവർ 30,582 പുരുഷന്മാരും 27,278 സ്ത്രീകളുമായിരുന്നു. 51-ൽ 32,7-7 പുരുഷന്മാരും 29,465 സ്ത്രീകളും മൃതിയടഞ്ഞു.

### പി. എസ്. പി. പ്രമേയം

ഈമാസം 11-ാം തീയതി മദ്രാസിൽവച്ചു് പി. എസ്. പി. നാഷനൽ എക്സിക്യൂട്ടീവു്, പാർട്ടി ചെയർമാൻ മി. ജെ. ബി. കൃപലാനിയുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. തിരുക്കൊച്ചി മന്ത്രിസഭാരൂപവത്ക്കരണം സംബന്ധിച്ചു് ഏഴുമണിക്കൂർ നീണ്ടുനിന്ന ചർച്ചകൾക്കുശേഷം പാസാക്കിയ പ്രമേയം, പി. എസ്. പി. തനിച്ചു തിരുക്കൊച്ചിയിൽ ഒരു ഗവമ്മെൻറു് രൂപവൽക്കരിക്കുവാൻ ആഹ്വാനം ചെയ്യപ്പെട്ടാൽ പി. എസ്. പി. അതിനു തയാറായിരിക്കുമെന്നാണു്. മററു പാർട്ടികളുമായി ചേർന്നു് കൂട്ടമന്ത്രിസഭയുണ്ടാക്കുന്നപ്രശ്നം പാടെ നിരാകരിക്കപ്പെട്ടു. മെ. പട്ടംതാണുപിള്ള, ബി. സി. വർഗ്ഗീസ്, പി. വി. വിൽസൻ, ടി എസ്. രാമസ്വാമി മുതലായ പി. എസ്. പി. പ്രതിനിധികൾക്കു് ഇവിടത്തെ സ്ഥിതിഗതികൾ വിശദമാക്കുന്നതിനു് സൗകര്യം നൽകപ്പെട്ടതിനുശേഷമാണു് പ്രമേയം സ്വീകരിക്കപ്പെട്ടതു്.

### പി. എസ്. പി. ക്കു് കമ്മ്യൂണിസ്റ്റു പിന്തുണ നൽകുകയില്ല

ഈമാസം 10-ാം തീയതി സമ്മേളിച്ച കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പോളിററ്ബ്യൂറോ തിരുക്കൊച്ചിയിൽ ഇടതുപക്ഷങ്ങളുടെ ഒരു കൂട്ടമന്ത്രിസഭയാണാവശ്യമെന്നും കൂട്ടമന്ത്രിസഭയിൽ കമ്മ്യൂണിസ്റ്റു പാർട്ടിക്കു് ശരിയായ പ്രാതിനിധ്യം കൂടിയേ കഴിയൂ എന്നും പ്രസ്താവിച്ചു. കമ്മ്യൂണിസ്റ്റുകാരുമായി കൂട്ടുചേരുകയില്ല എന്ന പി. എസ്. പി. മനോഭാവത്തെ അവർ നിശിതമായി വിമർശിച്ചു.

### മി. പട്ടത്തെ ലീഡർ പദത്തിൽനിന്നു തള്ളി

കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സ്റ്റേററു് കമ്മററി സിക്രട്ടറി മി. എം. എൻ. ഗോവിന്ദൻനായർ 13-ാം തീയതി ഒരു പ്രസ്കോൺഫറൻസിൽ പ്രസ്താവിച്ചതു് പി. എസ്. പി. തനിച്ചു രൂപവൽക്കരിക്കുന്ന മന്ത്രിസഭ തികച്ചും ജനാധിപത്യവിരുദ്ധമാണെന്നും അതിനെ കമ്മ്യൂണിസ്റ്റു പാർട്ടി ഒരിക്കലും പിൻതാങ്ങുകയില്ലെന്നുമാണു്. ഇടതുപക്ഷഐക്യമുന്നണിയുമായി ഒന്നിച്ചു ഒരു കൂട്ടമന്ത്രിസഭ രൂപീകരിക്കാമെന്നുള്ള പൂർണ്ണമായ സമ്മതത്തിനുശേഷമാണു് അസംബ്ളിയിൽ തങ്ങളുടെ നേതാവായി ശ്രീ പട്ടത്തെ തിരഞ്ഞെടുത്തതെന്നും ഇപ്പോൾ പി. എസ്. പി. ഒരു കൂട്ടമന്ത്രിസഭയ്ക്കെതിരായതുകൊണ്ടു് ഇനി പട്ടം തങ്ങളുടെ ലീഡറേയല്ല എന്നും അദ്ദേഹം വിശദമാക്കി.

ബോംബെയിൽനിന്നു മടങ്ങിയെത്തിയ ശ്രീ പട്ടം പ്രസ്താവിച്ചതു് കൂട്ടമന്ത്രിസഭ ഉണ്ടാക്കാമെന്നു് പി. എസ്. പി. ഒരിക്കലും സമ്മതിച്ചിട്ടില്ലെന്നും താനങ്ങിനെ പറയുകയോ പ്രസംഗിക്കുകയോ ചെയ്തിട്ടില്ലെന്നുമാണു്. രാജപ്രമുഖൻ ആവശ്യപ്പെടുന്നപക്ഷം മന്ത്രിസഭ രൂപവൽക്കരിക്കാൻ പി. എസ്. പി. തയാറാണെന്നും എന്നാൽ പിന്തുണയ്ക്കുവേണ്ടി ഏതെങ്കിലും പാർട്ടിയെ സമീപിക്കാൻ ഉദ്ദേശമില്ലെന്നും അദ്ദേഹം പറഞ്ഞു.

### മന്ത്രിസഭയുണ്ടാക്കാൻ പി. എസ്. പി. ക്കു് സാദ്ധ്യമല്ല

മാർച്ച് 14-ാംനു 10 മണിക്കു് പി. എസ്. പി. നേതാവു് ശ്രീ പട്ടം കവടിയാർകുന്നു കൊട്ടാരത്തിൽവച്ചു് രാജപ്രമുഖൻതിരുമേനിയെ സന്ദർശിച്ചു് രാഷ്ട്രീയ പ്രശ്നങ്ങളെപ്പററി സംസാരിച്ചു. പി. എസ്. പി. നാഷനൽ എക്സിക്യൂട്ടീവിൻെറ തീരുമാനത്തെത്തുടർന്നു് തൻെറ കക്ഷിബലം 59 ൽനിന്നു 19 മാത്രമായി കുറഞ്ഞിരിക്കുകയാണെന്നും, ഈ പരിതസ്ഥിതിയിൽ രാജപ്രമുഖൻ തിരുമേനിതന്നെ മററു കക്ഷിനേതാക്കളുമായി ആലോചിച്ചു് ഒരു തീരുമാനമെടുക്കേണ്ടതാണെന്നും, അതിൻെറ അടിസ്ഥാനത്തിൽ ഒരു മന്ത്രിസഭ രൂപവൽക്കരിക്കുവാൻ തന്നെ ക്ഷണിക്കുകയാണെങ്കിൽ താനതിനൊരുക്കമാണെന്നും ശ്രീ പട്ടം രാജപ്രമുഖനെ അറിയിച്ചതായിട്ടുമാണറിയുന്നതു്.

### ഐക്യമുന്നണി ലീഡർ രാജപ്രമുഖനെ സന്ദർശിക്കുന്നു

സ്വതന്ത്രന്മാർ 5 പേർ ഉൾപ്പെടെ 40 അംഗങ്ങളുള്ള ഐക്യമുന്നണിയുടെ ലീഡറായി സ. ടി. വി. തോമസ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതായും തിരുക്കൊച്ചിയിൽ ഒരുറച്ച ഗവമ്മെൻറു് രൂപവൽക്കരിക്കാൻ തനിക്കു് സാധിക്കുമെന്നും അദ്ദേഹം രാജപ്രമുഖനെ അറിയിച്ചിരുന്നതനുസരിച്ചു് 15-ാം തീയതി വൈകുന്നേരം 4 മണിക്കു് സന്ദർശനാനുവാദം നൽകപ്പെട്ടിരിക്കുന്നതായി അറിയുന്നു.

### പി. എസ്. പി., ഐ. മു. പാർട്ടിയെ പിന്താങ്ങുന്നു

പി. എസ്. പി. യുടെ പരിപാടികളോടു് യോജിച്ച രീതിയിൽ പ്രവർത്തിക്കുന്ന ഒരു ഐ. മു. മന്ത്രിസഭയെ പിന്താങ്ങേണ്ടതാണെന്നു് 14-ാംനു കൂടിയ പി. എസ്. പി. പാർലമെൻററി പാർട്ടി തീരുമാനിച്ചിരിക്കുന്നതായും ഈ വിവരത്തിനു് ശ്രീ പട്ടം ഐ. മു. ലീഡർക്കു് ഒരു കത്തയച്ചിട്ടുള്ളതായും അറിയുന്നു. പി. എസ്. പി. മന്ത്രിസഭയെ പിന്താങ്ങുന്നതല്ലെന്നു ഐ. മു. നേതാക്കന്മാർ പ്രസ്താവിച്ചതു് നിർഭാഗ്യകരമായിപ്പോയെന്നും പി. എസ്. പി. മഹാമനസ്കതയോടെ തന്നെ പ്രവർത്തിക്കുവാനാണു് നിശ്ചയിച്ചിരിക്കുന്നതെന്നും അതിൽ വിശദീകരിച്ചിട്ടുണ്ടത്രെ.

### പി. എസ്. പി. ക്കു് കോൺഗ്രസ് പിന്തുണ നൽകും

പി. എസ്. പി. തനിച്ചു് തിരുക്കൊച്ചിയിൽ ഒരു മന്ത്രിസഭ രൂപവൽക്കരിക്കുന്നതിനു് പിന്തുണ ആവശ്യപ്പെട്ടാൽ ആത്മാർത്ഥമായി അതു് നൽകപ്പെടുന്നതാണെന്നു് മാർച്ച് 12-ാംനു കോൺഗ്രസ് ജനറൽ സിക്രട്ടറി മി. മല്ലയ്യ പ്രസ്താവിച്ചു. കുഴപ്പം സൃഷ്ടിക്കുന്നതിനോ, പ്രസിഡണ്ടു ഭരണം വിളിച്ചുവരുത്തുന്നതിനോ കോൺഗ്രസ്സ് ഉദ്ദേശിക്കുന്നില്ലെന്നു് അദ്ദേഹം വ്യക്തമാക്കി.

കോൺഗ്രസ്സ് ഒരു ജനകീയകക്ഷിയായതുകൊണ്ടു് ആ മനോഭാവത്തോടുകൂടിത്തന്നെ ഏതൊരു പാർട്ടിയോടും സഹകരിക്കാൻ തങ്ങൾ സന്നദ്ധരാണെന്നും, എന്നാൽ പ്രസ്തുത മന്ത്രിസഭയുടെ പരിപാടികളും നയങ്ങളും കോൺഗ്രസ്സിൻെറ ആദർശങ്ങളോടു് പൊരുത്തപ്പെടുന്നവയായിരിക്കണമെന്നേയുള്ളു എന്നുമാണു് പി. എസ്. പി. നാഷണൽ എക്സിക്യൂട്ടീവിൻെറ പ്രമേയത്തെ ആധാരമാക്കി തിരുക്കൊച്ചി പി. സി. സി. പ്രസിഡണ്ടു് മി. കെ. പി. മാധവൻനായർ പ്രസ്താവിച്ചതു്. രാജ്യത്തിൻെറ നന്മയ്ക്കുവേണ്ടിയുള്ള കാര്യങ്ങളിൽ പ്രതിബദ്ധമുണ്ടാക്കുന്ന ഭാഗം അഭിനയിക്കാൻ കോൺഗ്രസ്സ് ഒരുക്കമില്ല എന്നദ്ദേഹം വ്യക്തമാക്കി.

—o—

### മർപ്പാപ്പാതിരുമേനിക്കു് ഭാരതത്തിൻെറ ഭാവുകാശംസ

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാതിരുമനസ്സിലെ കിരീടധാരണവാർഷികം പ്രമാണിച്ചു് ഇൻഡ്യൻ പ്രസിഡണ്ടു് ഡോക്ടർ രാജേന്ദ്രപ്രസാദ് താഴെ പറയുന്ന സന്ദേശം അയച്ചിരിക്കുന്നു: "അങ്ങയുടെ കിരീടധാരണവാർഷികം ആഘോഷിക്കപ്പെടുന്ന ഈ മംഗളമുഹൂർത്തത്തിൽ എൻെറയും, എൻെറ ഗവമ്മെൻറിൻെറയും, ഭാരതജനതയുടേയും നാമത്തിൽ അങ്ങേക്കു് ക്ഷേമൈശ്വര്യാദിഭാവുകങ്ങളെ ഹൃദയപൂർവ്വം നേർന്നുകൊള്ളുന്നു."

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vlo. 27 | ERNAKULAM MARCH 17, 1954 | No. 29

## ജീവിതക്ലേശങ്ങളും മാർപ്പാപ്പായുടെ സന്ദേശവും

ജീവിതക്ലേശങ്ങൾ മാനവസഞ്ചയത്തിനു് എക്കാലത്തും മറുപടിയില്ലാത്ത ഒരു ദുർഘടപ്രശ്നമായിട്ടാണു് അനുഭവപ്പെട്ടുകൊണ്ടിരുന്നിട്ടുള്ളതു്. ആലോകവ്യാപകമായ ക്ലേശപാരാവാരത്തിന്റെ നീർച്ചുഴികളിൽപെട്ടു് എത്രയെത്ര അമോഘജീവിതനൗകകൾ തകർന്നുതരിപ്പണമായിട്ടില്ല! ഇത്ര ഗൗരവമായ ഈ ദുർഘടപ്രശ്നത്തിനു സമ്യക്കായ ഒരു സമാധാനം കണ്ടെത്തുന്നതിനു ബുദ്ധിജീവികൾ പരിശ്രമിച്ചിട്ടില്ലെന്നു വരുമോ? തത്പരിഹാരാർത്ഥം മാനവസ്നേഹികൾ മനമുരുകി പ്രവർത്തിച്ചിട്ടില്ലായിരിക്കുമോ? നിരവധി പരീക്ഷണങ്ങളും നിരീക്ഷണങ്ങളും തുടർച്ചയായി നടത്തിക്കൊണ്ടിരുന്നു എന്നു ലോകചരിത്രം വിശദമാക്കുന്നു. പക്ഷെ, പ്രശ്നം ഇന്നും മഹാഭൂരിപക്ഷത്തിനും എത്തും പിടിയുമില്ലാത്ത നൂലാമാലയായിത്തന്നെ നിലകൊള്ളുകയാണു്.

### ക്രിസ്തുവിന്റെ പദ്ധതി

ലോകം ദർശിച്ചിട്ടുള്ള മാനവസ്നേഹികളിൽ അഗ്രഗണ്യനാണു് ക്രിസ്തുവെന്നു മാനവസഞ്ചയം തലകുലുക്കി സമ്മതിക്കുന്നുണ്ടു്. അദ്ദേഹം ഈ ഗൗരവപ്രശ്നത്തെ എങ്ങനെ നേരിട്ടിരിക്കുന്നു എന്നാരായുന്നതു സമീചീനമാണു്. അദ്ദേഹം ഈ പ്രശ്നത്തിനു് വസ്തുനിഷ്ഠവും പ്രയോഗക്ഷമവുമായ പ്രതിവിധി സുവ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ടു്. എന്നാൽ ലോകം അതു വിശദമായി ഗ്രഹിച്ചിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ പദ്ധതി ശരിയായി മനസ്സിലാക്കണമെങ്കിൽ പ്രാരംഭമായി ചില ബോദ്ധ്യതകൾ മനുഷ്യർക്കുണ്ടാകണം, ക്രിസ്തുവിനെയും അവിടുത്തെ ദൗത്യത്തേയും സംബന്ധിച്ചു്. ക്രിസ്തുവിന്റെ അഭൗമികമായ വ്യക്തിത്വത്തേയും അവിടുത്തെ ദിവ്യസന്ദേശത്തിന്റെ ആത്യന്തികമായ വ്യാപ്തിയേയും ആസ്പദിച്ചാണു് അതു് നിലകൊള്ളുന്നതു്. അപ്രതിഷേധ്യമായ വിധത്തിൽ ക്രിസ്തു തെളിയിച്ചിട്ടുള്ള അവിടുത്തെ ദിവ്യത്വത്തേയും, പ്രബോധിപ്പിച്ചിട്ടുള്ള മനുഷ്യാത്മാവിന്റെ അമരത്വത്തേയും, ഐഹികപാരത്രിക ജീവിതങ്ങളുടെ അഭേദ്യബന്ധത്തേയും ശരിയായി ധരിച്ചെങ്കിൽ മാത്രമേ ആ പദ്ധതിയുടെ പ്രാമാണ്യവും പ്രായോഗികതയും ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു.

മനുഷ്യൻ ആത്മശരീരങ്ങളോടുകൂടിയ ഒരു സൃഷ്ടിയാണു്. ലോകത്തിൽ മരിച്ചുമൺമറയുന്ന ശാരീരികവ്യവസ്ഥിതി ചിരസ്ഥായിയല്ല. അനശ്വരമായ ഒരാത്മാവുള്ളതുകൊണ്ടാണു് മനുഷ്യൻ എന്നും ജീവിക്കുന്നതു്. എന്നാൽ ശരീരത്തിന്റെ അഭാവത്തിൽ മനുഷ്യന്റെ വ്യക്തിത്വം പൂർണ്ണമല്ലാത്തതുകൊണ്ടു് ആത്മശരീരങ്ങളോടുകൂടിത്തന്നെ ചിരംജീവിക്കുന്നതിനുള്ള സ്ഥിതിവിശേഷമാണു് അവനു് സ്വാഭാവികമായിട്ടുള്ളതു്. ദൈവത്തിന്റെ പരമമായ വ്യവസ്ഥിതിയിൽ ഇതിനുള്ള മാർഗ്ഗങ്ങൾ ഉൾക്കൊള്ളുന്നുണ്ടു്. മരണമാകുന്ന താല്ക്കാലികവിരഹത്തിനുശേഷം അമരത്വത്തിൽ വിലയംപ്രാപിക്കുന്ന ഒരുത്ഥാനത്തിനുള്ള പദ്ധതിയാണു് അതിനായി വ്യവസ്ഥചെയ്തിരിക്കുന്നതു്. ക്രിസ്തുതന്നെ തന്റെ ഉത്ഥാനംമൂലം ഇതു ദൃഷ്ടാന്തീകരിച്ചിരിക്കുന്നു. ഓരോ മനുഷ്യവ്യക്തിയിലും ഇതു സഫലമാകുമെന്നു അവിടുന്നു പ്രസ്താവിക്കുകയുംചെയ്തു. തന്മൂലം മനുഷ്യജീവിതം പരമമായി ക്ലേശഭൂയിഷ്ഠമായ ഒന്നല്ലെന്നും, സ്വതന്ത്രനായ മനുഷ്യൻ അവന്റെ ഐഹികജീവിതത്തെ ശരിയായി നിയന്ത്രിച്ചാൽ അതു സൗഭാഗ്യപൂരിതമായ അതിന്റെ പരമലക്ഷ്യത്തിൽ എത്തിച്ചേരുമെന്നും, താല്ക്കാലികങ്ങളായ ഐഹികക്ലേശങ്ങൾ പ്രസ്തുത പാരത്രികസൗഭാഗ്യത്തിന്റെ മാററുകൂട്ടുന്നതിനുപകരിക്കുന്ന ഉപാധികളായി രൂപാന്തരപ്പെടുത്താവുന്നവയാണെന്നും, മനുഷ്യവ്യക്തിയുടെ ഐഹികവും പാരത്രികവുമായ പരാജയം സ്വാതന്ത്ര്യത്തിന്റെ ദുർവ്വിനിയോഗംമൂലം സ്വയം വരുത്തിക്കൂട്ടുന്ന വിപത്തുമാത്രമാണെന്നും സുവിശദമായി അവിടുന്നു് പ്രബോധിപ്പിച്ചിട്ടുള്ളതാണു്. ജീവിതക്ലേശങ്ങളെ നേരിടുന്നതിനു് ക്രിസ്തു നിർദ്ദേശിച്ചിട്ടുള്ള പ്രതിവിധിയും പദ്ധതിയും ഈ തത്വങ്ങളിന്മേലാണു് പടുത്തിട്ടുള്ളതു്.

### സഹനത്തിൽ ആനന്ദമുണ്ടു്

ക്രിസ്തുവിന്റെ പദ്ധതി മേൽപറഞ്ഞവിധം ജീവിതക്ലേശങ്ങളെ ആശാപൂർണ്ണമായ ഒരു വീക്ഷണത്തിൽ ദർശിക്കുന്നതിനുമാത്രമല്ല പഠിപ്പിക്കുന്നതു്. അതു് ഒരു പടികൂടി കടന്നു്, ആ ക്ലേശങ്ങളുടെ സഹനത്തിൽ ഇഹത്തിൽ വച്ചുതന്നെ അഭൗമികമായ ഒരാനന്ദം നുകരുന്നതിനു് മാർഗ്ഗദർശനം ചെയ്യുന്നുണ്ടു്. ഏവംവിധം സമചിത്തതയോടും ഹൃദയാനന്ദത്തോടുംകൂടി ജീവിതക്ലേശങ്ങളെ അഭിമുഖീകരിക്കുന്നതിനു് അവിടുന്നുതന്നെ മാതൃകകാണിച്ചുതന്നിരിക്കുന്നു. കാലിക്കൂട്ടിൽ ജനിച്ചു് ക്ലേശിതനായി ജീവിച്ചു് കുരിശിൽ മരിച്ച ക്രിസ്തു അവിടുത്തെ ജീവിതത്തിൽ മനുഷ്യസാധാരണമായി വന്നുചേരാവുന്നതും വിരോധികളാൽ ആരോപിക്കപ്പെടാവുന്നതുമായ എല്ലാ ക്ലേശങ്ങളും അവയുടെ പരമാവധി അനുഭവിച്ചിട്ടുണ്ടു്. പാതിരാത്രിയുടെ മരവിപ്പിക്കുന്ന മഞ്ഞിൽ തുറന്ന കാലിക്കൂട്ടിലെ പതപതത്ത പുൽത്തൊട്ടിയിൽ കിടന്നു് അസഹനീയമായ തണുപ്പുകൊണ്ടു് ആ പാദമൃദുലം വിറയ്ക്കുന്ന ആ പിഞ്ചുപൈതൽ പൂനിലാവുപോലെ പുഞ്ചിരിപൊഴിച്ചുകൊണ്ടു് പരിസരങ്ങളെ പ്രകാശമാനമാക്കുന്നു! ജീവിതത്തിന്റെ കഠിനമായ വ്യഗ്രതകളാൽ മു[illegible]ട്ടു് കായക്ലേശംകൊണ്ടു് [illegible] വേലചെയ്യുന്ന ഒരു യുവാവായും, മാനവവംശത്തിന്റെ കെടുതികളെ നിഹനിക്കുന്നതിനും സൗഭാഗ്യത്തിന്റെ സന്ദേശത്തെ പ്രബോധിപ്പിക്കുന്നതിനുംവേണ്ടി പലസ്തീനായിലും പരിസരപ്രദേശങ്ങളിലും അഹോരാത്രം നന്മ വിതറിക്കൊണ്ടു് ചുററിസഞ്ചരിക്കുന്ന ഒരു പ്രവാചകനായും നിലകൊള്ളുന്ന ക്രിസ്തു സമചിത്തതയുടേയും സഹനവീര്യത്തിന്റെയും മകുടോദാഹരണമല്ലയോ? വിദ്വേഷപ്രമത്തരായ യഹൂദജനം ഒന്നുചേർന്നു് നന്മയുടെ പരംപൊരുളായ തന്നെ ക്രൂശിൽ തൂക്കിക്കൊല്ലുന്ന പീഡനനാടകത്തിന്റെ മൂർദ്ധന്യത്തിലും, "പിതാവെ, അവരോടു് ക്ഷമിക്കണമെ; അവർ ചെയ്യുന്നതെന്തെന്നു് അവരറിയുന്നില്ല" എന്നു് ഉദീരണംചെയ്യുന്ന അവിടുത്തെ ദിവ്യാദർശത്തിന്റെ മുമ്പിൽ ആരാണു് തലകുനിക്കാതിരിക്കുക?

ഉജ്ജ്വലത്തായ ഈ മാതൃകയുടെ പ്രഭാപൂരമേററിട്ടാണു് അവിടുത്തെ അനുയായികളായ ലക്ഷോപലക്ഷങ്ങൾ ജീവിതത്തിന്റെ തീരാക്ലേശങ്ങളെ പുഞ്ചിരിതൂകുന്ന വദനങ്ങളോടും ശാന്തതയനുഭവിക്കുന്ന ഹൃദയങ്ങളോടുംകൂടി സഹിക്കുന്നതു്; ദാരുണതമമായ പീഡനങ്ങളുടെ മദ്ധ്യത്തിൽ ദൈവസ്തുതിഗീതങ്ങൾ ആലപിച്ചുകൊണ്ടു് തുടിക്കുന്ന ഹൃദയങ്ങളോടുകൂടി മരണവേദിയെ നേരിടുന്നതു്. ഭൗതികത്വത്താൽ അന്ധമായ ലോകത്തിനു് ഗ്രഹിക്കാനാവാത്ത അഭൗമികമായ ഒരു പ്രേരണാശക്തിയാണു് ഇവിടെ നടനം ചെയ്യുന്നതു്. ക്രിസ്തുവും അവിടുത്തെ യഥാർത്ഥ അനുയായികളും തമ്മിൽ നിലകൊള്ളുന്നതും, അവർതമ്മിൽ ആന്തരികമായി പരസ്പരം പകരപ്പെടുന്നതുമായ സ്നേഹചൈതന്യത്തിന്റെ പ്രതിഫലനമാണു് ഇതിൽ പ്രകാശിക്കുന്നതു്. തിരുസഭയാകുന്ന മൗതികശരീരത്തിൽ ശിരസാകുന്ന ക്രിസ്തുവിന്റെ അഭിലാഷങ്ങൾ സാക്ഷാത്കരിക്കപ്പെടുന്നു; അവിടുത്തെ മോഹനമായ ജീവിതാദർശം പ്രായോഗികമാക്കപ്പെടുന്നു. ഇതാണു് ജീവിതക്ലേശങ്ങളെസംബന്ധിച്ചു് ക്രിസ്തു നൽകുന്ന വേദാന്തം.

### മാർപ്പാപ്പാ ക്ലേശിതരെ സമീപിക്കുന്നു

ലോകത്തിൽ ക്രിസ്തുവിന്റെ വികാരിയായ പരിശുദ്ധ മാർപ്പാപ്പാ ഈ വേദാന്തത്തെയാണു് അനുസ്യൂതം ക്ലേശിതരായ ജനവിഭാഗങ്ങളെ ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുന്നതു്. ഭീകരമായ മഹായുദ്ധത്തിന്റെ നാശനഷ്ടങ്ങളിൽ ജീവിതസർവ്വസ്വവും കൈവെടിയേണ്ടിവന്ന ദുർഭഗലോകത്തോടു തിരുമേനി അറിയിച്ച സമാശ്വാസസന്ദേശം ഇതായിരുന്നു. നിരീശ്വരത്വവും ഭൗതികത്വവും ഇരമ്പിക്കയറി മനുഷ്യന്റെ സൗഭാഗ്യജീവിതത്തിന്റെ മൂല്യങ്ങളെ തട്ടിത്തകർത്തു കഷ്ടാരിഷ്ടതകളെ എമ്പാടും വിതറിക്കൊണ്ടു മുന്നേറുന്ന ആധുനികലോകത്തിലെ ക്ലേശിതരായ ജനവ്യൂഹങ്ങളോടും തിരുമേനി ഇതേ ദൗത്യമാണറിയിക്കുന്നതു്. ലോകത്തെവിടെയും രോഗംമൂലം ക്ലേശമനുഭവിച്ചുകൊണ്ടിരിക്കുന്ന അവിടുത്തെ അരുമസന്താനങ്ങളെ അഭിസംബോധനം ചെയ്തുകൊണ്ടു്, കഠിനരോഗത്താൽ ശയ്യാവലംബിയായിരിക്കുന്ന പരിശുദ്ധ പിതാവു ഫെബ്രുവരി 14-ാംനു പ്രക്ഷേപണം ചെയ്ത സമാശ്വാസസന്ദേശം ഇതിനു വേറൊരുദാഹരണമാണു്. രോഗങ്ങളേയും ജീവിതക്ലേശങ്ങളേയും ക്രിസ്തീയമായ മനോഭാവത്തോടുകൂടി അഭിമുഖീകരിക്കുന്നതിനുള്ള തീവ്രമായ ഒരാഹ്വാനമായിരുന്നു അതു്. ഈ വിഷയത്തിൽ ക്രിസ്തീയമായ മനോഭാവത്തേയും പരിശുദ്ധ പിതാവിന്റെ പൈതൃകമായ സ്നേഹവാത്സല്യങ്ങളേയും പ്രകടമാക്കുന്നതിനു പ്രസ്തുത സന്ദേശത്തിൽനിന്നു ചില ഭാഗങ്ങൾ ഉദ്ധരിച്ചുകൊള്ളുന്നു. ആദ്യമായിത്തന്നെ തിരുമേനി ക്ലേശമനുഭവിക്കുന്ന ഈ വിഭാഗം ദൈവത്തിനും ദൈവജനനിക്കും എത്ര ഇഷ്ടപ്പെട്ടവരാണെന്നും, തിരുസഭയ്ക്കും ലോകത്തിനും അവരുടെ സഹനംമൂലം ലഭിക്കാവുന്ന അനുഗ്രഹങ്ങൾ എത്ര മഹത്തരങ്ങളാണെന്നും അനുസ്മരിക്കുന്നു.

"കോളിളകിയ സമുദ്രമദ്ധ്യത്തിൽനിന്നും സുരക്ഷിതമായ ഒരു തുറമുഖത്തേക്കെന്നവണ്ണം, മറിയത്തിന്റെ മാതൃവക്ഷസ്സിലേക്കോടിയണയുന്നവരായ നിങ്ങളുടെ (രോഗികളുടെ) മേൽ ആ ദിവ്യാംബിക മൃദുലമായ സ്നേഹവായ്പോടെ കുനിഞ്ഞുനിന്നുകൊണ്ടു് നിങ്ങളുടെ ക്ലേശങ്ങളുടെ കണ്ണുനീർ തുടച്ചുനീക്കാൻ വെമ്പൽകൊള്ളുകയാണു്. അപ്രകാരംതന്നെ, തിരുസഭയുടേയും മാനവവംശത്തിന്റേയും സുസ്ഥിതിക്കാവശ്യമായതും, "ഫുൾജൻസ് കൊറോണാ" എന്ന നമ്മുടെ മരിയവത്സര ചാക്രികലേഖനത്തിൽ ഉദ്ദർശനം ചെയ്യപ്പെട്ടിരുന്നതുമായ അത്യാവശ്യകങ്ങളും വിവിധങ്ങളുമായ അനുഗ്രഹങ്ങൾ ഈ വിശുദ്ധവത്സരത്തിൽ സംസിദ്ധമാകുന്നതിനുവേണ്ടി ക്രിസ്തുവിന്റെ വികാരിയായ നാമും, ദൈവത്തിന്റെ തിരുസഭയുടെ വിലതീരാത്ത മാണിക്യക്കല്ലുകളും അവളുടെ ആദ്ധ്യാത്മികശക്തിയുടെ പ്രബലസങ്കേതവുമായ നിങ്ങളേയാണാശ്രയിക്കുന്നതു്.

"ദൈവത്തിന്റെ സർവ്വവ്യാപകത്വം നമുക്കുണ്ടായിരുന്നെങ്കിൽ കൊള്ളാമായിരുന്നു എന്നു നാമഭിലഷിക്കുന്നു! വലുതും ചെറുതുമായ ആശുപത്രികളിലും, ആരോഗ്യസദനങ്ങളിലും, ക്ലിനിക്കുകളിലും, വിശ്രമസങ്കേതങ്ങളിലും, കാരാഗൃഹങ്ങളിലും, പട്ടാളപ്പാളയങ്ങളിലും, അഗതികളുടെ പാഴ്കുടിലുകളിലും, വീടുകളുടെ വേർതിരിക്കപ്പെട്ട വിജനമുറികളിലും കിടന്നു നരകിക്കുന്ന വാത്സല്യപുത്രന്മാരേ, പുത്രിമാരേ, നിങ്ങളോരോരുത്തരുടേയും അരികത്തു വന്നണയുന്നതിനാണു് നാമാവേശംകൊള്ളുന്നതു്. സൂര്യപ്രകാശമേല്ക്കാത്ത പുഷ്പങ്ങൾപോലെ ഗ്ലാനവദനരായ പിഞ്ചുകുഞ്ഞുങ്ങളേയും, യൗവനത്തിന്റെ പ്രസന്നത നാമാവശേഷമായെങ്കിലും ആത്മാവിന്റെ ധീരതയെ വിളിച്ചറിയിക്കുന്നവിധം വിരളമായ പുഞ്ചിരിപൊഴിയുന്ന യുവജനങ്ങളേയും, സുപരിചിതങ്ങളായ ജീവിത പ്രവർത്തനങ്ങളിൽനിന്നു നിഷ്ഠൂരമായി പിടിച്ചുകററപ്പെട്ട മദ്ധ്യവയസ്കരേയും, വാർദ്ധക്യസഹജമായ അസ്വാസ്ഥ്യതകൾക്കു പുറമെ, രോഗത്തിന്റെ ക്ലേശങ്ങളും വേദനകളും സഹിച്ചുകൊണ്ടിരിക്കുന്ന വൃദ്ധന്മാരേയും സമീപിക്കുന്നതിനാണു് നാമഭിലഷിക്കുന്നതു്."

### സമാശ്വാസം

പരിശുദ്ധ പിതാവിന്റെ ഹൃദയപൂർവ്വകമായ സ്നേഹവികാരങ്ങളെ പ്രസ്പഷ്ടമാക്കിയശേഷം തിരുമേനി അവർക്കു് സമാശ്വാസം നൽകുകയാണു്: "അരൂപിയിൽ മാത്രം നിങ്ങളുടെ അടുത്തുവന്നു നിന്നുകൊണ്ടു് തല്ക്കാലം നാം തൃപ്തിപ്പെടേണ്ടിയിരിക്കുന്നു. കുഞ്ഞുങ്ങളുടെ അരികിൽ ഒരമ്മയെപ്പോലെ നാം അണഞ്ഞുനില്ക്കുന്നു. തങ്ങളുടെ കുഞ്ഞുമക്കളെ അനാഥരായി വിട്ടുപോകണമോ എന്നുള്ള വിചാരത്താൽ ഭയന്നു് വിറകൊള്ളുന്ന മാതാപിതാക്കന്മാരുടെ ചാരത്തും നാം അണഞ്ഞുനില്ക്കുന്നു. നമ്മുടെ പൈതൃകമായ അനുഗ്രഹം നിങ്ങൾക്കോരോരുത്തർക്കും നാം നൽകുന്നു. നമ്മുടെ സ്നേഹപിതാവും സർവ്വശക്തനുമായ ദൈവം അവിടുത്തെ അനന്തമായ പരിപാലനയുടെ പ്രത്യേകമായ പരിപാടിയിൽ നിങ്ങൾക്കു് ഏററവും നല്ലതെന്നു നിർണ്ണയിച്ചിട്ടുള്ള അനുഗ്രഹം അതുവഴിയായി നിങ്ങൾക്കു നൽകുന്നതിനു നാം പ്രാർത്ഥിക്കുന്നു. നിങ്ങളുമായി നടത്തുന്ന അരൂപിയിലുള്ള ഈ ചുരുങ്ങിയ സന്ദർശനം അവസാനിക്കുമ്പോൾ, നമ്മുടെ അനുഗ്രഹത്തിന്റെ ആദ്ധ്യാ

## തിരുനാൾ മംഗളങ്ങൾ



തിരുവല്ലാമെത്രാൻ ആർച്ചുബിഷപ്പ് മാർ ജോസഫ് സെവേറിയോസ് തിരുമനസ്സുകൊണ്ടു് (തിരുനാൾ—മാർച്ച് 19)



വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമനസ്സുകൊണ്ടു് (തിരുനാൾ—മാർച്ച് 19)



തിരുവനന്തപുരം അഡ്മിനിസ്ട്രേററർ റൈററ് റവ. മാർ ബനഡിക്ട് ഗ്രിഗോരിയോസ് തിരുമനസ്സുകൊണ്ടു് (തിരുനാൾ—മാർച്ച് 12)

ത്മികവും ശാരീരികവുമായ നവ്യഫലങ്ങൾ നിങ്ങൾക്കനുഭവപ്പെട്ടതിനും, പൂർണ്ണഹൃദയത്തോടെ നാം നിങ്ങൾക്കു നൽകുന്ന സന്ദേശത്തിന്റെ സമാശ്വാസം നിങ്ങൾക്കു് ലഭിക്കുന്നതിനും കർത്താവു് നിങ്ങളെ അനുഗ്രഹിക്കട്ടെ.

## ക്രിസ്തുവിനെ ഓർത്തു് ക്ഷമിക്കണം

"അതാ, ആ ആശുപത്രിയിൽ ഒരു യുവാവു് കിടന്നു് വേദനയനുഭവിക്കുന്നതായും വേദനകളുടെ മദ്ധ്യത്തിൽ അയാൾ ശാപവാക്കുകൾ പറയുന്നതായും നാം കാണുന്നതുപോലെ തോന്നുന്നു. ഒരുകാലത്തു് അയാൾ ആരോഗ്യവാനായിരുന്നു; കോമളനായിരുന്നു; അയാളുടെ മാതാപിതാക്കന്മാരുടെ അഭിമാനവും ആനന്ദവുമായിരുന്നു. എന്നാൽ കഠിനമായ രോഗത്താൽ ക്ഷീണിതനായ അവൻ തങ്ങൾക്കു് നഷ്ടപ്പെട്ടേക്കുമോയെന്നുള്ള ആശങ്കയാൽ അവരുടെ ഹൃദയം ഇപ്പോൾ പിളരുകയാണു്. ആ യുവാവിനാകട്ടെ, തന്റെ ജീവിതം സമാപിക്കുന്നതായി തോന്നുന്നു. ആരോഗ്യത്തോടു് അയാൾ യാത്രപറയുന്നു; കായികശക്തിയോടയാൾ യാത്രപറയുന്നു; പ്രത്യാശകളോടു് യാത്രപറയുന്നു; ആവേശപൂർവ്വം കരുപ്പിടിപ്പിച്ചിരുന്ന ജീവിതപ്ലാനുകളോടെല്ലാം യാത്രപറയുന്നു; സ്നേഹബന്ധങ്ങളോടു് യാത്രപറയുന്നു! പക്ഷെ, ആ യുവാവു് ഇപ്പോൾ ഒരു വിപ്ലവത്തിനു് വട്ടംകൂട്ടുകയാണു്! "എന്തുകൊണ്ടു് ഞാൻ മരിക്കണം? ജീവിക്കുന്നതിനു് എനിക്കും അവകാശമില്ലേ? ഈ വിധം സഹിക്കുന്നതിനും മരിക്കുന്നതിനും ഒരു നല്ല ദൈവത്തിനു് അനുവദിക്കാമോ? എന്തു തിന്മയാണു് അതിനു ഞാൻ ചെയ്തിട്ടുള്ളതു്?"

"പ്രിയ മക്കളേ, നിങ്ങളിൽ എത്രപേർ നെററിചുളിച്ചിട്ടുണ്ടു്? അരിശംകൊണ്ടു് വിറച്ചിട്ടുണ്ടു്? ശാപവാക്കുകൾ പറഞ്ഞിട്ടുണ്ടു്? നിങ്ങളുടെ അടുത്തുവരുന്നതിനു് നാം പ്രത്യേകം അഭിലഷിക്കുന്നു. പനിയുടെ ചൂടുകൊണ്ടു് പൊരിയുന്ന നിങ്ങളുടെ നെററിയിൽ പതുക്കെ കൈവയ്ക്കുന്നതിനു നാമാഗ്രഹിക്കുന്നു. സൗമ്യമായി നിങ്ങളുടെ ചെവിയിൽ ഇങ്ങനെ മന്ത്രിക്കുന്നതിനു നാം ആവേശംകൊള്ളുന്നു: വേദനസഹിക്കുന്ന ആത്മാവേ, നീ എന്തിനു് വിപ്ലവപ്പെടുന്നു? പീഡാനുഭവങ്ങളുടെ ഈ ഇരുളടഞ്ഞ രഹസ്യത്തിന്മേൽ മിശിഹായുടെ കുരിശിൽനിന്നു് പുറപ്പെടുന്ന പ്രകാശത്തിന്റെ കതിരുകളെ നീ ഒന്നു വിതറുക. അവിടുന്നു് എന്തു കുററമാണു് ചെയ്തതു്? നിങ്ങളുടെ ആശുപത്രി മുറിയിൽ ഒരുപക്ഷെ ഒരു മാതൃസ്വരൂപം തൂക്കിയിരിക്കാം. നോക്കുക, അവളെന്തു തിന്മയാണു് ചെയ്തതു്? ക്ലേശങ്ങൾകൊണ്ടു് വിവശമായി നിരാശയിൽ പെടുന്ന ആത്മാവേ, ഇതൊന്നു ശ്രവിക്കുക. മിശിഹായും അവിടുത്തെ മാതാവും പീഡകൾ സഹിച്ചു; തീർച്ചയായും അവരുടെ കുററംകൊണ്ടല്ലല്ലോ. എന്നാൽ ദൈവത്തിന്റെ തിരുവുള്ളത്തോടു് പരിപൂർണ്ണമായി യോജിച്ചും തികഞ്ഞ സമ്മതത്തോടുംകൂടിയല്ലേ അവർ സഹിച്ചതു്? പക്ഷെ, നിന്റെ സഹനത്തിന്റെ കാരണമെന്താണെന്നു് നീ എപ്പോഴെങ്കിലും ആരാഞ്ഞിട്ടുണ്ടോ?

## തിന്മകളുടെ പരിഹാരമായിരിക്കാം

"ഒരു പക്ഷെ നീ തിന്മപ്രവർത്തിച്ചിരിക്കാം. ചിന്തിച്ചുനോക്കുക. ദൈവത്തെ പല പ്രാവശ്യം പല വിധത്തിലും നീ ദ്രോഹിച്ചിരിക്കാം. ഗൗരവമായ ഒരു തിന്മപ്രവൃത്തിമൂലം നിത്യശിക്ഷയാണു് നീ അർഹിച്ചതെന്നു നിനക്കറിയാം. പക്ഷെ അതു നിനക്കു സംഭവിച്ചില്ല; ഇപ്പോഴും നീ ദൈവത്തിന്റെ അനുഗ്രഹകടാക്ഷത്തിലും മറിയത്തിന്റെ മാതൃകരങ്ങളിലും ജീവിച്ചിരിക്കുന്നു! അതുകൊണ്ടു കർത്താവു് നിന്റെ ഏതെങ്കിലും പാപത്തിനുവേണ്ടി നിന്നെ ശിക്ഷിക്കുന്നു എങ്കിൽ നീ ശാപവാക്കുകൾ പറയുകയും സ്വയം നിന്ദിതനാവുകയും ചെയ്യുന്നതു ശരിയാണോ? ക്രൂരനായ ഒരു യജമാനനാൽ ശിക്ഷിക്കപ്പെടുന്ന അടിമയല്ലല്ലോ നീ. നീ ദൈവത്തിന്റെ പുത്രനാണു്. ആ പിതാവു നിന്നോടു പ്രതികാരം ചെയ്യുകയല്ല; നിന്റെ തെററു തിരുത്തുകയാണു്. നിന്നോടു ക്ഷമിക്കുന്നതിനും നിന്റെ ആത്മാവിനെ വീണ്ടും ജീവിപ്പിക്കുന്നതിനുംവേണ്ടി "ഞാൻ പാപിയാണു" എന്നു നീ ഏററുപറയുന്നതിനാണു് അവിടുന്നാഗ്രഹിക്കുന്നതു്.

## ദൈവത്തിന്റെ തിരുമനസ്സായിരിക്കാം

"ഒരു പക്ഷേ നീ തിന്മയൊന്നും പ്രവർത്തിച്ചിട്ടില്ലായിരിക്കും; നീ നിഷ്കളങ്കനായിരിക്കാം. എന്നാലും നീ വിപ്ലവകാരിയാകരുതു്. പീഡകളും മാനുഷികമായ വിപത്തുകളും എപ്പോഴും ശിക്ഷയായിട്ടാണു് സംഭവിക്കുന്നതെന്നു വിചാരിക്കുന്നതു ശരിയല്ല. വിശുദ്ധ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സംഭവം നീ ഓർക്കുന്നുണ്ടോ? ഒരു ദിവസം ഒരു കുരുടൻ കർത്താവിന്റെ സന്നിധിയിൽ കൊണ്ടുവരപ്പെട്ടു. കുരുടനായി പിറക്കുന്നതിനു് ഇയാളോ ഇയാളുടെ മാതാപിതാക്കന്മാരോ ആരാണു് പാപം ചെയ്തതെന്നു ശിഷ്യന്മാർ കർത്താവിനോടു ചോദിച്ചപ്പോൾ അവിടുന്നു എന്താണു് മറുപടി പറഞ്ഞതു്? "അവനും പാപം ചെയ്തില്ല; അവന്റെ മാതാപിതാക്കന്മാരും പാപം ചെയ്തില്ല. എന്നാൽ അവൻവഴിയായി ദൈവത്തിന്റെ പ്രവൃത്തികൾ പ്രത്യക്ഷമാക്കപ്പെടേണ്ടതാവശ്യമായിരിക്കുന്നു" (വിശുദ്ധ യോഹന്നാൻ IX·2—3) എന്നല്ലയോ? അതുകൊണ്ടു നിർദ്ദോഷികളുടെ ക്ലേശാനുഭവങ്ങളും ദൈവമഹത്വത്തിന്റെ നിഗൂഢമായ പ്രത്യക്ഷീകരണമാണു്. നീണ്ട പരിചിന്തനങ്ങളൊന്നും ചെയ്തു ക്ലേശിക്കേണ്ടാ, ഇതു മനസ്സിലാക്കുവാൻ. വിമലയായ പരിശുദ്ധ അമ്മയെ നോക്കുക. അവളുടെ മടിയിൽ ദിവ്യസുതന്റെ മൃതദേഹമാണു് കിടക്കുന്നതു്. വ്യാകുലയായ ആ അമ്മ ദൈവത്തെ ശപിക്കുകയായിരുന്നു എന്നു വിചാരിക്കുവാൻ നിനക്കു സാധിക്കുമോ? അവളുടെ സഹനങ്ങളുടെ കാരണങ്ങളെപ്പററി അവൾ ചോദ്യം ചെയ്തിരിക്കുമോ? അവളുടെ അരുമസുതൻ പീഡിതനായി മരണമടഞ്ഞിരുന്നില്ലെങ്കിൽ നാം രക്ഷപ്പെടുമായിരുന്നില്ല. രക്ഷപ്രാപിക്കുന്നതിനു നമുക്കു യാതൊരു സാദ്ധ്യതയും ഉണ്ടാവുകയില്ലായിരുന്നു.

അങ്ങേ തിരുമനസ്സു നിറവേററ" എന്നു ക്ഷമയോടും കീഴ്‌വഴക്കത്തോടുംകൂടി ഏററുപറയുന്നതിനു ഇനിയും പരിശീലിച്ചിട്ടില്ലാത്ത പ്രിയമക്കളേ, നിങ്ങൾക്കെല്ലാവർക്കുംവേണ്ടി ദൈവാനുഗ്രഹം നാമപേക്ഷിക്കുന്നു. നിങ്ങളുടെ മനസ്സു ദൈവത്തിന്റെ പ്ലാനിനും, അവിടുത്തെ തിരുമനസ്സിനും അവിടുത്തെ പരിപാടികൾക്കും വിരുദ്ധമായി നിലകൊള്ളാതിരിക്കുന്നതിനും, സഹനത്തിന്റെ കാസാ നിങ്ങൾ കുടിച്ചൊഴിക്കണമെന്നു അവിടുന്നു നിശ്ചയിക്കുന്ന അവസരത്തിലും ദൈവപിതാവിന്റെ സ്നേഹത്തിലും അനുകമ്പയിലും ഉറച്ചുവിശ്വസിക്കുന്നതിനും ആവശ്യമായ പ്രകാശം നിങ്ങളുടെ ആത്മാവിൽ ചൊരിയുന്നതിനു നിങ്ങൾക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നു."

തുടർന്നു് പരിശുദ്ധപിതാവു് കത്തോലിക്കാസഭയിൽ പ്രകടമായിക്കൊണ്ടിരിക്കുന്ന സഹനാരൂപിയേയും അതുവഴിയായി സാധിച്ചുകൊണ്ടിരിക്കുന്ന നാനാതരനേട്ടങ്ങളേയും ഓരോന്നായി എടുത്തുകാണിക്കുകയും സഹനത്തിനുള്ള മനസ്ഥിതിയെ എല്ലാവരുടേയും ഹൃദയങ്ങളിൽ ഉറപ്പിക്കുന്നതിനു പരിശ്രമിക്കുകയും ചെയ്യുന്നു. പരിശുദ്ധപിതാവു് രോഗക്കിടക്കയിൽ കിടന്നുകൊണ്ടു് രോഗികളോടു ചെയ്യുന്ന ആഹ്വാനം ജീവിതക്ലേശങ്ങളെ അവയുടെ ശരിയായ വെളിച്ചത്തിൽ ദർശിക്കുന്നതിനും ഫലപ്രദമായ വിധത്തിൽ അവയെ നേരിടുന്നതിനും ലോകത്തെ ഉൽബോധിപ്പിക്കുന്ന പണ്ഡിതോചിതവും പ്രാമാണ്യവുമായ ഒരു രേഖയാണെന്നതിൽ സംശയമില്ല.

## പ്രസാധകക്കുറിപ്പുകൾ

### പുതിയ നിയമസഭയിലെ കോൺഗ്രസ്പാർട്ടി സാമാജികന്മാർ

തിരുക്കൊച്ചിയിലെ ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്പാർട്ടി 115 സ്ഥാനാർത്ഥികളെ നിർത്തിയിരുന്നു. അവരിൽ ഹിന്ദുക്കൾ 69, ക്രിസ്ത്യാനികൾ 39, മുസ്ലീമിങ്ങൾ 7. ഇവരിൽ 45 പേർ വിജയികളായി. അവരിൽ ഹിന്ദുക്കൾ 19, ക്രിസ്ത്യാനികൾ 23, മുസ്ലിമിങ്ങൾ 3; ഈ 19 ഹിന്ദുക്കളിൽ നായന്മാർ 11, ഈഴവർ 3, ആദിദ്രാവിഡർ 3, ബ്രാഹ്മണർ 2. തിരഞ്ഞെടുപ്പുഫലം ഈവിധത്തിൽ വന്നതിനെപ്പററി "സഹോദരൻ" പത്രം ഇപ്രകാരം പരാമർശിക്കുന്നു:

തിരുക്കൊച്ചി തിരഞ്ഞെടുപ്പിൽ കോൺഗ്രസിനു് ഒരുവിധം നല്ല ഭൂരിപക്ഷം കിട്ടുമെന്നായിരുന്നു ഞങ്ങളുടെ പ്രതീക്ഷ. ആ പ്രതീക്ഷ കൊച്ചിഭാഗത്തെ സംബന്ധിച്ചിടത്തോളം ശരിയായിരുന്നു. ആ ഭാഗത്തു് കോൺഗ്രസിനാണു് ഭൂരിപക്ഷം. തിരുവിതാംകൂർ ഭാഗത്താണു് പ്രതിപക്ഷന്നിനു് കയററംവന്നതു്. അതു് പ്രതിപക്ഷത്തിനു് ആശയപരമായി സിദ്ധിച്ച ജനസ്വാധീനക്കൂടുതലുകൊണ്ടാണെന്നു് പറയുവാൻ നിവൃത്തിയില്ല. കമ്മ്യൂണിസ്റ്റു് പാർട്ടിക്കു് കൊച്ചിഭാഗത്തും തിരുവിതാംകൂർ ഭാഗത്തും ഒരുപോലെയാണു് പ്രചാരമെങ്കിലും കൊച്ചിഭാഗത്തു് കമ്മ്യൂണിസ്റ്റു് പ്രധാനികൾ വളരെ തോററു. തിരുവിതാംകൂർ ഭാഗത്തു് വളരെ ജയിക്കുകയുംചെയ്തു. കൊച്ചിഭാഗത്തു് കമ്മ്യൂണിസ്റ്റുകൾക്കും മററു പ്രതിപക്ഷകക്ഷികൾക്കും ആശയപരമായി അവരോടു് ആനുകൂല്യമുള്ളവരുടെ വോട്ടുകൾ മാത്രമാണധികവും കിട്ടിയതു്. തിരുവിതാംകൂറിലവർക്കു് ഈ രാഷ്ട്രീയവോട്ടുകൾക്കു പുറമെ വളരെ സമുദായവോട്ടും കിട്ടിയിരിക്കും. ആശയത്തിൽ കോൺഗ്രസിനോടു് യോജിക്കുന്നവരും പ്രതിപക്ഷത്തോടു യോജിക്കാത്തവരുമായ വളരെ ഹിന്ദുക്കളുടെ വോട്ടുകൾ അവർക്കു് കിട്ടിയിട്ടുണ്ടു്. തലമറന്നു് എണ്ണതേയ്ക്കുന്നവരുടെസംഖ്യ ഇത്രവരുമെന്നു് കണക്കാക്കാതെ പോയതുകൊണ്ടാണു് ഞങ്ങളുടെ പ്രതീക്ഷ പിഴച്ചതു്.

* * *

### ഹിന്ദുക്കളുടെ വർഗ്ഗീയത തിരഞ്ഞെടുപ്പിൽ പ്രവർത്തിച്ചു

തിരഞ്ഞെടുപ്പിൽകോൺഗ്രസ്സ് പാർട്ടിക്കു് തോൽവി പററത്തക്കവണ്ണം ഹിന്ദുക്കളുടെ വർഗ്ഗീയത അതിൽ പ്രവർത്തിച്ചുവെന്നുള്ള സഹോദരൻ പത്രത്തിന്റെ അനയത്തെ ചരിത്രപരമായ വസ്തുതകൾ ഉദ്ധരിച്ചു് വിശദീകരിക്കുന്ന ഒരു ലേഖനം "അപ്പോദേശ്" പത്രത്തിൽ ഒരു മാന്യൻ എഴുതിയിരുന്നു. ഇവിടെ കോൺഗ്രസിനു് നേരിടേണ്ടിയിരുന്ന ശത്രു നായന്മാരുടെ വർഗ്ഗീയതയാണെന്നു് പ്രാരംഭമായി പ്രസ്താവിച്ചുകൊണ്ടു്, ആ പ്രസ്താവത്തെ എറെക്കൊല്ലങ്ങളായി തിരുവിതാംകൂറിൽ നടന്നിട്ടുള്ള പല രാഷ്ട്രീയസംഭവങ്ങളേയും ചുരുക്കത്തിൽ വിവരിച്ചു് ലേഖനം സ്ഥാപിക്കുന്നു. അനന്തരം ഇങ്ങനെ തുടരുന്നു:—

ഈ തിരഞ്ഞെടുപ്പിൽ കഴിഞ്ഞ കാലങ്ങളെപ്പോലുള്ള വർഗ്ഗീയതയും പരാജയവും സംഭവിക്കുകയില്ലെന്നു പലരും വിശ്വസിച്ചു. നായർനേതാവായ മന്നവും ഈഴവനേതാവായ ശങ്കരും മനസ്സുററും ആത്മാർത്ഥമായും കോൺഗ്രസ്സാണു് രാജ്യത്തിനാവശ്യമെന്നു് പൊതുജനങ്ങളെ നാടുനീളെ നടന്നു് ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ ഈ രാഷ്ട്രീയനേതാക്കന്മാർ ഒരുകാര്യം മനസ്സിലാക്കിയില്ല. ഇവിടത്തെ നായർസമുദായവും ഈഴവസമുദായവും ഒരുകാലത്തു് നേതാക്കന്മാരുടെ വാക്കുകളെ ആദരിച്ചിരുന്നുവെങ്കിലും ഇപ്പോൾ അവർ നേതാക്കന്മാരെയല്ല അനുകരിക്കുന്നതു്. അവരുടെ പൊതുവഭിപ്രായം അനുസരിച്ചു് പറയുന്ന നേതാക്കന്മാരെ അനുസരിക്കുക എന്നതാണവരുടെ നയം. ഈഴവർ കമ്മ്യൂണിസ്റ്റുതല്പരരാണു്. അവർ സമുദായസ്നേഹികളുമാണു്. സമുദായത്തേയും യോഗത്തേയും കമ്മ്യൂണിസത്തേയും ആദരിച്ചുപറയുന്നവർ അവരുടെ നേതാവായിരിക്കും. അല്ലാത്തവർ എന്തുപറഞ്ഞാലും ഫലമില്ല. അതുതന്നെ നായരുടേയും നില. ഇൻഡ്യൻ കോൺഗ്രസ്സ്, നെഹ്രുവിന്റെ കോൺഗ്രസ്സ്, അവർക്കു പഥ്യമാണു്. തിരുക്കൊച്ചി കോൺഗ്രസ്സ്, ക്രിസ്ത്യൻ കോൺഗ്രസ്സ്, അവർക്കു വേണ്ടാ. അങ്ങനെ പറയുന്നവർ അവരുടെ നേതാക്കളാണു്. ഇവിടത്തെ കോൺഗ്രസിൽ ക്രിസ്ത്യാനികൾക്കു് പ്രാതിനിധ്യമില്ലാതെ വന്നാൽ, കോൺഗ്രസിൽ നായന്മാർ ഒന്നടങ്കം പ്രവേശിക്കുമെന്നു് "ദേശബന്ധു" ഒരിക്കൽ പറഞ്ഞതുതന്നെയാണു് അവരുടെ ചിന്താഗതി. അതിനാൽ ഇവിടത്തെ തിരഞ്ഞെടുപ്പിൽ ക്രിസ്ത്യൻ കോൺഗ്രസ്സ് ജയിക്കേണ്ട, നായന്മാരുടെ ശക്തിമാത്രം ഉൾക്കൊള്ളുന്ന മററു കക്ഷികൾ ജയിച്ചാൽ മതി, എന്നാണു് അവർ നിശ്ചയിച്ചതു്. രാജ്യനന്മയെന്നും മററും അവർ പറയുന്നതു് നായരുടെ ഔദ്യോഗികവും സാമ്പത്തികവുമായ നന്മയാണു്. അതു സാധിക്കണമെങ്കിൽ ക്രൈസ്തവവൈരം പ്രകടിപ്പിക്കുന്ന ഇടതുപക്ഷപാർട്ടികൾ വിജയിക്കണം.

### തിരഞ്ഞെടുപ്പിൽ വർഗ്ഗീയവാദികൾ പ്രയോഗിച്ച കൗശലങ്ങൾ

മുകളിൽപ്പറഞ്ഞ ഉദ്ദേശം സാധിക്കുന്നതിനു ഈ വർഗ്ഗീയവാദികൾ ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പ്രയോഗിച്ച കൗശലങ്ങളെ പ്രസ്തുത ലേഖനത്തിൽ ഇപ്രകാരം ചൂണ്ടിക്കാണിക്കുന്നു.

1. ഈഴവനയം—കോൺഗ്രസ്സ്ഥാനാർത്ഥി ആരായിരുന്നാലുംഅതിനെതിരായിവോട്ടുചെയ്യുക എന്നതാണു് ഈഴവന്റെ മതം. കമ്മ്യൂണിസ്റ്റുണ്ടെങ്കിൽ അയാളോടു കൂടുതൽ പഥ്യംകാണിക്കണം. ഇല്ലെങ്കിൽ പിന്നെയുള്ള കോൺഗ്രസ്സേതരൻ അവരുടെ ആൾ.

2. നായർനയം—എ) കോൺഗ്രസ്സ്ഥാനാർത്ഥി ഈഴവനോ ക്രിസ്ത്യാനിയോ എങ്കിൽ എതിർക്കുക.

ബി) കോൺഗ്രസ്സ്ഥാനാർത്ഥി നായരും എതിരാളി നായരേതരനും ആയാൽ നായരെ അനുകൂലിക്കുക.

സി) രണ്ടും നായരായാൽ കോൺഗ്രസ്സേതരനെ അനുകൂലിക്കുക.

ഡി) രണ്ടും അന്യരായാലും കോൺഗ്രസേതരനെ അനുകൂലിക്കുക.

കോട്ടയത്തു കോൺഗ്രസ്സ്ഥാനാർത്ഥി ക്രിസ്ത്യാനിയും എതിരാളി നായരുമായിരുന്നു. നായർ ഒന്നടങ്കം, 99ശതമാനം, നായർക്കു വോട്ടുചെയ്തു. തിരുവാർപ്പിൽ കോൺഗ്രസ്സ്ഈഴവനെ എതിർത്തു കമ്മ്യൂണിസ്റ്റ്നായരെ അവർ അനുകൂലിച്ചു. കഴിഞ്ഞതിരഞ്ഞെടുപ്പിൽ നായന്മാരുടെകണ്ണിലുണ്ണിയായ കെ. പി. നീലകണ്ഠപ്പിള്ള സ്പീക്കർ ആയിരുന്നിട്ടുപോലും പട്ടത്തിനുവേണ്ടി അദ്ദേഹത്തെ ബലികഴിച്ചു. മീനച്ചിലും രാമപുരത്തും രണ്ടും ക്രിസ്ത്യാനികളായപ്പോൾ എതിർപക്ഷത്തെ സഹായിച്ചു. ഇങ്ങനെ ദൃഷ്ടാന്തങ്ങൾ വർദ്ധിപ്പിക്കാം. ഈഴവനേതാക്കന്മാരെന്നു കരുതപ്പെടുന്ന ശങ്കർ, വി. മാധവൻ, ഇ. കെ. മാധവൻ, കൃഷ്ണൻ അയ്യപ്പൻ, പി. നാണു, കേശവപ്പണിക്കർ എന്നിവരെയെല്ലാം ഈഴവർ ദൂരെ തള്ളി.

* * *

### ഇപ്പോഴും വോട്ടു് ഏററം അധികം കോൺഗ്രസ്പാർട്ടിക്കു്

ഇത്തവണത്തേ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ്പാർട്ടിക്കു് ഭൂരിപക്ഷം സീററുകൾ ലഭിച്ചില്ലെങ്കിലും കോൺഗ്രസ്സ് ആദർശങ്ങൾക്കാണു് ജനസമ്മതത്തിന്റെ ഭൂരിപക്ഷം ലഭിച്ചിരിക്കുന്നതെന്നു് വിവിധപാർട്ടികൾക്കു കിട്ടിയിട്ടുള്ള വോട്ടുകളുടെ കണക്കുകളിൽനിന്നു കാണാം. ആ കണക്കു താഴെ ചേർക്കുന്നു.

ആകെ പോൾചെയ്ത വോട്ടുകൾ 38,2[illegible],399 ആണു്. ഇതിൽ

| | |
|---|---|
| കോൺഗ്രസ്സ്. | 17,69,569 |
| കമ്മ്യൂണിസ്റ്റ് | 6,29,791 |
| പി. എസ്സ്. പി. | 5,89,140 |
| തമിഴ്നാട്ടു് കോൺഗ്രസ്സ് | 2,4[illegible],568 |
| ആർ. എസ്സ്. പി. | 2,09,831 |
| കെ. എസ്സ്. പി. | 93,801 |
| ആർ. സി. പി. | 5,772 |
| ജനസംഘം | 40[illegible] |
| സ്വതന്ത്രർ | 2,78,524 |

ആർ. സി. പി. (റവല്യൂഷണറികമ്മ്യൂണിസ്റ്റ്പാർട്ടി), ജനസംഘം എന്നീ രണ്ടു പുതിയ പാർട്ടികൾക്കു സീററു് ഒന്നും ലഭിച്ചില്ല.

ഇനി ഓരോ പാർട്ടിക്കും ലഭിച്ച വോട്ടുകളുടെ ശതമാനം നോക്കാം.

| | |
|---|---|
| കോൺഗ്രസ് | 46.2 |
| കമ്മ്യൂണിസ്റ്റ് | 16.4 |
| പി. എസ്സ്. പി. | 15.3 |
| തമിഴ്നാട്ടുകോൺഗ്രസ് | 6.3 |
| ആർ. എസ്സ്. പി. | 5.4 |
| കെ. എസ്സ്. പി. | 2.4 |
| ആർ. സി. പി. | 0.15 |
| ജനസംഘം | 0.05 |
| സ്വതന്ത്രർ | 7.2 |

കോൺഗ്രസ്സും തമിഴ്നാട്ടു് കോൺഗ്രസ്സും തമ്മിലുള്ള അഭിപ്രായവ്യത്യാസം ഇടതുപക്ഷ

ത്തേയും വലതുപക്ഷത്തേയും തമ്മിൽ വേർതിരിക്കുന്ന സാമ്പത്തികമായ ആദർശങ്ങളിലുള്ള വ്യത്യാസമല്ലല്ലോ. അവരണ്ടും ഇൻഡ്യൻ ഭരണഘടനയിലെ സാമ്പത്തികമായ ആദർശങ്ങൾ ഒരുപോലെ സ്വീകരിക്കുന്നു. അതേ ആദർശം സ്വീകരിക്കുന്നതോടുകൂടി തങ്ങൾക്കു ഭൂമിശാസ്ത്രപരമായി മലയാളഭാഷ സംസാരിക്കുന്ന കോൺഗ്രസ്സ് സംഘടനയിൽനിന്നു വിട്ടുമാറി തമിഴ്ഭാഷ സംസാരിക്കുന്ന കോൺഗ്രസ്സ് സംഘടനയിലുൾപ്പെട്ടിരിക്കണമെന്നാണവരുടെ വാദം. തിരുകൊച്ചിയിൽ ഇപ്പോഴുള്ള പ്രവിശ്യകോൺഗ്രസ്സ്കമ്മിററിയിൽനിന്നു വേർതിരിഞ്ഞു തങ്ങൾക്കു തനിച്ചു വേറൊരു പ്രവിശ്യകോൺഗ്രസ്സ്കമ്മിററി വേണമെന്നാണു അവർ ആഗ്രഹിക്കുന്നതു്. ആകയാൽ തിരുകൊച്ചിയിലെ ഇടതുപക്ഷപാർട്ടികളുടെ ഗണത്തിൽ തമിഴ്നാട്ടു് കോൺഗ്രസ്സ് ഒരുവിധത്തിലും പെടുന്നില്ല. നേരെമറിച്ചു് ഇടതുപക്ഷത്തിനെതിരായി കോൺഗ്രസിൻെറ ഒരു വിഭാഗം ആയിത്തന്നെയാണു് അവർ നില്ക്കുന്നതു്. ആ നിലയിൽ അവർക്കു ലഭിച്ച വോട്ടുകളും സാക്ഷാൽ കോൺഗ്രസിനുതന്നെയുള്ള വോട്ടുകളാണു്. അല്ലാതെ ഇടതുപക്ഷത്തിനുള്ളതല്ല. അങ്ങനെ കണക്കാക്കുമ്പോൾ കോൺഗ്രസിനു കിട്ടിയവോട്ടു് 46.2 + 6.3 = 52.5 ആണെന്നു കാണാം. അതായതു കോൺഗ്രസിനു ഇടതുപക്ഷങ്ങളേയും സ്വതന്ത്രന്മാരേയുംകാൾ രണ്ടു ശതമാനത്തിലധികം വോട്ടുകൾ കൂടുതൽ ലഭിച്ചിട്ടുണ്ടു്. കടുത്ത വർഗ്ഗീയത കോൺഗ്രസിനെതിരായി പ്രവർത്തിച്ചു് ഇടതുപക്ഷങ്ങളേയും സ്വതന്ത്രന്മാരെയും സഹായിച്ചിട്ടുണ്ടെന്നു കണ്ടുവല്ലോ. അങ്ങനെ ചെയ്യാതിരുന്നെങ്കിൽ, കോൺഗ്രസിൻെറ ആദർശങ്ങൾമാത്രം ലക്ഷ്യം വച്ചാണു വോട്ടിംഗ് നടന്നിരുന്നതെങ്കിൽ ജാതിമതസമുദായഭേദങ്ങൾ വോട്ടിംഗിൽ വിസ്മരിച്ചിരുന്നുവെങ്കിൽ, കോൺഗ്രസിനു വലിയ ഭൂരിപക്ഷം ലഭിക്കുമായിരുന്നെന്നു് സ്പഷ്ടമാണു്.

* * *

"പുരോഹിത ഇടപെടലിൻെറ ആയവ്യയം" — സഹോദരൻെറ പരാമർശം

"തിരഞ്ഞെടുപ്പിൽ പുരോഹിതഇടപെടലിൻെറ ആയവ്യയം തിരുവിതാംകൂർഭാഗത്തു കമ്മിയിൽ അവസാനിച്ചു" എന്നു് സഹോദരൻപത്രം വിധിപറയുന്നു. കമ്മ്യൂണിസ്റ്റ്പാർട്ടിക്കും ആ പാർട്ടിയോടു യോജിച്ചുകൊണ്ടു മററു ഇടതുപക്ഷപാർട്ടികൾക്കും എതിരായ നില ക്രിസ്തീൻ പുരോഹിതന്മാർ അവർക്കു സ്വാതന്ത്ര്യമുള്ള എല്ലാ രാജ്യങ്ങളിലും എടുക്കാറുണ്ടെന്നും, തിരുകൊച്ചിതിരഞ്ഞെടുപ്പിൽ അവരുടെ ഇടപെടൽ ധാർമ്മികമായോ നിയമപരമായോ തെററാണെന്നു പറയുവാൻ നിവൃത്തിയില്ലെന്നും പത്രം സമ്മതിക്കുന്നു. പക്ഷേ "നയപരമായി" ഇവിടത്തെ പ്രത്യേക പരിതസ്ഥിതിയിൽ "അബദ്ധമായി" എന്നാണു പത്രത്തിൻെറ അഭിപ്രായം. പുരോഹിതന്മാരുടെ ആഹ്വാനങ്ങൾ ക്രിസ്തീൻ വോട്ടുകൾ കോൺഗ്രസ്സിനു അനുകൂലമായി തിരിക്കാൻ വളരെസഹായിച്ചിട്ടുണ്ടെങ്കിലും "കോൺഗ്രസ്സ് ക്രിസ്തീൻകോൺഗ്രസാണെന്ന പ്രചരണം കുറെക്കാലമായി നടന്നുകൊണ്ടിരിക്കുന്ന ഇവിടത്തെ പുരോഹിതന്മാരുടെ ആഹ്വാനങ്ങളുംവടക്കനച്ചൻെറ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിപ്രവർത്തനങ്ങളും ഹിന്ദുവോട്ടുകൾ കോൺഗ്രസിനെതിരായി തിരിക്കാൻ ഇടയായിട്ടുണ്ടു്" എന്ന വസ്തുതയാണു പ്രസ്തുതാഭിപ്രായത്തിനു ന്യായമായി പത്രം ചൂണ്ടിക്കാണിക്കുന്നതു്.

ധർമ്മം ബലികഴിച്ചുള്ള നയം ക്രിസ്ത്യാനികൾക്കു നിഷിദ്ധം

മാർക്സിസ്റ്റുപാർട്ടികൾക്കും അവയോടു കൂട്ടുചേർന്ന പി. എസ്. പി. ക്കും വോട്ടുചെയ്യരുതെന്നു കത്തോലിക്കാ പുരോഹിതന്മാർ കത്തോലിക്കരോടു് ചെയ്ത ആഹ്വാനം വർഗ്ഗീയമായ ആഹ്വാനമായി ഹിന്ദുക്കൾ വ്യാഖ്യാനിക്കുമെന്നും, ആ വർഗ്ഗീയതയ്ക്കു ബദലായി ഹിന്ദുക്കൾ ഹിന്ദുവോട്ടറന്മാരെ വർഗ്ഗീയമായി സമീപിക്കുമെന്നും, മനസ്സിലാക്കാതെ പ്രവർത്തിച്ചതാണു് "നയപരമായി അബദ്ധമായി" എന്നു് സഹോദരൻ പത്രം വിധിക്കുന്നതെന്നു തോന്നുന്നു. എന്നാൽ അതേസമയംതന്നെ പുരോഹിതന്മാരുടെ ഈ ആഹ്വാനം "ധാർമ്മികമായി" തെററല്ലെന്നു പത്രം സമ്മതിക്കുന്നു. ഇത്രയും സമ്മതിച്ചാൽ പോരാ. കത്തോലിക്കാ പുരോഹിതന്മാർ പ്രസ്തുത ആഹ്വാനം ചെയ്യാതിരുന്നെങ്കിൽ അതു് ധർമ്മപരമായി തെററാകുമായിരുന്നെന്നുകൂടി സമ്മതിക്കേണ്ടതാണു്. അതുകൂടി സമ്മതിച്ചാൽ "നയപരമായ" പ്രശ്നത്തിനു സ്ഥാനമില്ലാതാകും. മാർക്സ്യൻ പാർട്ടികൾക്കും അവർക്കു ശക്തികൂട്ടത്തക്കവണ്ണം അവരോടു കൂട്ടുകൂടുന്ന മററു പാർട്ടികൾക്കും വോട്ടുകൊടുത്തുകൂടായെന്നുള്ളതു കത്തോലിക്കരുടെ ധാർമ്മികമായ കർത്തവ്യമാണു്. ആ കർത്തവ്യം അവരെ തിരഞ്ഞെടുപ്പവസരങ്ങളിൽ ധരിപ്പിക്കേണ്ടതു കത്തോലിക്കാ പുരോഹിതന്മാരുടെ കർത്തവ്യവുമാണു്. ആ കർത്തവ്യത്തിൻെറ നിർവ്വഹണം മാത്രമായിരുന്നു പുരോഹിതന്മാർ ചെയ്ത ആഹ്വാനം. അനുപേക്ഷണീയമായ ധാർമ്മികകർത്തവ്യത്തിൻെറ നിർവ്വഹണത്തിൽ, നയപരമായി അതിൻെറ ഫലം എന്തായിരിക്കുമെന്നു നോക്കാൻ ആവശ്യമോ ന്യായമോ ഇല്ല. നോക്കുന്നതു് ധാർമ്മികമായി തെററായിരിക്കും.

പുരോഹിതന്മാരുടെ പ്രസ്തുത ആഹ്വാനം ഹിന്ദുക്കൾ വർഗ്ഗീയ ആഹ്വാനമായി ദുർവ്യാഖ്യാനം ചെയ്തതു് കത്തോലിക്കരുടെ മതപരവും ധാർമ്മികവുമായ കർത്തവ്യങ്ങളെപ്പററി അവർക്കറിഞ്ഞുകൂടാഞ്ഞിട്ടാണു്. ഈ തിരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ്, പി. എസ്. പി സ്ഥാനാർത്ഥികൾ കത്തോലിക്കരായിരിക്കുകയും അവരുടെ എതിർസ്ഥാനാർത്ഥികൾ അക്രൈസ്തവരായിരിക്കുകയും ചെയ്ത മണ്ഡലങ്ങളിലും കത്തോലിക്കാ പുരോഹിതന്മാരുടെ ആഹ്വാനം ആ കത്തോലിക്കാ സ്ഥാനാർത്ഥികൾക്കെതിരായിരുന്നുവെന്ന വസ്തുതയിൽനിന്നും തെളിയുന്നുണ്ടു്, പുരോഹിതന്മാരുടെ ആഹ്വാനം വർഗ്ഗീയമായിരുന്നില്ലെന്നു്.

കത്തോലിക്കാസഭയുടെ രാഷ്ട്രീയം

തിരഞ്ഞെടുപ്പുപോലുള്ള കാര്യങ്ങളിൽ കത്തോലിക്കാ പുരോഹിതന്മാർ ഔദ്യോഗികമായി ഏർപ്പെടുന്നതു അവയുടെ രാഷ്ട്രീയവശം നോക്കിയല്ല, പ്രത്യുത ധാർമ്മികവശം നോക്കിയാണെന്ന തത്വത്തിനു ആധാരമായി 11-ാം പീയൂസ്മാർപ്പാപ്പായുടെ വാക്കുകൾ ഉദ്ധരിക്കാം: "പാപ്പാ രാഷ്ട്രീയക്കാരനല്ല. നാം രാഷ്ട്രീയത്തിൽ ഏർപ്പെടുന്നില്ലെന്നു് ലോകത്തിൻെറ മുഴുവൻ മുമ്പിൽ ശക്തിയുക്തം ആവർത്തിക്കുവാനും ഉറപ്പിച്ചുപറയുവാനും പാപ്പാ ആഗ്രഹിക്കുന്നു. പൗരൻ അവൻെറ പൗരപരമായ ജീവിതത്തിൽ ദൈവത്തിൻെറയും യേശുക്രിസ്തുവിൻെറയും നിയമത്തിനു അനുരൂപമായി വർത്തിക്കണമെന്നു ഊന്നിപ്പറയേണ്ടതു ആവശ്യകമാകുന്നു. അങ്ങനെ പറയുന്നതു മതകാര്യമോ, രാഷ്ട്രീയകാര്യമോ? തീർച്ചയായും രാഷ്ട്രീയകാര്യമല്ല." ദൈവത്തിൻെറയും ക്രിസ്തുവിൻെറയും നിയമങ്ങൾക്കനുരൂപമായി ഒരു കത്തോലിക്കൻ പ്രവർത്തിക്കണമെങ്കിൽ അവൻ മാർക്സ്യൻ പാർട്ടികൾക്കോ അവയോടു കൂട്ടുനില്ക്കുന്ന പാർട്ടികൾക്കോ വോട്ടുകൊടുക്കാതിരിക്കണം. അതിൻെറ രാഷ്ട്രീയമായ, ഭൗതികമായ, നയപരമായ ഫലം എന്തായിരുന്നാലും വിരോധമില്ല. ഈ തത്വം കത്തോലിക്കരെ അറിയിക്കാനാണു് കത്തോലിക്കാ പുരോഹിതന്മാർ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ആഹ്വാനം ചെയ്തതു്. അതിൻെറ ആയവ്യയം ആ കർത്തവ്യനിർവ്വഹണത്തിൻെറ ഗണനയിൽപ്പെടുന്നില്ല, പെടുവാൻ പാടുള്ളതുമല്ല. "ലോകം മുഴുവനും നേടിയാലും സ്വന്തം ആത്മാവു നശിച്ചാൽ മനുഷ്യനു എന്തു പ്രയോജനം" എന്ന ക്രിസ്തുവിൻെറ ഉദ്ബോധനമാണു കത്തോലിക്കർക്കു ഇക്കാര്യങ്ങളിൽ മാർഗ്ഗദർശനം നൽകുന്നതു്.

## അടുത്ത യാഴ്ചയിൽ

മാർച്ചു്

21 ഞാ: നോമ്പു് 3-ാം ഞായർ
22 തി: സ്വീഡനിലെ കത്രീന
23 ചൊ: വിക്ടോറിയൻ
24 ബു: ഗബ്രിയേൽ
25 വ്യാ: കന്യകാമറിയത്തിൻെറ മംഗലവാർത്ത
26 വെ: കർത്താവിൻെറ തിരുമുറിവുകൾ
27 ശ: യോഹന്നാൻ ദമ്മസോക്കായ

സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |

(10-ാം പേജ് തുടർച്ച)

രുടെ മാനസാന്തരത്തെത്തുടർന്നു് മതപീഡനമുണ്ടായപ്പോൾ ജസ്വീത്താ മിഷനറിമാർ തങ്ങളുടെ അജഗണത്തോടു ചേർന്നുനിന്നുകൊണ്ടു് വേദസാക്ഷിത്വം വരിച്ചു. ആധുനികകാലത്തുതന്നെയാണു് അബിസ്സീനിയ വിശ്വാസവെളിച്ചംകണ്ടു് അനുഗൃഹീതയായതു്. നിത്യജീവനിലേക്കുള്ള മാർഗ്ഗം തുറന്നുകാട്ടിയതിനു് ഇതുപോലെ മററനേകം ജനപദങ്ങളും "ഈശോയുടെ സഖാക്കളോ"ടു് കടപ്പെട്ടിരിക്കുന്നു.

## വിദ്യാഭ്യാസരംഗത്തു്

ഈശോസഭ ചെയ്തിട്ടുള്ള സേവനങ്ങൾ എല്ലാ രാജ്യങ്ങളേയും ഗാഢമായി സ്പർശിക്കുന്നവയാണു്. ജർമ്മനിയിൽ തള്ളിക്കയറിക്കൊണ്ടിരുന്ന പ്രോട്ടസ്റ്റൻറു വിപ്ലവത്തെ അടിച്ചമർത്തിയതു് ഈശോസഭാംഗങ്ങൾ വിജയപ്രദമായി ആരംഭിച്ച വിദ്യാഭ്യാസ പദ്ധതിയാണു്. ഇററലി, സ്പെയിൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ ഏററവും അധികം വിദ്യാഭ്യാസസ്ഥാപനങ്ങൾ ഏർപ്പെടുത്തിയതും ഇഗ്നേഷ്യസിൻെറ അനുചരന്മാർതന്നെ. യൂറോപ്പിലെ യുവജനങ്ങളിൽ മൂന്നിലൊരുഭാഗം ഒരിക്കൽ ഈ സ്ഥാപനങ്ങളിൽ അദ്ധ്യയനംചെയ്തുകൊണ്ടിരുന്നു. ഈശോസഭാംഗങ്ങൾ നടത്തിപ്പോരുന്ന സെമ്മിനാരികളിൽ റോമിലെ ഗ്രിഗോരിയൻ യൂണിവേഴ്സിററിയും, സിലോണിലെ പേപ്പൽ സെമ്മിനാരി (കാൻഡി)യും നമ്മുടെ പ്രത്യേകശ്രദ്ധയ്ക്കു് വിഷയീഭവിക്കുന്നു. ഇൻഡ്യയിൽ ഇന്നു് 10 യൂണിവേഴ്സിററി കോളെജുകളും, 6 ട്രെയിനിംഗുകോളെജുകളും നോർമൽ സ്കൂളുകളും, 49 ഹൈസ്കൂളുകളും ഈശോസഭ നടത്തിപ്പോരുന്നു. 410 മററുസ്കൂളുകളും അവരുടെ മേൽനോട്ടത്തിലുണ്ടു്.

## ഈശോസഭ ഇന്നു്

നാലു ശതാബ്ദങ്ങൾക്കുമുമ്പു് ലൊയോള നട്ട കൊച്ചുചെടി ഇപ്പോൾ വളർന്നു് ലോകം മുഴുവൻ ശാഖോപശാഖകൾ നീട്ടി ഒന്നാംകിടയിലുള്ള ഒരു വൻവൃക്ഷമായി പരിലസിക്കുന്നു. ഈശോസഭയിൽ ഇപ്പോൾ 32,000-ൽപ്പരം അംഗങ്ങളുണ്ടു്. ഇവരിൽ 1/6 ഭാഗത്തോളം തുണസഹോദരന്മാരാണു്. ഇൻഡ്യയിൽത്തന്നെ മധുര, കോഴിക്കോട്, ബോംബെ, കൽക്കട്ടാ, റാഞ്ചി, പാററ്ന തുടങ്ങിയ 10 മിഷനുകളിലായി 1927 ഈശോസഭാംഗങ്ങളുണ്ടു്. ഇവരിൽ ഭാരതീയരായി 895 പേരാണുള്ളതു്.

ഇവരുടെജീവിതരീതിയെപ്പററി എന്തു പറയാം? ഓരോ സ്ഥലത്തുമുള്ള ബഹുമാന്യരായ വൈദികരുടെ ജീവിതരീതിയാണു് ഈശോസഭ സ്വീകരിച്ചുപോരുന്നതു്. വേദപ്രചരണം, വിദ്യാഭ്യാസം തുടങ്ങിയ വിവിധജോലികളടങ്ങിയ ഒരു അപ്പസ്തോലികസഭയ്ക്കു് ഏററവും ഉതകുന്ന ഒരു ജീവിതപരിപാടിയാണു് അതിൽ കൊള്ളിച്ചിരിക്കുന്നതു്. സ്വയം വിശുദ്ധീകരണവും ആത്മാക്കളുടെ സേവനവും മാത്രമാണു് അതിനെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന നിയമവും പ്രമാണവും.

ഈശോസഭ പഞ്ചഭൂഖണ്ഡങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. സൂര്യനസ്തമിക്കാത്ത സാമ്രാജ്യമെന്നു് മുമ്പു് ബ്രിട്ടീഷ് സാമ്രാജ്യത്തെക്കുറിച്ചു് പറഞ്ഞുവന്നിരുന്നതു് ഇപ്പോൾ ലൊയോളായുടെ സമൂഹത്തെപ്പററി പറയാം. സംഖ്യയിൽ ഏററവും വിപുലമായ സന്യാസസഭ അതാണു്. അതിൽ എല്ലാ ജനപദങ്ങളും പ്രതിനിധീകരിക്കപ്പെടുന്നു. സ്വദേശീയവൈദികരുടെ വർദ്ധനവിനായി ഏതു ജനപദത്തിൽനിന്നും യോഗ്യതയുള്ള അംഗങ്ങളെ സ്വീകരിക്കുകയെന്നുള്ളതു് ഈശോസഭ ആരംഭംമുതൽ തുടർന്നുപോരുന്ന നയമാണു്.

### യോഗ്യതകൾ

ഈശോസഭയിൽ അംഗമായി ചേരുന്നതിനു് ആഗ്രഹിക്കുന്ന പ്രവേശനാർത്ഥിക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ:- ദൈവവിളിക്കു പുറമേ, സത്സ്വഭാവം, പ്രകൃത്യതീതമായ ഉദ്ദേശം, മാനസികവും കായികവുമായ ആരോഗ്യം, വൈദികപഠനത്തിനുവേണ്ട ബുദ്ധിശക്തി. എന്തു വിദ്യാഭ്യാസം സിദ്ധിച്ചിരിക്കണമെന്നുള്ളതു് ഓരോ പ്രോവിൻസിലും മിഷനിലും വ്യത്യാസപ്പെടുന്നു. സാധാരണയായി അംഗീകരിച്ചിരിക്കുന്ന നിരക്കു്, പ്രവേശനാർത്ഥിക്കു് ഒരു യൂണിവേഴ്സിററി ഡിഗ്രി ലഭിച്ചിരിക്കണമെന്നാണു്. കുറഞ്ഞപക്ഷം ഇൻറർമീഡിയററിൽ ഫസ്റ്റ്ക്ലാസ്സിൽ പാസ്സായിരിക്കുകയെങ്കിലുംവേണം. ഇത്രയും മികച്ച പരീക്ഷാഫലം ഇല്ലാത്തവർക്കു് മററു പ്രത്യേക യോഗ്യതകൾ പ്രമാണിച്ചു് ചിലപ്പോൾ ചില ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തെന്നുംവരാം. ഈശോസഭയിൽ പ്രവേശനം ലഭിക്കുന്നതിനും ലഭിച്ചശേഷവും പ്രവേശനാർത്ഥിക്കോ രക്ഷാകർത്താക്കൾക്കോ ഒരു പൈപോലും ചെലവുചെയ്യേണ്ടതില്ല.

—o—

## ജപ്പാൻ യുവാക്കന്മാരുടെ സാഹോദര്യപ്രകടനം

ഇസാവോ മുരാത്താ എന്ന അകത്തോലിക്കനായ ഒരു ജാപ്പ് യുവാവിനു് തളർവാതം പിടിപെട്ടു് അരയ്ക്കുകീഴോട്ടു മുഴുവൻ സ്വാധീനമില്ലാതായിത്തീർന്നു. ഗവമ്മെൻറുസ്കൂളിൽ അവനു് പ്രവേശനം നിഷേധിച്ചതിനാൽ ദൈവവചനസഭക്കാരുടെ വക ഒരു വിദ്യാലയത്തിൽ അവനെ സ്വീകരിച്ചു. എങ്ങനെ അവൻ അവിടെ ചെന്നെത്തും എന്ന പ്രശ്നമാണു് പിന്നീടുദിച്ചതു്. ഏതാനും കത്തോലിക്കാവിദ്യാർത്ഥികൾ അതിനും പരിഹാരം കണ്ടെത്തി. രാവിലെ ഒരു സെററുകാർ മുരാത്തായുടെ വീട്ടിലെത്തി അവനെ തോളിൽ ചുമന്നു് പള്ളിക്കൂടത്തിലെത്തിക്കും. വേറൊരു സെററു് അതേവിധത്തിൽത്തന്നെ അവനെ തിരികെ വീട്ടിൽ കൊണ്ടുചെന്നാക്കുകയും ചെയ്യുന്നു.




സിസ്റ്റർ അൽഫോൻസായുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.
പെരുട്ടിറപ്പായി ചെച്ചി
ഒല്ലൂർ

ചെറുകഥ

# തെണ്ടിപ്പയ്യൻ

(വറുഗീസ്, പരത്തിക്കൽ)

15 വർഷങ്ങൾ കഴിഞ്ഞു അവൻ ആ തെരുവിൽക്കൂടി ജീവിതം നിരക്കിക്കൊണ്ടു നടക്കുവാൻ തുടങ്ങിയിട്ട്. യാതൊരു വ്യതിയാനവും ഇന്നുവരെ അവന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. ഭാവിയുടെ അപാരതയിലേക്കവൻ കണ്ണുകൾ നീട്ടിയിട്ടില്ല; യാതൊന്നും കരുതിയിട്ടുമില്ല. അല്ലെങ്കിൽ ഒരു തെണ്ടിപ്പയ്യൻ എന്തു കരുതാനാണ്?

ദേവാലയത്തിന്റെ കിഴക്കേ കുരിശടി തൊട്ടു ബസ്സ്സ്റ്റാൻറു വരെ നീണ്ടുകിടക്കുന്ന തെരുവിലാണ് അവന്റെ ജീവിതം ഒതുങ്ങിനിന്നിരുന്നതു്. അവിടം മാത്രമേ അവനു് പരിചയമുണ്ടായിരുന്നുള്ളു. അതിന്റെ പരിധികൾ വിട്ടവൻ എങ്ങും പോയിട്ടില്ല. അതിനവൻ ആശിച്ചിട്ടുമില്ല. വിട്ടുപിരിയാൻ പാടില്ലാത്തവണ്ണം എന്തോ ഒരജ്ഞാതബന്ധം ആ തെരുവും അവനും തമ്മിലുണ്ടു്.

പാഞ്ഞുപോയ 15 കൊല്ലങ്ങൾക്കു് മുൻപു് ആ വയലിന്റെ പടിഞ്ഞാറെ അററത്തു് ഒടിഞ്ഞുവീഴാറായ മാടത്തിന്റെ ഒരു കോണിൽ—അവിടെവെച്ചാണു് അവൻ ആദ്യമായി വെളിച്ചം കണ്ടതു്—പട്ടിണിയുടെ പരിചരണത്തിൽ പാപ്പരായ മാതാവിന്റെ ശരീരമാണു് കാഴ്ചലഭിച്ച അവന്റെ കണ്ണുകൾ ആദ്യമായി കണ്ടതു്.

ഏറെ താമസിയാതെ അവിടെയുള്ള കാപ്പിക്കടകളും ഹോട്ടലുകളും അവനു പരിചയമായി വഴിയരികിലുണ്ടായിരുന്ന ചവറുതൊട്ടികളെല്ലാം അവനു പരിചയമായി. അവനും, അവനു ജന്മം കൊടുത്ത മാതാവിനും ആഹാരം പകർന്നുകൊടുത്തുകൊണ്ടിരുന്ന പളുങ്കുപാത്രങ്ങളായിരുന്നു ദുർഗന്ധം വമിക്കുന്ന ആ വീപ്പക്കുററികൾ ഓരോന്നും.

കാലചക്രം അതിന്റെ കർത്തവ്യം നിർവ്വഹിച്ചുകൊണ്ടു കടന്നുപോയി. ചരിത്രങ്ങൾ പലതും രേഖപ്പെടുത്തിക്കഴിഞ്ഞു. അവൻ അറിയുന്ന ആ കൊച്ചുലോകത്തിനു് പലപല പരിഷ്ക്കാരങ്ങളും ഉണ്ടായിക്കഴിഞ്ഞു. എന്നാൽ അനാഥമായി മാറിയ അവന്റെ ജീവിതത്തിനുമാത്രം പറയത്തക്ക മാററങ്ങൾ ഒന്നും ഉണ്ടായില്ല.

തെണ്ടിയിൽനിന്നും തെണ്ടിയായി ജനിച്ചു, തെണ്ടിയായിവളർന്നു.

കാലചക്രത്തിന്റെ തിരിച്ചിലിനിടയിൽ അവന്റെ അമ്മയും ഇഹലോകം വെടിഞ്ഞു. ചെറുപ്പത്തിൽ അവനോടൊത്തു് എച്ചിലിലയ്ക്കു വഴക്കുപിടിച്ച സ്നേഹിതന്മാർ. . . ചിലരെല്ലാം അടുത്തുള്ള ശവപ്പറമ്പിൽ ആറടി മണ്ണിനകത്തു് വിശ്രമം തേടിക്കഴിഞ്ഞു. കുറെ കൂട്ടുകാർ ഹോട്ടലുകളിൽ വെള്ളം കോരിയും മററു ജോലികൾ ചെയ്തും കഴിയുന്നുണ്ടു്. പബ്ലിക്ക് റോഡിലെ ചുമടുതാങ്ങികളായി മാറിയിരിക്കുകയാണു കുറേപ്പേർ. അത്രയുമാണു്, അവനോടൊത്തു് ആ തെരുവിൽ അലഞ്ഞുനടന്ന വർഗ്ഗത്തിനു് വന്നുകൂടിയ മാററങ്ങൾ. എന്നാൽ അവനുമാത്രം ഒന്നും സംഭവിച്ചില്ലേ? അവൻ വിദഗ്ദ്ധനായ ഒരു ചൂതുകളിക്കാരനായി മാറി.

ആ തെരുവിലെ പോലീസുകാരൻ തോമസിനു് അവനെ കാണുന്നതു് ചെകുത്താൻ കുരിശു കണ്ടതുപോലെയാണു്. അതിന്റെ കാരണം അവർക്കേ അറിയാവൂ. അമ്മയുണ്ടായിരുന്നുവെങ്കിൽ! അവൻ വിചാരിച്ചു, ഈ വിഷമങ്ങൾ ഒന്നും എനിക്കുണ്ടാകുമായിരുന്നില്ല. ഒരുത്തരേയും ഭയപ്പെടേണ്ടതില്ലായിരുന്നു. എന്റെ അമ്മ, എനിക്കു ജീവൻതന്ന അമ്മ, ഞാനിതുപോലെ അലയുന്നതിനാണു് ആശിച്ചതെങ്കിൽ എന്നെ, വളർത്തേണ്ടതില്ലായിരുന്നു. അങ്ങനെ പലതും അവൻ ചിന്തിച്ചു. എല്ലാം വേദനയുടെ ചാലുകളാണവനിൽ വെട്ടിയതു്. പതിവുപോലെ പീടികത്തിണ്ണയിൽ കിടന്നുറങ്ങുവാൻ അവനൊരു പേടി. പകൽ നടന്ന സംഭവം അവനെ നീററിക്കൊണ്ടിരുന്നു.

പോലീസുകാരൻ തോമസ് അവന്റെ പുറകെ ലാത്തിയുമായി ഗൗരവത്തിൽ മീശയും പിരിച്ചു് നടക്കുകയാണു്. ആരുടേയും പോക്കററടിച്ചിട്ടില്ല; ഒരു മോഷണവും നടത്തിയിട്ടില്ല. പിന്നെ എന്തിനു്. . . . പോലീസുകാരന്റെ കാര്യം ഓർത്തു് കിടന്നിട്ടു് ഉറക്കം വരുന്നില്ല. പതിവുസ്ഥലം മാറിക്കിടന്നതുകൊണ്ടായിരിക്കും. പോലീസുകാരനെ ഭയന്നാണു് അപ്രകാരം ചെയ്തതു്.

ലാടം തറച്ച ചെരിപ്പിന്റെ ചവിട്ടേററു മണൽത്തരികൾ ഞെരിഞ്ഞുപൊടിയുന്നു. അയാൾ വരികയാണു്. എന്നെ കാണാതിരുന്നെങ്കിൽ! അവൻ ഒന്നുകൂടി ഒതുങ്ങിക്കിടന്നു.

"ശരി, അവനെ കണ്ടില്ലല്ലോ. നാളെയാകട്ടെ. അവനെ ഞാൻ ഓടിച്ചിട്ടു്. . . . ."

പിറുപിറുത്തുകൊണ്ടയാൾ നടന്നുപോയി.

അവനു് ആശ്വാസമായി.

നേരം വെളുത്തിരുന്നുവെങ്കിൽ എവിടെയെങ്കിലും പോകാമായിരുന്നു. അവൻ വിചാരിച്ചു. പക്ഷേ എവിടെ പോകാനാണു്? അതു് നിശ്ചയമില്ല. എവിടെയെങ്കിലും പോകണം. അതു തീർച്ച. പോയാലെങ്ങനെയാ? കുറെക്കൂടി ചുഴിഞ്ഞാലോചിച്ചു.

പരിചയമില്ലാത്ത സ്ഥലത്തേക്കാണു് പോകുന്നതു്. വല്ലവരും വല്ല സഹായവും ചെയ്യുമോ? അതോ തെണ്ടിയായിത്തന്നെ അവിടെയും കഴിയേണ്ടിവരുമോ? അല്ലെങ്കിൽ ഇവിടെത്തന്നെ കഴിഞ്ഞുകൂടിയാലെന്താ? ഒന്നുമില്ലെങ്കിലും ജനിച്ച നാടല്ലേ! പക്ഷെ അതുകൊണ്ടു് കൂടുതൽ പ്രയാസങ്ങൾ നേരിടാനാണെളുപ്പം.

എച്ചിലില പെറുക്കിത്തിന്നു് ജീവിച്ചിട്ടും പോലീസുകാരൻ വിടുന്നില്ല. പോലീസുകാരൻ പലതും പറയുന്നു. പുതിയ ഷർട്ടു് ലിനൻമുണ്ടു്, ഇഷ്ടംപോലെ ബ്രാഹ്മണഹോട്ടലിൽനിന്നും കാപ്പിയും ചോറും. അല്ലെങ്കിൽ യമാന്റെകൂടെ രാത്രിയിൽ ബീററു സഹായിയായി നടന്നാലെന്താ? ഗതിയില്ലാഞ്ഞിട്ടല്ലേ. അതിനു് കൂട്ടുകാർ ആരും കുററം പറയാനുമില്ല.

വിശപ്പിനുവേണ്ടി. എന്തെങ്കിലും ചെയ്താൽ അതു് പാപമായിരിക്കുമോ? ആയിരിക്കും. ആണെങ്കിലെന്താ? ഒരു തെണ്ടിയുടെ ജീവിതത്തിനു് എന്തുസംഭവിക്കാനാണു്? ഒന്നുമില്ല.

നേരം സാവധാനത്തിൽ വെളുത്തു. ചായക്കടകളിൽനിന്നും ദോശയുടെ കരിവുവാട പരന്നു. കിഴക്കൻ മലകളുടെ മറവിൽനിന്നുകൊണ്ടു് പ്രഭാതസൂര്യൻ കിരണങ്ങൾ നീട്ടിനോക്കി. ആ യാചകപ്പയ്യനെ അവിടെയെങ്ങും കണ്ടില്ല. ആ കൊച്ചുപട്ടണത്തെ വിട്ടവൻ നടന്നുകഴിഞ്ഞു. എങ്ങോട്ടാണെന്നു് നിശ്ചയമില്ല. വല്ലാത്ത ഒരു തളർച്ച അവന്റെ ശരീരത്തെ ആക്രമിച്ചുകഴിഞ്ഞു. വെയിൽ മൂക്കുന്തോറും അതു് കൂടിക്കൂടി വരികയാണു്. പട്ടണത്തിലായിരുന്നുവെങ്കിൽ പൈപ്പിലെ വെള്ളം കുടിച്ചെങ്കിലും ക്ഷീണം തീർക്കാമായിരുന്നു.

ണ്ടാം....ണ്ടാം...ണ്ടാം....വഴിയരികിലുണ്ടായിരുന്ന പള്ളിയിൽനിന്നും കാററിൽ പറന്നുവന്ന മണിനാദം അവന്റെ ചെവിയിൽ മുഴങ്ങി. അതിനടുത്തേക്കവൻ നടന്നുചെന്നു. മതിൽക്കെട്ടിനകത്തേക്കു് കയറാനൊരു മടി. അതിനുമുൻപവൻ കയറിയിട്ടില്ല. അതിനുള്ളിൽ നടക്കുന്ന കാര്യങ്ങളെപ്പററി അവനൊന്നും അറിഞ്ഞുകൂടാ. മതിലിനു വെളിയിൽ ഗയിററിനു് മറഞ്ഞുനിന്നുകൊണ്ടു് അവൻ ഉള്ളിലേക്കു നോക്കി.

"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും എന്റെ അടുത്തുവരുവിൻ, ഞാനവരെ ആശ്വസിപ്പിക്കും." രണ്ടായിരം കൊല്ലങ്ങൾക്കുമുൻപു് മുൾമുടിയും ധരിച്ചു് മൂന്നാണികളിൽ തൂങ്ങി പാപികൾക്കുവേണ്ടി പ്രാണത്യാഗം ചെയ്ത പുണ്യാത്മാവിന്റെ പ്രവചനങ്ങൾ പുരോഹിതൻ സുവിശേഷത്തിൽനിന്നു് വായിച്ചു് വിവരിക്കുകയാണു്.

അവനതുകേട്ടു. എന്തെങ്കിലും ഉപകാരം അവിടെനിന്നു് ലഭിക്കുമെന്നവൻ കരുതി. എങ്കിലും അകത്തേക്കു് കയറാനൊരു മടി. അതു് ക്രിസ്ത്യാനികളുടെ പള്ളിയാണു്. അവർക്കുമാത്രമേ അവിടെ പ്രവേശനമുള്ളോ? അറിഞ്ഞുകൂടാ. അവസാനം അർദ്ധശങ്കയോടുകൂടി അവൻ അതിനുള്ളിൽ കയറി.

അതിനുള്ളിൽ കൂട്ടപ്രാർത്ഥനകൾ നടക്കുന്നുണ്ടു്. ആളുകൾ എഴുന്നേല്ക്കുന്നു. ഇരിക്കുന്നു. കുമ്പിടുന്നു. അവൻ അതൊന്നും ശ്രദ്ധിച്ചില്ല. വിശന്നുപൊരിയുമ്പോൾ എങ്ങനെ ശ്രദ്ധിക്കാനാണു്? അതിൽ ശ്രദ്ധിച്ചതുകൊണ്ടോ, അനുകരിച്ചതുകൊണ്ടോ, അവന്റെ വിശപ്പടങ്ങാൻ പോകുന്നില്ല. ആരെങ്കിലും അതിനുള്ളിൽനിന്നു് ഇറങ്ങിവരണം. അവരോടൊക്കെ യാചിക്കണം. കിട്ടിയെങ്കിൽ വാങ്ങിക്കണം. വിശപ്പടക്കണം. അതാണവന്റെ ആവശ്യം.

പ്രാർത്ഥനകളും പ്രസംഗങ്ങളും കഴിഞ്ഞു് ആളുകൾ കൂട്ടംകൂട്ടമായി പുറത്തിറങ്ങി. അവരോടൊക്കെ അവൻ ഇരന്നു. ആരും ഒന്നും കൊടുത്തില്ല. പ്രധാനപ്പെട്ട ചടങ്ങുകളെല്ലാംകഴിഞ്ഞു് വേഷവുംമാറി അച്ചൻ പുറത്തുവന്നു. അദ്ദേഹത്തിന്റെ അടുത്തേക്കവൻ നടന്നുചെന്നു.

"അച്ചാ വിശക്കുന്നു വല്ലതും..."

"നീ എവിടത്തുകാരനാ?" അച്ചൻ ചോദിച്ചു.

"കുറെ വടക്കുള്ളതാ."

"നിനക്കാരുമില്ലേ?"

"എനിക്കാരുമില്ല. ദൈവം മാത്രം."

"നിന്റെ പേരെന്താണു്?"

"പേരറിഞ്ഞുകൂടാ."

"നിന്റെ അമ്മ മരിച്ചിട്ടു് എത്ര നാളായി?."


"കുറച്ചുനാളേ ആയുള്ളു."

അവർതമ്മിലുള്ള സംഭാഷണം അങ്ങുകഴിഞ്ഞു. അവന്റെ ചോടിപൊടിപ്പുകണ്ടു് അച്ചനു് അവനിൽ അലിവുതോന്നി. അവൻ ഏതു ജാതിയാണെന്നു് അച്ചനു് പിടികിട്ടിയില്ല. അച്ചൻ അവനെ വിളിച്ചുകൊണ്ടു പായി അടുത്തുള്ള അനാഥമന്ദിരത്തിൽ ചേർത്തു. അവിടെ ജാതിമതഭേദമെന്യേ എല്ലാവർക്കും പ്രവേശനമുണ്ടായിരുന്നു.

അനാഥമന്ദിരത്തിലെ ജീവിതം അവനു് കൂടുതൽ ഇഷ്ടപ്പെട്ടു. തെണ്ടിയായി തെരുവുനീളെ നടക്കാതെ, ചൂതുകളിക്കാതെ, മോഷണം നടത്താതെ, ആരേയും ഭയപ്പെടാതെ ജീവിതം കഴിച്ചുകൂട്ടാമെന്നുള്ളതിൽ അവൻ സംതൃപ്തനായി.

മാസങ്ങൾ ഒന്നുരണ്ടു കഴിഞ്ഞു. അവൻ ഒരു ചെറുപ്പക്കാരനായി മാറി. അവന്റെ ജീവിതരീതിയിലും അടക്കൊതുക്കത്തിലും അച്ചനും അനാഥമന്ദിരം സൂക്ഷിപ്പുകാരനും തൃപ്തിപ്പെട്ടു. ദിവസങ്ങൾ പിന്നെയും നീങ്ങിക്കൊണ്ടിരുന്നു. ഒരുദിവസം സൂക്ഷിപ്പുകാരൻ അവനോടായി ചോദിച്ചു: "നീ ദിവസവും പള്ളിയിൽ പോകുന്നുണ്ടല്ലോ. നിനക്കു് വല്ലതും മനസ്സിലായിട്ടുണ്ടോ?"

"എനിക്കു് മനസ്സിലായിട്ടുണ്ടു്, എന്റെ ജീവിതത്തിൽ രക്ഷയുടെ ഏകമാർഗ്ഗം ഇതുമാത്രമേയുള്ളുവെന്നു്."




സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ എന്റെ ഉദ്യമം സഫലമായിത്തീർന്നതിനു് ഉപകാരസ്മരണ.

ജോസഫ് എടക്കളത്തൂർ
പാവറട്ടി

Just Received
WEDDING SAREES
WHITE HALL
The Silk Palace
DIRECT IMPORTERS
MATTANCHERRY Cochin
BROADWAY Ernakulam
Maximum Sarees Minimum Price is Our Motto

"തത്വങ്ങളെ അടിസ്ഥാനമാക്കി അന്തരീക്ഷം ഒന്നു ശുദ്ധീകരിക്കേണ്ടതു അത്യാവശ്യമായിത്തീർന്നിരിക്കയാണു. ചില അനുഭവങ്ങൾ തിരുത്തപ്പെടണം; വൈദികഹയരാർക്കിയിലുള്ള വിശ്വാസം പുനഃസ്ഥാപിക്കപ്പെടണം; സ്വാർത്ഥതല്പരത എതിർക്കപ്പെടണം; എല്ലാ കാര്യങ്ങളിലും ആത്മസംയമനവും അനുസരണാശീലവും [illegible] കൈവളർത്തപ്പെടണം"—കർദ്ദിനാൾ പെ[illegible]ടിൻ

## മരിയവത്സര തീർത്ഥാടനം

റോമിലെ "മരിയ മജോരെ" തീർത്ഥകേന്ദ്രം മരിയവത്സരപ്രഖ്യാപനം മുതൽ ഇന്നുവരെ 5 ലക്ഷത്തിലധികം തീർത്ഥകർ സന്ദർശിച്ചിട്ടുണ്ടു്. ഇപ്പോഴത്തെ തണുപ്പുകാലം പ്രതികൂലമായ ഒരു സാഹചര്യമാണെങ്കിലും ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമായി ശരാശരി 5000-ത്തിൽ കുറയാത്ത ഒരു ഗണം ആളുകൾ അവിടം സന്ദർശിക്കുന്നു. ഞായറാഴ്ചയും മററു പ്രത്യേക അവസരങ്ങളിലും തീർത്ഥാടനം നടത്തിയവരുടെ തുക 20000 വരുന്നതാണു്. ഫെബ്രുവരി 11-ാംനു ലൂർദുനാഥയുടെ തിരുനാൾ പ്രമാണിച്ചു അത്യുന്നത കർദ്ദിനാൾ പിസാർദോ തിരുമേനി ആഘോഷമായ ദിവ്യബലി അർപ്പിച്ചു. കർദ്ദിനാളന്മാരും രാജ്യപ്രതിനിധികളും അതിൽ സംബന്ധിച്ചു. അനേകായിരം വിശ്വാസികളും വെളുത്ത യൂണിഫോറം ധരിച്ച 10,000 വിദ്യാർത്ഥികളും സന്നിഹിതരായിരുന്നു.

മരിയവത്സര തീർത്ഥാടനത്തിന്റെ രണ്ടാമത്തെ കേന്ദ്രമായ ലൂർദ്ദിലും തീർത്ഥകരുടെ സംഖ്യ അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മരിയവത്സരം അവസാനിക്കുന്നതിനു മുമ്പു 26 കർദ്ദിനാളന്മാരും 100-ൽ അധികം മെത്രാന്മാരും ലൂർദു് സന്ദർശിക്കുമെന്നറിയിച്ചിട്ടുണ്ടു്. ലൂർദ്ദുനാഥയുടെ തിരുനാൾ പ്രമാണിച്ചു ഫ്രാൻസിൽ ടൂളൂസിലെ മെത്രാപ്പോലീത്താ 73 വയസ്സുള്ള കർദ്ദിനാൾ സലിജു് തിരുമനസ്സുകൊണ്ടു വമ്പിച്ച ഒരു തീർത്ഥകസംഘത്തെ ആനയിച്ചു. പരിശുദ്ധകന്യകമറിയം ബർണർദീത്തായ്ക്കു പ്രത്യക്ഷപ്പെട്ടതിന്റെ 96-ാമത്തെ വാർഷികമായിരുന്നു ഈ തിരുനാളവസരം. അപകടത്തിൽപ്പെട്ടു കാലൊടിഞ്ഞു അസ്വാധീനതയിൽ കഴിഞ്ഞുകൂടുന്ന കർദ്ദിനാൾ തിരുമേനിതന്നെ തിരുക്കർമ്മങ്ങളിൽ പ്രധാനകാർമ്മികത്വം വഹിച്ചു. ആ രാത്രിയിലെ "പന്തപ്രദക്ഷിണം" മനോഹരമായിരുന്നു.

## ക്രിസ്ത്യാനികളുടെ പ്രാതിനിധ്യം

സുഡാനിൽ ഈയിടെ നടന്ന ആദ്യത്തെ പാർലമെൻറു തിരഞ്ഞെടുപ്പിൽ കത്തോലിക്കർക്കു 13 പ്രതിനിധികളുണ്ടു്. ആകെ പ്രതിനിധികൾ 147 ആണു്. അതിൽ മുസ്ലീമിങ്ങൾ 114, പ്രോട്ടസ്റ്റൻറുകാർ 15, കോപ്റ്റിക്കു് ക്രിസ്ത്യൻ 1, മററു വിഭാഗങ്ങൾ 4. 12 മന്ത്രിമാരുള്ള കാബിനററിൽ ഒരു കത്തോലിക്കനും ഒരു പ്രോട്ടസ്റ്റൻറുകാരനും മന്ത്രിപദം നൽകിയിട്ടുണ്ടു്. തെക്കും വടക്കും സുഡാനിലുള്ള ക്രിസ്ത്യാനികളുടെ സംഖ്യ ആകെ ജനസംഖ്യയിൽ കണ്ടിച്ചു രണ്ടു ശതമാനം മാത്രമേ വരികയുള്ളു.

നോമ്പുകാലചിന്ത

# കുരിശിന്റെ വഴി

(ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ.)

റോഡ് അഥവാ വഴി ലോകത്തിന്റെ സാമ്പത്തികവും, രാഷ്ട്രീയവും, മതപരവുമായ ഉത്കർഷം പ്രദാനം ചെയ്യുന്ന ഒരു ഘടകമാകുന്നു. സമാധാനത്തിന്റെയും ശാന്തിയുടെയും തരംഗങ്ങൾ ഓളംതല്ലുന്ന ജീവിതസമുദ്രത്തിൽ മനുഷ്യന്റെ സകലവിധ പ്രവർത്തനങ്ങൾക്കും വഴി സഹായകമാകുന്നു. റോഡ് നിർമ്മാണത്തിനും അതിന്റെ സംരക്ഷണത്തിനുമായി ഓരോ രാജ്യത്തിലും പ്രത്യേക ഭരണവകുപ്പ് നിയമിച്ചിരിക്കുന്നു. പരിഷ്കാരവും സംസ്കാരവും രാജ്യത്തിലേക്കു് പാഞ്ഞുകയറുന്നതു് റോഡ് മുഖാന്തിരമാണെന്നു് ലോകം മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. വിജയാപജയങ്ങൾ മിക്കവാറും റോഡുകളെ ആശ്രയിച്ചിരിക്കുന്നു. ഇരമ്പിപ്പായുന്ന സൈന്യവ്യൂഹത്തിന്റെ ഗതിയെ പൊളിഞ്ഞുതകർന്നുകിടക്കുന്ന പാലത്തിനു് തടയാൻ സാധിക്കുന്നതുപോലെ അവഗണിക്കപ്പെട്ടിരിക്കുന്ന ഒരു ചെറിയ പാലത്തിനു് പട്ടണമദ്ധ്യത്തിലേക്കു് ശത്രുസൈന്യത്തെ പ്രവേശിപ്പിക്കുവാനും കഴിവുണ്ടു്. റോഡുകളെ സംബന്ധിച്ചുള്ള ഒരു പ്രത്യേകത ജാതിമതഭേദമെന്യേ, കുബേരകുചേലവ്യത്യാസംകൂടാതെ എല്ലാവർക്കും അതു് ഉപകരിക്കുന്നുവെന്നതത്രെ. ലോകചരിത്രത്തിന്റെ താളുകൾ മറിച്ചുനോക്കുന്നതായാൽ നമുക്കു മനസ്സിലാക്കാൻ സാധിക്കും മഹാന്മാർ തങ്ങളുടെ ജൈത്രയാത്രയിൽ വിജയപതാക ഉയർത്തിപ്പിടിച്ചുകൊണ്ടുപോകാൻ വഴികൾ അഥവാ റോഡുകൾ വെട്ടിയിട്ടുണ്ടെന്നു്. കുടുംബജീവിതം നയിക്കുന്ന കൃഷീവലനും ചിലപ്പോൾ തന്റെ സന്താനങ്ങൾക്കു് വഴിതെളിച്ചിട്ടുണ്ടു്. ഒരിക്കൽ ഒരു പിതാവും പുത്രനും കൂടി ഒരു താഴ്‌വരയിലുള്ള മഞ്ഞുകട്ടകളിൽക്കൂടി മന്ദംമന്ദം ഗമിച്ചുതുടങ്ങി. മകന്റെ നടപ്പിനു് പ്രയാസമുണ്ടാകാതിരിക്കുന്നതിനുവേണ്ടി പിതാവു് പുത്രനോടു് പിറകിൽ നടക്കുവാൻ ഉപദേശിക്കയും പുത്രനുവേണ്ടി വഴിതെളിച്ചുകൊടുക്കയും ചെയ്തു. കുറേസമയം ഇപ്രകാരം നടന്നതിനുശേഷം പിതാവു ചോദിച്ചു: "മകനേ, നീ എപ്രകാരമാണു് എന്നെ പിന്തുടരുന്നതു്?" മകൻ പറഞ്ഞു: "അപ്പാ, അവിടുന്നു നടന്ന ചാലിൽക്കൂടി, കാൽച്ചുവടുകളിൽക്കൂടി ഞാൻ നടക്കുന്നതുകൊണ്ടു് എനിക്കു പ്രയാസം തോന്നുന്നില്ല." ഓരോ പിതാവും ഇപ്രകാരം മക്കൾക്കു് നടക്കുന്നതിൻ വഴിതെളിക്കുന്നുണ്ടു്.



മേൽപ്രസ്താവിച്ചവിധം രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പു് വത്സലപിതാവായ മിശിഹാതമ്പുരാൻ തന്റെ അരുമസന്താനങ്ങൾക്കുവേണ്ടി ഒരു നല്ല വഴി തെളിച്ചു. അതാണു് "വിയാസാക്രാ" അഥവാ "കുരിശിന്റെ വഴി." ഈ വഴിയെ നടക്കുന്നവൻ നിത്യപ്രകാശത്തിന്റെ തുറമുഖമായ സ്വർഗ്ഗത്തിൽ എത്തിച്ചേരും. മുൻകാലങ്ങളിൽ വെളുപ്പിനു ചൊല്ലുന്ന "വ്യാകുലമാതാവിന്റെ പ്രാർത്ഥന" കുടുംബത്തിലെ വൃദ്ധജനങ്ങൾക്കും ഭക്തസ്ത്രീകൾക്കുമായി മാററിവച്ചിരിക്കുന്ന ഒരു ഭക്തകൃത്യമായിരുന്നതുപോലെ "കുരിശിന്റെ വഴി" ഫ്രാൻസിസ്കാസ് സഭാംഗങ്ങൾക്കുവേണ്ടി വേർതിരിച്ചിരിക്കുന്ന പുണ്യപ്രവൃത്തിയായിട്ടാണു് ഇപ്പോഴത്തെ ചില യുവപരിഷ്കാരികളുടെ മതം. വലിയ നോമ്പിലെ വെള്ളിയാഴ്ചകളിലും ഞായറാഴ്ചത്തെ ഉച്ചക്കുർബാനയ്ക്കുമുമ്പും മാത്രം നടത്തേണ്ട ഒരു സൽപ്രവൃത്തിയായി വിശ്വാസികൾ ഇതിനെ പരിഗണിക്കുന്നതും പരമസങ്കടമാണു്. ഞായറാഴ്ചദിവസം പള്ളിയിൽ ഈ ഭക്തകൃത്യം നടത്തുന്ന വൃദ്ധഗണം കണ്ണുനീർ ചൊരിഞ്ഞും, കരങ്ങൾ രണ്ടുവശത്തേക്കു് വിരിച്ചും, മാറിൽ ഇടിച്ചും കഴിയുമ്പോൾ യുവസഹോദരങ്ങൾ ദേവാലയത്തിന്റെ മുററത്തിരുന്നു വിമർശനങ്ങൾ നടത്തിയും വെടിപറഞ്ഞും അറുപതു വയസ്സുകാർക്കായി ഇതു് മാററിവയ്ക്കുന്നതു് മിശിഹായുടെ ഹൃദയത്തെ മുറിപ്പെടുത്തുന്നതാണു്. ഇപ്രകാരമുള്ള കുഞ്ഞുമക്കളെ നോക്കി ഈശോ പറയുന്നുണ്ടാവാം, "വത്സലമക്കളേ, പീലാത്തോസിന്റെ അരമനമുതൽ ഗാഗുൽത്താമലവരെ നടന്നും വീണും എന്റെ മുട്ടിന്മേലുണ്ടായിരുന്ന മാംസം കഷണങ്ങളായി വീഴുകയും രക്തത്തുള്ളികൾ ഇററിററു നിലംപരിക്കയും ചെയ്തതെങ്കിലും, കാലുകൾമടക്കി "സ്ലീവാപാത" നടത്തി നിങ്ങളുടെ പാപങ്ങൾക്കു് പരിഹാരം ചെയ്യാൻ പാടില്ലയോ? പതിനഞ്ചുമിനിട്ടുസമയം ദേവാലയത്തിൽ ഭക്തിയോടുകൂടി ഈ ദിവ്യകർമ്മത്തിൽ നിങ്ങൾക്കു "സംബന്ധിക്കുവാൻ പാടില്ലയോ? എന്നു്.

മിശിഹാ കുരിശുവഹിച്ചു നടന്ന വഴിയെപ്പററി ചിന്തിക്കുന്നതിനും ഓരോ സ്ഥലത്തെപ്പററി ഒരു ചർച്ചചെയ്യുന്നതിനും ഈ ലേഖനത്തിനു് സാദ്ധ്യമല്ല. ഇക്കൊല്ലത്തെ പ്രത്യേകതയായ മരിയവത്സരത്തെ അനുസ്മരിച്ചു നാലാംസ്ഥലത്തേക്കു മാത്രം വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളട്ടെ. നാലാംസ്ഥലത്തു മിശിഹാ വത്സലമാതാവിനെ കണ്ടുമുട്ടുന്നു. കുരിശിന്റെ ഭാരത്താൽ വളഞ്ഞും രക്തം ചൊരിഞ്ഞുമുള്ള ശരീരം സ്വല്പമുയർത്തി മിശിഹാ മാതാവിനെ ദർശിക്കുന്നു. കുരിശുവഹിച്ചു് പുത്രനെ സഹായിക്കുന്നതിനോ, കണ്ണുനീർത്തുള്ളികൾ തുടച്ചുമാററുന്നതിനോ ആ വത്സലമാതാവിനു സാദ്ധ്യമല്ല. അവൾക്കു ചെയ്യാവുന്നതു കൈകൾ വിരിച്ചുപിടിച്ചു് "മകനേ" എന്നു വിളിക്കുക മാത്രമാണു്. മിശിഹാക്കു് കുരിശു താഴെവച്ചു് കരങ്ങൾകൊണ്ടു് മാതാവിനെ ആശ്ലേഷിക്കുന്നതിനും ആശ്വസിപ്പിക്കുന്നതിനും സാധിക്കുന്നില്ല. അവിടുത്തേക്കു് ചെയ്യാവുന്ന ഏക സംഗതി "അമ്മേ" എന്നു വിളിക്കുക മാത്രമാണു്. എന്നാൽ അവിടുത്തെ നോട്ടം സ്നേഹസമ്പൂർണ്ണമായിരുന്നതിനാൽ മാതാവിനു് ഗാഗുൽത്താവരെ മകനെ അനുഗമിക്കുന്നതിനുള്ള ശക്തിയുണ്ടായി. നാം വിശുദ്ധ കുർബാനയിൽ മിശിഹായെ സന്ദർശിക്കുമ്പോൾ മാതാവിനു് അനുഭവപ്പെട്ടതാണു് നമുക്കും അനുഭവപ്പെടുന്നതു്. നമുക്കു അവിടുത്തെ കാണുന്നതിനോ സമീപിക്കുന്നതിനോ സാധിക്കുന്നില്ല. എന്നാൽ സ്നേഹംമൂലം നമ്മുടെ ഹൃദയവും ആത്മാവും അവിടുത്തെ ആശ്ലേഷിക്കുന്നു. അവിടുത്തെ കേൾക്കാൻ സാധിക്കുന്നില്ലെങ്കിലും അവിടുന്നു ഇപ്രകാരം പറയുന്നുണ്ടു്: "ഞാൻ നിങ്ങളെ എപ്പോഴും സ്നേഹിക്കുന്നു. എന്റെ പക്കലേക്കു് വരിക. എനിക്കുവേണ്ടി എന്തും ചെയ്യുന്നതിനുള്ള ശക്തി ഞാൻ നിങ്ങൾക്കു തരാം." നാലാംസ്ഥലത്തുവച്ചു് മാതാവിനെ ദർശിച്ച മിശിഹായോടു് നമുക്കു പറയാം: "എന്റെ ഈശോയെ അവിടുന്നു മാതാവിനെ കണ്ടതുപോലെ എന്റെ അമ്മയെ സ്വർഗ്ഗത്തിൽ ദർശിക്കുവാൻ എനിക്കു് അവസരം തന്നരുളേണമേ" എന്നു്.

# "ഈശോ സഭ"

(റവ. പിക്കാർഡോ എസ്. ജെ.)

ഏതൊരു കാലത്തേക്കാളും കൂടുതലായി ഇന്നു് നമ്മുടെ യുവലോകം മിഷൻ ചൈതന്യം നിറഞ്ഞവരാണെന്നു് അതിശയോക്തിയൊന്നും കൂടാതെ പറയാം. മിഷനെ സഹായിക്കുന്നതിനും മിഷൻ പ്രദേശങ്ങളിൽപ്പോയി ജോലിചെയ്യുന്നതിനും അവർ പ്രദർശിപ്പിക്കുന്ന താല്പര്യവും ഉത്സാഹവും പ്രശംസനീയംതന്നെ.

എന്നാൽ ഒരു മിഷനറിയാകുവാൻ ഉദ്ദേശിക്കുന്നവർ അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളുണ്ടു്. വൈദികാന്തസ്സിൽ പ്രവേശിച്ചോ പ്രവേശിക്കാതെയോ ഒരാൾക്കു് മിഷൻജോലി ചെയ്യാം. ഈ രണ്ടന്തസ്സിലുമുള്ള മിഷനറിമാരെ ഇന്നു് നമുക്കാവശ്യമുണ്ടു്. ഈ രണ്ടുതരം മിഷനറിമാരും ഇന്നു് സുപ്രശസ്തസേവനം അനുഷ്ഠിച്ചുപോരുന്നുമുണ്ടു്.

"മിഷനറിമാർ" എന്നു പറയുമ്പോൾ നാം സാധാരണ മനസ്സിലാക്കുന്നതു് വൈദികരായി മതപ്രചരണജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നാണല്ലോ. ഇവരെ രണ്ടു പ്രധാനവിഭാഗത്തിൽ ഉൾപ്പെടുത്താം: സന്യാസസഭാംഗങ്ങളായിട്ടുള്ളവരും അല്ലാത്തവരും (Regular and Secular). സന്യാസസഭാംഗങ്ങൾ എന്നു പറഞ്ഞാൽ നാം മനസ്സിലാക്കേണ്ടതു് ഏതെങ്കിലും ഒരു സന്യാസസഭയിൽ ചേർന്നു് അതിന്റെ നിയമങ്ങളനുസരിച്ചു് ദാരിദ്ര്യം, ചാരിത്ര്യം, അനുസരണ എന്ന വ്രതങ്ങളെടുത്തിട്ടുള്ളവരെന്നാണു്. ഫ്രാൻസിസ്കൻ സഭ, ഡൊമിനിക്കൻ സഭ, കർമ്മലീത്താസഭ, ഈശോസഭ തുടങ്ങിയ സന്യാസസഭകളിലെ മിഷനറിമാർ ഇന്നു് നമ്മുടെ മിഷൻരംഗങ്ങളിൽ ജോലിചെയ്യുന്നുണ്ടു്. ഈശോസഭയെപ്പററി മാത്രം ഇവിടെ അല്പമൊന്നു പ്രസ്താവിക്കാം.

## സ്ഥാപനം

16-ാംനൂററാണ്ടിൽ വിശുദ്ധ ഇഗ്നേഷ്യസ് ലൊയോളയാൽ ഈശോസഭ സ്ഥാപിക്കപ്പെട്ടു. അക്രൈസ്തവരെ മാനസാന്തരപ്പെടുത്തുന്നതിനായി ഇഗ്നേഷ്യസ് പാരീസ് സർവ്വകലാശാലയിൽ അധ്യയനം ചെയ്തുകൊണ്ടിരുന്ന കുറെ സഹപാഠികളെ ചേർത്തു് ഒരു സംഘടന രൂപവത്കരിച്ചു. പരിശുദ്ധപിതാവിന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കുന്നതിനായി അവർ റോമിലെത്തി. മാർപ്പാപ്പാ അവരുടെ സേവനം സ്വീകരിക്കുകയും വിഭിന്നജോലികളിൽ അവരെ നിയോഗിക്കുകയും ചെയ്തു. 1540-ൽ റോമാസിംഹാസനം ഇഗ്നേഷ്യസിന്റെ സംഘടനയെ ഈശോസഭ (Society of Jesu ) എന്ന നാമധേയം നൽകി ഒരു സന്യാസസഭയായി അംഗീകരിക്കുകയുണ്ടായി. അങ്ങനെ ഇഗ്നേഷ്യസിന്റെ സംഘം പോപ്പുരാജന്റെ സേവനത്തിനുള്ള ഒരു ചെറിയ സൈന്യവ്യൂഹമായിപ്പകർന്നു.

## ആദർശവും ഉദ്ദേശവും

ദൈവമഹത്വം വർദ്ധമാനമാക്കുവാൻ (Ad Majorem Dei Gloriam) പ്രയത്നിക്കുക, മിശിഹായേയും അവിടുത്തെ സഭയേയും സേവിക്കുക, സത്യവിശ്വാസത്തിന്റെ സംരക്ഷണത്തിനും പ്രചരണത്തിനുമായി സമരം ചെയ്യുക, ആത്മാക്കളുടെ ആദ്ധ്യാത്മികാഭ്യുന്നമനത്തിനായി ജീവിതമർപ്പിക്കുക—ഇതാണു് ഈശോസഭയുടെ ആദർശവും ഉദ്ദേശവും. ഇതു് സാധിതപ്രായമാക്കുന്നതിനു് സഭ സ്വീകരിച്ചുപോരുന്ന ഉപാധികൾ ഇവയെല്ലാമാണു്: പ്രസംഗങ്ങൾ, ധ്യാനങ്ങൾ, മതാദ്ധ്യാപനം; പാപവിമോചനം ആദിയായ കൂദാശകളുടെ നിർവ്വഹണം; അകത്തോലിക്കരുടെ മാനസാന്തരജോലി; വിദ്യാഭ്യാസം; ആസ്പത്രികളിലും ജയിലുകളിലും തടങ്കൽപ്പാളയങ്ങളിലും മററും സാധിക്കാവുന്ന ജീവകാരുണ്യപ്രവൃത്തികൾ, ഇവയ്ക്കു പുറമെ തദാനീംതനവും ദൈവമഹത്വവർദ്ധനവിനു് പര്യാപ്തവുമായ ഏതുജോലിയും സഭ സ്വീകരിക്കുന്നതാണു്.

## പ്രവൃത്തിപഥത്തിൽ

ദൈവപരിപാലനയുടെ അവാച്യമായ കരുണാവിലാസമാണു് ഈശോസഭയുടെ സ്ഥാപനത്തിനു് നിദാനമായതെന്നു് അതിന്റെ 400 കൊല്ലത്തെ ചരിത്രം സാക്ഷ്യം വഹിക്കുന്നു. ലൂഥറിന്റേയും കാൽവിന്റേയും പാഷണ്ഡസിദ്ധാന്തങ്ങൾക്കെതിരായി കത്തോലിക്കാസഭയെ സംരക്ഷിക്കുവാൻ ദൈവം ഇഗ്നേഷ്യസിന്റെ സൈന്യത്തെ അണിനിരത്തി. ജർമ്മനിയിൽ വിശുദ്ധ പീററർ കനിഷ്യസും ഇററലിയിൽ വിശുദ്ധ റോബർട്ടു് ബെല്ലർമിനും നടത്തിയ സുശക്തമായ തൂലികായോധനം സഭാവൈരികളുടെ പരിശ്രമങ്ങളെ പരാജയപ്പെടുത്തി. സത്യവിശ്വാസം എവിടേയും പ്രസംഗിക്കുവാൻ ഈശോസഭാംഗങ്ങൾ മുന്നോട്ടുവന്നു. പുസ്തകങ്ങൾവഴി അവർ മതതത്വങ്ങൾ പ്രചരിപ്പിച്ചു. നിർജ്ജീവമായിരുന്ന ആദ്ധ്യാത്മികാന്തരീക്ഷത്തിൽ നവജീവനും ചൈതന്യവും കാണപ്പെട്ടു. മരിയസഖ്യം, ജപമാല്പ്രേഷിതസഖ്യം തുടങ്ങിയ ഭക്തസഖ്യങ്ങൾ അവർ സ്ഥാപിച്ചു. "ഇഗ്നേഷ്യസിന്റെ ആത്മികാഭ്യാസങ്ങൾ" നൽകി അനേകം ആത്മാക്കളെ വിശുദ്ധിയുടെ ഉന്നതപദവിയിലേക്കു് ആനയിക്കുന്നതിനു് അവർക്കു സാധിച്ചു. ഈശോസഭതന്നെ 24 വിശുദ്ധന്മാരേയും 144 സിദ്ധന്മാരേയും തിരുസ്സഭാമാതാവിനു നൽകി. അവരിൽ ചിലരാണു് യുവലോകത്തിന്റെ ആദർശധാമങ്ങളായ വിശുദ്ധ അലോഷ്യസ്, ജോൺബർക്കുമാൻസ്, സ്റ്റനിസ്ലാവോസ് എന്നീ യുവവിശുദ്ധന്മാർ. നമ്മുടെ ഭാരതത്തിനു് വിശ്വാസദീപം തെളിച്ചുതരുവാൻ ഇന്ത്യയിലെത്തിയ വി. ഫ്രാൻസിസ് സേവ്യറിനേയും, അദ്ദേഹത്തെ അനുഗമിച്ച വി. ജോൺ ഡിബ്രിട്ടോയേയും കൃതജ്ഞതയോടുകൂടി മാത്രമേ നമുക്കു സ്മരിക്കുവാൻ കഴിയൂ. മദ്ധ്യഅമേരിക്കയിൽ ഇറക്കുമതി ചെയ്തിരുന്ന നീഗ്രോ അടിമകളുടെ ഇടയിൽ 300,000 ആത്മാക്കളെ മാനസാന്തരപ്പെടുത്തി, 40 വർഷം അവർക്കുവേണ്ടി സേവനം നടത്തി, ജീവൻ ത്യജിച്ച വി. പീററർ ക്ലേവർ "നീഗ്രോകളുടെ അപ്പസ്തോലൻ" എന്ന അപരനാമത്തിൽ ഇന്നു വിളിക്കപ്പെടുന്നു. ആംഗ്ലേയകവിയായ റോബർട്ടു് സൌത്തുവെൽ, ദൈവശാസ്ത്രപണ്ഡിതനായ സ്വാരസ്, സുപ്രസിദ്ധവാഗ്മിയായ ബുർദലൂ തുടങ്ങിയ അനേകം താരങ്ങൾ സൈന്യങ്ങളുടെ കർത്താവായ ദൈവത്തിന്റെ മഹിമ വാനങ്ങൾക്കപ്പുറവും പ്രകീർത്തിക്കുന്നു.

## മിഷൻരംഗങ്ങളിൽ

ഈശോസഭാംഗങ്ങൾ അനുഷ്ഠിച്ചിട്ടുള്ള ധീരസേവനങ്ങളുടെ ഒരു ചെറുവിവരണംപോലും ഇവിടെ ശ്രമസാദ്ധ്യമാണു്. ജപ്പാനിൽ ആദ്യം കാലുകുത്തിയതു് ജെസ്വീത്താ (Jesuit) മിഷനറിമാരാണു്. 300,000 ൽപ്പരം ജനസംഖ്യയുള്ള ഒരു ക്രൈസ്തവജനവിഭാഗത്തിനു് അവർ രൂപംകൊടുത്തുകഴിഞ്ഞപ്പോഴാണു് ജപ്പാൻ ചക്രവർത്തി അവരുടെനേരെ മതപീഡനം അഴിച്ചുവിട്ടതു്. ചൈനയിലേക്കുള്ള പ്രവേശനദ്വാരം വിസ്തൃതതരമായി വെട്ടിത്തുറന്നു് അവർ ചക്രവർത്തിയുടെ കൊട്ടാരത്തിലെത്തി. ചൈനയിൽ തിരുസ്സഭയ്ക്കു പിന്നീടുണ്ടായ ഉത്കർഷത്തിനു് ഇങ്ങനെയാണു് അടിസ്ഥാനമിടപ്പെട്ടതു്. തെക്കേ അമേരിക്കയിലെ "പരാഗ്വേ റിഡക്ഷൻസ്" ഏതു സഭാചരിത്രകാരന്റെയും ശ്രദ്ധയിൽപ്പെടാതിരിക്കുകയില്ല. 40 രക്തസാക്ഷികളുടെ രക്തം വിലയായി കൊടുത്താണു് ഈശോസഭ ഈ പ്രസ്ഥാനത്തിനു് വിജയമകുടം വാങ്ങിയതു്. കാനഡായിലും വടക്കേ അമേരിക്കയിലും "ഹ്യൂറോൺ" വർഗ്ഗക്കാ

(ശേഷം 8-ാംപേജിൽ)

For favours received




Excuse delay.
J. P., Trichur

(2-ാം പേജ് തുടർച്ച)

കൾക്ക് പാടില്ലെന്നുപോലും ചില ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂളുകളിലും പള്ളിമുറികളിലും പള്ളിപ്പരിസരങ്ങളിലുംവെച്ച് മതോപദേശം നൽകുവാൻ വൈദികർക്കധികാരമില്ല. പള്ളിയകത്തുവെച്ചുപോലും മതോപദേശം പാടില്ലെന്ന് പലപ്പോഴും വിലക്കീട്ടുണ്ട്.

പള്ളികളുടേയും അതിന്റെ സ്ഥാപനങ്ങളുടെയുംമേൽ വളരെ വലിയ നികുതികൾ ചുമത്തിയിരിക്കുന്നു. അവ അടയ്ക്കുവാൻ വൈദികർക്കു സാധിക്കാതെയാകുമ്പോൾ അവരുടെയോ പള്ളിയുടെയോ വകകൾ പിടിച്ചെടുക്കുന്നു. തീർത്ഥസ്ഥലങ്ങളിൽനിന്നും നേർച്ചകളും കുർബാനധർമ്മങ്ങളും കവർന്നെടുക്കുന്നു. ഇവയെല്ലാം ചില ദൃഷ്ടാന്തങ്ങൾ മെമ്മോറാണ്ടത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പള്ളികളുടെ ആവശ്യത്തിനു പിരിവുകൾ നടത്താൻ പാടില്ലെന്നു വന്നിരിക്കുന്നു. വിദേശങ്ങളിൽനിന്നു പണമോ ഭക്ഷ്യവിഭവങ്ങളോ വസ്ത്രങ്ങളോ വൈദികരുടേയും സന്യാസികളുടേയും സെമ്മിനാരിക്കാരുടേയും ആവശ്യങ്ങൾക്കായി വരുന്നതും ദുർവ്വഹമായ ഡ്യൂട്ടികൾ ചുമത്തിയും മററും തടയുകയാണ്.

### വൈദികരെ പീഡിപ്പിക്കുന്നു

ഓരോതരം കുററങ്ങൾ ചുമത്തി വൈദികരെ അറസ്റ്റുചെയ്യുകയും പല കഠിനമായ രീതിയിൽ അവരെ ശിക്ഷിക്കുകയും ചെയ്യുന്നു. മെമ്മോറാണ്ഡം സമർപ്പിക്കുന്ന

"നമ്മുടെ സകല കഴിവുകളും കമ്മ്യൂണിസ്റ്റുവിരുദ്ധപ്രവർത്തനങ്ങളിൽ കേന്ദ്രീകരിച്ചതുകൊണ്ടു മാത്രം കാര്യമാകില്ല. വിരുദ്ധപ്രവർത്തനങ്ങൾ നിഷേധാത്മകമാകയാൽ അവയ്ക്കു മനുഷ്യമനസ്സിൽ ബോദ്ധ്യതയുളവാക്കുവാൻ സാധിക്കുകയില്ല. സത്യത്തെ പ്രകടമാക്കുന്ന അനുക്രമങ്ങളും ശക്തങ്ങളുമായ ന്യായങ്ങളുടെ പ്രകാശനമാണ് ആവശ്യമായിരിക്കുന്നതു്. വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സാമൂഹ്യനീതിയുടേയും നേതൃത്വം വഹിക്കുന്ന കത്തോലിക്കാവിശ്വാസത്തെ ലോകത്തിനു കാണിച്ചുകൊടുക്കണം."

റവ. ഐ. എ. എസ്ട്രോസ

സമയത്ത് യൂഗോസ്ലാവിയായിലെ കാരാഗൃഹങ്ങളിൽ 20[illegible]-ൽ അധികം വൈദികർ അടയ്ക്കപ്പെട്ടിട്ടുണ്ടെന്നു അതിൽ പറയുന്നു. അവരിലുൾപ്പെട്ട മെത്രാന്മാരുടേയും മെത്രാപ്പോലീത്താമാരുടേയും പേരുകൾ പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മെമ്മോറാണ്ഡത്തിന്റെ തീയതിവരെയുള്ള ഏഴുകൊല്ലങ്ങൾക്കിടയിൽ ഏകദേശം 80 വൈദികരെ രഹസ്യമായി കാത്തിരുന്നു കൊലപ്പെടുത്തിയിട്ടുണ്ടെന്നും കൊലപാതകികളെ അന്വേഷിച്ചുപിടിച്ച് സർക്കാർ ശിക്ഷിച്ചിട്ടില്ലെന്നും ദൃഷ്ടാന്തങ്ങൾ സഹിതം പ്രസ്താവിക്കുന്നു. മെത്രാന്മാർക്ക് അതിർത്തിപ്രദേശങ്ങളിലുള്ള പള്ളികൾ ഔദ്യോഗികമായി സന്ദർശിക്കുവാൻ അനുവാദം നിഷേധിക്കപ്പെടുന്നു.

ഈ പീഡനങ്ങളേയും അസ്വാതന്ത്ര്യങ്ങളേയും കുറിച്ച് മെത്രാന്മാർ 1945 മുതൽ ചുരുങ്ങിയതു് 6 പ്രാവശ്യം മെമ്മോറാണ്ഡം സമർപ്പിച്ചിട്ടുണ്ടെന്നും അവയ്ക്കു് കാര്യമായ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്നും മെമ്മോറാണ്ഡത്തിൽ പറയുന്നു. യൂഗോസ്ലാവിയായിലെ ഭരണഘടനയിൽ മനസ്സാക്ഷിയുടേയും മതത്തിന്റേയും സ്വാതന്ത്ര്യം അനുവദിക്കുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളതു് ലോകരുടെ കണ്ണിൽ പൊടിയിടുവാൻ മാത്രമാണ്. സോവ്യററ് റഷ്യയിലെ ഭരണഘടനയിലും ഇത്തരം വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടല്ലോ. എന്നാൽ അവിടെ ഭയങ്കരമായ മതമർദ്ദനത്തിനു് അതു് തടസ്സമായിരിക്കുന്നില്ല. അതുപോലെതന്നെയാണ് യൂഗോസ്ലാവിയായിലേയും സ്ഥിതി. കാരണം, മാർക്സിസ്റ്റ് ലെനിനിസ്റ്റ് സിദ്ധാന്തപ്രകാരം മതം മനുഷ്യരെ മയക്കുന്ന കറുപ്പാണ്. ആ വിഷം മനുഷ്യരുടെ ഹൃദയത്തിൽ കയറാതിരിക്കണമെന്നും കയറിയിട്ടുണ്ടെങ്കിൽ അതു് വലിച്ചെടുത്തുകളയണമെന്നും കമ്മ്യൂണിസത്തിനു നിർബന്ധമുണ്ട്. തദനുസരണം മതവിശ്വാസത്തേയും മതാനുഷ്ഠാനത്തേയും സകലവിധേനയും നശിപ്പിക്കുവാൻ കമ്മ്യൂണിസ്റ്റു ഗവമ്മെൻറുകൾ ശ്രമിക്കുന്നു. അതിനെതിരായി നില്ക്കുന്നവരെ ഭയങ്കരമായി പീഡിപ്പിക്കുന്നു.

കമ്മ്യൂണിസ്റ്റ് ഗവർമ്മെൻറിന്റെ പിടിയിൽ പൂർണ്ണമായി അമർന്നിരിക്കുന്ന ഏതു രാജ്യത്തിലേയും സ്ഥിതി ഇതാണ്. പിടിയിലമരുന്നതുവരെ അവർ മതമർദ്ദനം തുടങ്ങുകയില്ല. അഥവാ തുടങ്ങിയാൽ അതു പരോക്ഷമായും നൃത്തത്തിലുമായിരിക്കും. ഉന്നാട്ടിൽ കമ്മ്യൂണിസ്റ്റുഭരണം വന്നാലുള്ള അനുഭവം എങ്ങനെയിരിക്കുമെന്നു് ഈ വസ്തുതകൾ വിളിച്ചുപറയുന്നില്ലയോ? ആകയാൽ മതം വേണമെന്നാഗ്രഹമുള്ളവർക്ക് കമ്മ്യൂണിസത്തെ ബദ്ധശത്രുവായി ഗണിച്ച് അതിനെ എതിർക്കാതിരിക്കുവാൻ സാദ്ധ്യമാണോ?

ആദ്ധ്യാത്മികവീഥി (20)

# കർത്തവ്യാനുഷ്ഠാനം

(തുടർച്ച)

ദൈവത്തിന്റെ വത്സലമക്കളേ,

ഓരോരുത്തനും അവനവന്റെ കടമകൾ ശരിയായി നിറവേററണമെന്നുള്ളതു് ദൈവതിരുമനസ്സാണെന്നു് കഴിഞ്ഞ കത്തിൽ പറയുകയുണ്ടായി. എന്നാൽ അതു് എത്ര ഗൗരവമായ സംഗതിയാണെന്നു് പലരും സ്മരിക്കാറില്ല.

ദൈവഹിതം ഖണ്ഡിതമായ കല്പനകൾ വഴിയായും ഉപദേശങ്ങൾ വഴിയായും ആന്തരികപ്രേരണവഴിയായും നമുക്കറിയാം. ദൈവപ്രമാണങ്ങളും വിശുദ്ധ പള്ളിയുടെ കല്പനകളും ആദ്യത്തെ ഇനത്തിൽ പെടുന്നു. അവ ഘനമായി ലംഘിച്ചാൽ ചാവദോഷമാകും. ദാരിദ്ര്യം, ബ്രഹ്മചര്യം, സന്യാസാനുസരണം മുതലായവ ഉപദേശങ്ങൾ മാത്രമാണ്. അവ എല്ലാവരേയും ഉദ്ദേശിച്ചുള്ളവയല്ല. അതിനാൽ എല്ലാവരും കാക്കണമെന്നു് നിർബന്ധമില്ല. അതുപോലെ ഓരോ നന്മപ്രവൃത്തികൾ ചെയ്യുന്നതിനായി മനസ്സിൽ തോന്നുന്ന പ്രേരണകളും അനുസരിച്ചില്ലെങ്കിൽ പുണ്യയോഗ്യത കുറയുമെന്നല്ലാതെ സാമാന്യം പറഞ്ഞാൽ പാപമാകയില്ല.

മേല്പറഞ്ഞ മൂന്നുതരത്തിലുള്ള ദൈവഹിതപ്രഖ്യാപനങ്ങളിൽ കർത്തവ്യാനുഷ്ഠാനം അഥവാ അന്തസ്സിനടുത്ത കടമകൾ നിർവ്വഹിക്കുകയെന്നുള്ളതു കല്പനകളുടെ ഗണത്തിലാണ് പെടുന്നതു്. കല്പനകൾ ലംഘിച്ചാൽ ലംഘനത്തിന്റെ ഗുരുലഘുത്വമനുസരിച്ച് ചാവദോഷമോ പാവദോഷമോ ആകുന്നതുപോലെ ഒരുവൻ [..]ന്റെ കർത്തവ്യം നിറവേററാതിരുന്നാലും സംഭവിക്കും. പ്രതിദിനം നമ്മുടെ സ്വയം പരിശോധനാവിഷയമാക്കേണ്ട ഒരു സംഗതിയാണിതു്.

ദിവസേന പള്ളിയിൽ പോയി അവിടെ ചൊല്ലുന്ന സകല കുർബാനകളും കണ്ടു് മടങ്ങുന്ന ഒരു സ്ത്രീ തന്റെ ഈ ഭക്ത്യഭ്യാസം തന്റെ ഭർത്താവിനോടും കുട്ടികളോടുമുള്ള കടമകളുടെ നിർവ്വഹണത്തിനു് തടസ്സമാകുന്നുണ്ടോ എന്നു പരിശോധിക്കണം. ഇടദിവസങ്ങളിൽ ദിവ്യപൂജയിൽ സംബന്ധിക്കുകയെന്നുള്ളതു ഉപദേശം മാത്രമാണ്. കുടുംബത്തിന്റെ കാര്യമന്വേഷിക്കുകയെന്നതു് കല്പനയാണ്. കുറെ നേരത്തെ ഉണർന്നു് വീട്ടുകാര്യങ്ങളെല്ലാം ഭദ്രമാക്കിയതിനുശേഷം പള്ളിയിൽ പോകുന്നതു വളരെ സ്തുത്യർഹമാണ്. പക്ഷെ രണ്ടുംകൂടി നടക്കുകയില്ലെങ്കിൽ പള്ളിയിൽ പോകാണു് യുക്തിപൂർവ്വം ഉപേക്ഷിക്കേണ്ടതു്. മറിച്ച് എന്തെല്ലാം ന്യായങ്ങൾ തോന്നിയാലും അവ സാധുവല്ല.

ആഴ്ചയിൽ ഒരു ദിവസംമാത്രം പള്ളിയിൽ പോകാനേ ചിലർക്കു സുഖം കാണുകയുള്ളു. അവർ ഞായറാഴ്ചപോയി തിരുസഭയുടെ കല്പനയാണ് അനുസരിക്കേണ്ടതു്; അല്ലാതെ സ്വന്തം ഇഷ്ടമനുസരിച്ച് മാതാവിന്റെ സ്തുതിക്കായി ശനിയാഴ്ചയല്ല പോകേണ്ടതു്.

അദ്ധ്യാപകന്മാർ വേണ്ടവണ്ണം പാഠമൊരുക്കാതെയും വിദ്യാർത്ഥികളുടെ അഭിവൃദ്ധിയിൽ വേണ്ടത്ര ശ്രദ്ധിക്കാതെയും ഇതരജോലികളിൽ ഏർപ്പെടുന്നതു പാപകരമായിരിക്കും. മററു ജോലിക്കാരെക്കുറിച്ചും ഇതുതന്നെ പറയാം. Duty First—കർത്തവ്യം ആദ്യം എന്നുള്ളതു ഒരു മുദ്രാവാക്യമായി നാം സ്വീകരിക്കണം. അതു നമ്മുടെ ജീവിതവിജയത്തിനും പുണ്യപൂർണ്ണതയ്ക്കും മാത്രമല്ല നിത്യരക്ഷയ്ക്കുപോലും ആവശ്യമാണ്.

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവ്.

# ഏകാന്തധ്യാനം

വിശുദ്ധവാരത്തിനുമുമ്പ് ഏകാന്തധ്യാനം കഴിക്കുവാൻ ആഗ്രഹിക്കുന്ന പുരുഷന്മാരെ ഉദ്ദേശിച്ച് ഏപ്രിൽ 10-ാംനു- ശനിയാഴ്ച വൈകുന്നേരം ആരംഭിച്ച് ഏപ്രിൽ 14-ാംനു- ബുധനാഴ്ച കാലത്തവസാനിക്കത്തക്കവിധം ഒരു ഏകാന്തധ്യാനം എറണാകുളത്തു് ചിററൂർ റോഡിലുള്ള "കാർമ്മൽ റിട്രീററിൽ" വച്ചു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. റവ. ഫാദർ തെയോഫിൻ ഒ. സി. ഡി. എം. അവർകളായിരിക്കും ധ്യാനപ്രസംഗകൻ. ധ്യാനത്തിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ Director, Carmel Retreat, Chittoor Road, Ernakulam-1 എന്ന മേൽവിലാസത്തിൽ ഉടനെ ആവശ്യപ്പെടുവിൻ. ശയ്യോപകരണങ്ങൾ ഓരോരുത്തരും കൊണ്ടുവരണം. ഭക്ഷണച്ചിലവു് 10ക.

# പുസ്തകാഭിപ്രായം

## "ആശ്രമപുണ്യം"

(മാർ തോമ്മാശ്ലീഹാ പ്രസ്സ്, ആലുവാ 367 പേജ്. വില 1—14—0)

കത്തോലിക്കാസാഹിത്യത്തിന്റെ പരിപോഷണാർത്ഥം സന്യാസവൈദികർ ചെയ്തിട്ടുള്ള സേവനം ഏററം മഹത്താണെന്നു് ആരും സമ്മതിക്കും. എന്നാൽ സന്യാസസഹോദരികൾ ഇതിൽ കാര്യമായി പങ്കെടുത്തിട്ടുള്ളതായി കാണുന്നില്ല. എങ്കിലും വേണ്ടത്ര പ്രോത്സാഹനമുണ്ടാകുന്നതായാൽ മുദ്രണവും പ്രസിദ്ധീകരണവും സംബന്ധിച്ച് പ്രത്യേകിച്ചും ആരെങ്കിലും മുമ്പു നില്ക്കുന്നതായാൽ, സന്യാസിനികളിൽനിന്നും ഭാഷാഭണ്ഡാഗാരത്തിലേക്കു് നല്ല മുതൽക്കൂട്ടുണ്ടാകുകതന്നെ ചെയ്യും. 'ആത്മാവിന്റെ സ്നേഹഗീത', "ബഹിഷ്കൃതനായ ഈശോ", "സ്നേഹസോപാനം" തുടങ്ങിയ ഗ്രന്ഥങ്ങൾ ഇതിനു് ഉദാഹരണങ്ങളാണ്. ആ കൂട്ടത്തിൽ പ്രമുഖസ്ഥാനം വഹിക്കുന്ന വേറൊരു വിശിഷ്ടകൃതിയാണ് "ആശ്രമപുണ്യം" എന്നു പറയുവാൻ ഞങ്ങൾക്കു സന്തോഷമുണ്ട്. ആരാധനാമഠത്തിലെ ഒരു സന്യാസിനി ഈ ഗ്രന്ഥം വിവർത്തനംചെയ്തു. കേരളീയർക്ക് സുപരിചിതനായ വന്ദ്യ ദിവ്യശ്രീ ഫാദർ മാത്യൂ വടക്കേൽ എല്ലാ കുറവുകളും തീർത്തു് ഇതു പ്രസാധനം ചെയ്യാൻ സന്നദ്ധനായി. അങ്ങനെ ഈ ഉത്തമഗ്രന്ഥം കാലം വൈകീട്ടാണെങ്കിലും നമുക്കു് കരഗതമായിരിക്കുന്നു.

മഹാ വിശുദ്ധനും വേദപാരംഗതനുമായ വി. യോഹന്നാൻ ക്രൂസിന്റെ (Holyness in the Cloister) എന്ന പ്രബന്ധത്തിന്റെ പണ്ഡിതോചിതവും പ്രായോഗികവുമായ ഒരു വ്യാഖ്യാനമാണ് പ്രസ്തുതകൃതി. ആദ്ധ്യാത്മികജീവിതത്തിലെ അത്ഭുതകരമായ അനുഭവങ്ങൾക്കു് സ്വയം സാക്ഷിയാകുവാൻ... ദ്ധ്യാത്മികതത്വങ്ങളെ പ്രപഞ്ചനം ചെയ്തിരിക്കുന്ന ഈ ഗ്രന്ഥം വഴി ഫാദർ മാത്യൂ വടക്കേൽ അവർകൾ ഭാഷാപോഷണവും സന്മാർഗ്ഗപോഷണവും ഒരുമിച്ചു നിർവ്വഹിച്ചിരിക്കുന്നു" എന്ന അവതാരകനായ അഭിവന്ദ്യ പാലാ മെത്രാൻ തിരുമനസ്സിലെ അഭിപ്രായം തികച്ചും സ്വീകാര്യമത്രെ. 367 പേജുള്ള ഈ പുസ്തകത്തിനു് 1—14—0 മാത്രമേ വിലയുള്ളുവെന്ന വസ്തുതയും നമ്മുടെ ചില പ്രസിദ്ധീകരണങ്ങളുടെ ദുർവ്വഹമായ വിലകണ്ടു ഭയപ്പെട്ടിരിക്കുന്നവർക്ക് ആശ്വാസകരമായിരിക്കും. അടുത്തപതിപ്പിലെങ്കിലുംഒരുശുദ്ധിപത്രംചേർക്കാനിടയാകാതിരിക്കട്ടെ എന്നൊരു നിർദ്ദേശം മാത്രമേ ഞങ്ങൾക്കു നൽകാനുള്ളു. ഏററം ഉപകാരപ്രദമായ ഈ പുസ്തകത്തിനു് ധാരാളം പ്രചാരം ലഭിച്ചിരുന്നെങ്കിൽ!

(എം. ജെ. എം.)

—o—

## "മേരീവത്സരം"

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട്, മരിയൻജൂബിലിവത്സരം സംബന്ധിച്ചു പുറപ്പെടുവിച്ച "ഫുൽജെൻസ് കൊറോണ"- എന്ന തിരുവെഴുത്തിന്റെ മലയാളപരിഭാഷ.

വിവർത്തകൻ:
**റവ. ഡോക്ടർ തോമസ മൂത്തേടൻ M. A., D. D.**
വില 100ക്കു് 4ക.
(തപാൽക്കൂലി പുറമെ)
ഒററപ്രതിക്കു് 1ണ.
(തപാലിൽ അയക്കാൻ 2ണ സ്റ്റാമ്പയക്കുക)
മാർ ളൂയീസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം-1

ക്ഷിയാകുവാൻ കഴിഞ്ഞിട്ടുള്ള അല്പം ചില സുകൃതപ്രീരന്മാരിൽ പ്രമുഖനാണല്ലൊ അദ്ദേഹം. മനുഷ്യജീവിതത്തെ വഴിതെററിച്ച് നശിപ്പിക്കുവാൻ നിരന്തരം യത്നിക്കുന്ന ലോകം, പിശാചു്, ശരീരം എന്നീ ത്രിവിധശത്രുക്കളുടെ ആക്രമണരീതികളെയും അവയെ പരാജയപ്പെടുത്താനുള്ള പ്രതിവിധികളേയും ദീർഘമായി ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. തിന്മയെപ്പററി ചിന്തിക്കാതെ തിന്മയിൽ കുടുങ്ങി നശിക്കുന്ന എത്രയോ ആളുകളുണ്ട്. ശത്രുവിനെ മിത്രമായി കരുതി സേവിച്ചുകൊണ്ടു് ഇക്കൂട്ടർ അധഃപതിക്കുന്നു. തിന്മയുടെ ആക്രമണത്തിൽനിന്നു രക്ഷപെടുവാൻ സാദ്ധ്യമല്ലെന്നു നിരാശപ്പെട്ടു് പരാജയം വരിക്കുന്നവരും ഇല്ലാതില്ല. ആകയാൽ സന്യാസികൾക്കു മാത്രമല്ല എല്ലാ ജീവിതാവസ്ഥയിലുമുള്ളവർക്കും ഈ ഗ്രന്ഥം ഏററം പ്രയോജനകരമായി ഭവിക്കുകതന്നെ ചെയ്യും.

"അക്ലിഷ്ടമനോഹരമായ ഭാഷയിൽ അത്യുൽകൃഷ്ടങ്ങളായ ആ

## "ആ ചെറുഗണം"

(പേജ് 151. വില 8 ണ.)

കുടുംബങ്ങളിൽ കടന്നുകൂടിയിട്ടുള്ള കുഴപ്പങ്ങൾ പരിഹരിക്കുവാൻ ഏററം പ്രയോജനപ്രദമായ ഒരു പ്രസിദ്ധീകരണമാണ് ഈ ലഘുഗ്രന്ഥമെന്നു പറയുവാൻ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്. കത്തോലിക്കരെന്നറിയപ്പെടുകയും അതേസമയംതന്നെ കത്തോലിക്കാജീവിതാനുഷ്ഠാനങ്ങൾ പഠിക്കുകയും പരിശീലിക്കയും ചെയ്യുന്നതിൽ അലസരായിരിക്കുകയും ചെയ്യുന്നതു് എത്രയോ ശോചനീയമാണ്! അനുദിനം അനുഷ്ഠിക്കേണ്ട കാര്യങ്ങൾ ഓരോന്നായി വിവരിച്ചശേഷം അവയുടെ പ്രായോഗികവശം ഉദാഹരണസഹിതം നിർദ്ദേശിച്ചുകൊണ്ടുള്ള ഈ പുസ്തകം ആബാലവൃദ്ധം സകലയാളുകൾക്കും വളരെ ഉപകാരപ്രദമായിരിക്കുന്നു. ലളിതവും സുന്ദരവുമായ പ്രതിപാദനരീതി തികച്ചും ഹൃദ്യംതന്നെ. പുണ്യശ്ലോകനായ പത്താംപീയൂസ് പാപ്പായുടെ അഭിപ്രായാനുസാരം ഇടവകകൾതോറും ഭക്തിതീക്ഷ്ണതയുള്ള വിശ്വാസികളുടെ ഒരു ചെറുഗണം രൂപവൽക്കരിക്കുന്നതിൽ ഒരു വലിയപങ്കു വഹിക്കുവാൻ ഈ പ്രസിദ്ധീകരണത്തിനു് കഴിയുമെന്നു് ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. എല്ലാ കുടുംബങ്ങളിലും പ്രത്യേകിച്ചും ബാലികാബാലന്മാരുടേയും യുവതീയുവാക്കന്മാരുടേയും അനുദിനോപയോഗത്തിനുള്ള ഗ്രന്ഥസമൂഹത്തിലും ഇതിനു് ഹാർദ്ദമായ സ്വാഗതം ലഭിക്കട്ടെ എന്നാശംസിക്കുകയും ഗ്രന്ഥകർത്താവിനെ അനുമോദിക്കുകയും ചെയ്തുകൊള്ളുന്നു.

(എം. ജെ. എം.)

—o—

Reg. No. M. 2293

# Sathya Deepam

Vol. 27 | Ernakulam, March 17, 1954 | No. 29

# —വിവിധവൃത്താന്തങ്ങൾ—

## കൊന്തകൊണ്ടു് ആളറിഞ്ഞു

കൊറിയൻ തടവുകാരുടെ ആത്മികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനു് ഇന്ത്യയിൽനിന്നു് ഏതാനും കത്തോലിക്കാ ചാപ്ലയിൻമാർ അവിടെ പോയി സേവനമനുഷ്ഠിച്ചിരുന്നുവല്ലൊ. അവക്കു കൊറിയൻ ഭാഷയോ ചൈനീസ് ഭാഷയോ സംസാരിക്കാൻ പരിചയമില്ലാതിരുന്നതുകൊണ്ടു്, തടവുകാരെ സമീപിച്ചു് അവരോടു ആശയവിനിമയം ചെയ്യാൻ സാദ്ധ്യമല്ലായിരുന്നു. മോൺസിഞ്ഞോർ ജോസഫ് ലോബോ അദ്ദേഹത്തിൻെറ ആദ്യഅനുഭവത്തെ ഇങ്ങനെ വിവരിച്ചിരിക്കുന്നു. അദ്ദേഹം കൈയിൽ കൊന്ത ഉയത്തിപ്പിടിച്ചുകൊണ്ടു് തടവുകാർ താമസിച്ചിരുന്ന കൂടാരങ്ങളുടെ പുറത്തുകൂടി നടന്നു. ഇതുകണ്ടയുടനെ അക്കൂട്ടത്തിലുണ്ടായിരുന്ന കത്തോലിക്കരായ തടവുകാരെല്ലാം പുറത്തുവന്നു. അവരുടെ കൈവശമുണ്ടായിരുന്ന കൊന്തകൾ പുറത്തെടുത്തു് അവരുടെകത്തോലിക്കാവിശ്വാസത്തെ പ്രകടമാക്കുകയും "സെൻ ഫൂ"— ആത്മീയപിതാവെ, എന്നു അദ്ദേഹത്തെ സ്നേഹപൂർവ്വം അഭിവാദ്യം ചെയ്യുകയുംചെയ്തു.

## "ശാന്തിയുടെ പീഠം" തിരിച്ചുകൊടുത്തു

റോമിലെ അഗസ്റ്റസ് ചക്രവത്തി സ്പെയിനിലും ഗാളിലും പര്യടനം നടത്തി മടങ്ങിയെത്തിയതിൻെറ സ്മരണയെ നിലനിത്തുന്നതിനു് സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു പുരാതനസ്മാരകമാണു് സമാധാനദേവതയുടെ നാമത്തിൽ വിചിത്രമായ ശില്പവേലകളോടുകൂടി പണിയപ്പെട്ടിട്ടുള്ള "ശാന്തിയുടെ പീഠം". അതു കാലാന്തരത്തിൽ ഛിന്നഭിന്നമായി പല രാജ്യങ്ങളുടെ അധീനതയിൽ ചെന്നുചേന്നു. കഴിഞ്ഞ മഹായുദ്ധത്തിനുമുമ്പു് ഇററലിയുടെ ഈ ചരിത്രപ്രസിദ്ധമായ സ്മാരകപീഠത്തിൻെറ ഭാഗങ്ങൾ ഒന്നിപ്പിച്ചു് ടൈബർ തീരത്തു് പുനസ്ഥാപിക്കുന്നതിനു വളരെ ശ്രമങ്ങൾ നടത്തുകയും ഏറക്കുറെ സഫലമാവുകയുമുണ്ടായി. എങ്കിലും പാരീസിലും, വിയന്നായിലും, വത്തിക്കാനിലുമുള്ള കാഴ്ചബംഗ്ലാവുകളിൽ സൂക്ഷിക്കപ്പെട്ടിരുന്ന ഭാഗങ്ങൾ തിരിച്ചുകിട്ടിയിരുന്നില്ല. ഇററലിയും വത്തിക്കാനും തമ്മിൽ സമാധാനം സംസ്ഥാപിച്ച ലാററൻ ഉടമ്പടിയുടെ രജതജൂബിലിഇൗയിടെ ആഘോഷിച്ച അവസരത്തിൽ പരി. പിതാവു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ വത്തിക്കാൻ കാഴ്ചബംഗ്ലാവിൽ സൂക്ഷിക്കപ്പെട്ടിരുന്ന പ്രസ്തുത പീഠഭാഗം ഇററാലിയൻ ഗവമ്മെൻറിനു സംഭാവനചെയ്യുകയുണ്ടായി. ചരിത്രപ്രധാനമായ ഈ കലാവസ്തു മാർപ്പാപ്പായ്ക്കുവേണ്ടി കർദ്ദിനാൾ കലനാ തിരുമനസ്സുകൊണ്ടു് ഇററാലിയൻ പ്രസിഡൻറിൻെറ പ്രതിനിധിയേയും വിദേശമന്ത്രി സിഞ്ഞോർ പിക്കിയോനിയേയും ഏല്പിച്ചുകൊടുത്തു.

## കാർഡിനൽ സ്പെൽമൻ ജപ്പാനിൽ ആസ്പത്രിക്കു്

കഴിഞ്ഞകൊല്ലം കർദ്ദിനാൾ തിരുമേനി ജപ്പാൻ സന്ദർശിച്ച അവസരത്തിൽ കാനഡാക്കാരനായ ഒരു ഡോമിനിക്കൻ മിഷനറിയോടു് തിരുമേനി ഒരു വാതു കെട്ടി. പ്രസ്തുത മിഷനറിയുടെ പ്രവത്തനപ്രദേശത്തു് ഒരാസ്പത്രിയില്ലാതെ ജനങ്ങൾ അത്യധികം കഷ്ടപ്പെടുന്നതിനാൽ അതിലേക്കു് ഒരു പ്രതിവിധിയുണ്ടാക്കാൻ സഹായിക്കണമെന്നു് മിഷനറി കർദ്ദിനാളിനോടു് അഭ്യത്ഥിക്കയായിരുന്നു. ഒരാണ്ടുകൊണ്ടു് അവർ പിരിച്ചെടുക്കുന്നിടത്തോളം തുകതാനും നൽകാമെന്നു് കർദ്ദിനാൾ വാക്കുകൊടുത്തു. അമേരിക്കൻ ചാപ്ലന്മാരും സൈനികോദ്യോഗസ്ഥന്മാർ മുതലായവരുംചേന്നു് ഇരുപത്തയ്യായിരം ഡോളർ ഒരു കൊല്ലത്തിനിടയിൽ ശേഖരിച്ചെടുത്തു. ഒരാണ്ടുകഴിഞ്ഞു് കർദ്ദിനാൾ വീണ്ടും അവിടെ എത്തിയപ്പോൾ തിരുമേനിയെ വിവരം അറിയിച്ചു. ഇരുപത്തയ്യായിരം ഡോളറിൻെറ ഒരു ചെക്കു് തിരുമേനിയും തൽക്ഷണം സംഭാവനചെയ്തു. ആസ്പത്രിപണി ഇപ്പോൾ ധൃതഗതിയിൽ നടന്നുവരികയാണു്.

## സിസ്റ്റർ ലൂസിയാ റോമിനു പോകുന്നില്ല

ഫാത്തിമാദർശനത്തിൽ ഭാഗഭാക്കായ ലൂസിയാ കോയിംബ്രാ നഗരത്തിലെ ഒരു കമ്മെലീത്താമഠത്തിൽ കന്യാസ്ത്രീയായിട്ടു് ഇപ്പോൾ കഴിഞ്ഞുകൂടുകയാണു്. മരിയൻവത്സരം പ്രമാണിച്ചു് സിസ്റ്റർ ലൂസിയായും റോമാ സന്ദർശിക്കുന്നതാണെന്നുള്ള ഒരു റിപ്പോർട്ടു് എങ്ങനെയോ സർവ്വത്ര പരന്നു. തങ്ങൾക്കു് അതേപ്പററി യാതൊരറിവുമില്ലെന്നാണു് വത്തിക്കാൻ പ്രസ്സ് പ്രസ്താവിക്കുന്നതു്. കോയിംബ്രാ മെത്രാപ്പോലീത്താ തിരുമേനിയും ആ റിപ്പോർട്ടിനെ നിഷേധിച്ചിരിക്കുന്നു

## 'വിവേകം വില്ക്കാനുണ്ടു്'

ആത്തൻസ് നഗരത്തിലെ ഒരു സമ്പന്നൻ ഒരിക്കൽ തെരുവീഥിയിലൂടെ നടന്നുപോകയിൽ മേല്പറഞ്ഞ ബോർഡു ഒരു കടയുടെ മുമ്പിൽ തൂക്കിയിരിക്കുന്നതായിക്കണ്ടു. കയറിച്ചെന്നപ്പോൾ ഡയോജെനെസ് എന്ന തത്വജ്ഞനെയാണു അവിടെ കണ്ടെത്തിയതു്. മൂന്നു വെള്ളിത്തുട്ടുകൾ എടുത്തിട്ടു്, ഇതിനുള്ള വിവേകം തരണം എന്നാവശ്യപ്പെട്ടു. ഡയോജെനെസ് ഒരു തുണ്ടു കടലാസെടുത്തു് "എല്ലാക്കാര്യങ്ങളിലും നിൻെറ അന്ത്യത്തെ അനുസ്മരിക്കുക" എന്ന വാക്യശകലം എഴുതിക്കൊടുത്തു് അയാളെ പറഞ്ഞയക്കയാണു ചെയ്തതു്.

## ടിറേറാനാമത്തിൻെറ ആവിർഭാവചരിത്രം

ജോസഫ് ബ്രോസ് എന്നു പേരുള്ള ഒരു ഇരുമ്പുപണിക്കാരനായിരുന്നു ഇദ്ദേഹം. ഒന്നാം ലോകമഹായുദ്ധാനന്തരമുണ്ടായ കലാപങ്ങൾക്കിടയിൽ അയാൾ കമ്മ്യൂണിസ്റ്റുചേരിയിൽ ചെന്നുചേന്നു. "Trajna Internationala Terroristica Organizacia" (ദേശീയ രഹസ്യഭീകരസംഘടന) എന്നപേരിൽ ഒരു കമ്മ്യൂണിസ്റ്റു് മർദ്ദനസംഘം അയാളുടെ ശ്രമത്താൽ യുഗോസ്ലാവിയായിൽ സ്ഥാപിതമായി. പ്രസ്തുത സംഘടനാനാമത്തിൻെറ ആദ്യാക്ഷരങ്ങൾ ചേത്തു് Tito (ടിറേറാ) എന്നു അക്കാലങ്ങളിൽ അയാൾ വിളിക്കപ്പെട്ടുവന്നു. ഒടുവിൽ ഭരണമേധാവിത്വത്തിൽ എത്തിയപ്പോഴും ആ സംജ്ഞതന്നെ ഉപയോഗിച്ചുവരികയും ചെയ്യുന്നു. എന്തായാലും ഇതു് കോലത്തിനു തക്ക പേരുതന്നെയെന്നു ഇതിനകം സർവ്വഥാ തെളിഞ്ഞുകഴിഞ്ഞിരിക്കയാണു്.

## ജനറൽ ഫ്റാങ്കോയ്ക്കു് പേപ്പൽ ബിരുദം

സ്പെയിനിലെ പുതിയ പേപ്പൽ നൺഷിയോ മാഡ്റിഡിലെത്തിയ അവസരത്തിലാണു് പരിശുദ്ധ പിതാവു് തിരുമനസ്സുകൊണ്ടു് ജനറൽ ഫ്റാങ്കോയ്ക്കു് പ്രദാനം ചെയ്തിട്ടുള്ള നവീന ബിരുദത്തിൻെറ സ്ഥാനമുദ്രകൾ അദ്ദേഹത്തിനു സമപ്പിച്ചതു്. "സുപ്രീം ഓർഡർ ഓഫ് ക്രൈസ്റ്റ്" എന്ന ഈബിരുദംതിരുസഭയ്ക്കുവേണ്ടിഅന്യാദൃശസേവനങ്ങൾ നടത്തുന്ന അത്മേനികൾക്കു് നൽകുന്നതിനു് നിശ്ചയിച്ചിട്ടുള്ളതാണു്. 12-ാം പീയൂസിൻെറ 15 കൊല്ലത്തെ ഭരണത്തിനിടയ്ക്കു് ഈ ബിരുദം നൽകുന്നതു് ഇതു രണ്ടാമത്തെ പ്രാവശ്യമത്രെ. നോബിൾ ഗാർഡ്സിൻെറ സേനാനിയായിരുന്ന പ്രിൻസ് ചീഗി അവർകൾക്കു് 1939 ഡിസമ്പറിൽ ഈ സ്ഥാനം പ്രദാനംചെയ്തതാണു് വേറൊരവസരം. 1319-ൽ 22-ാമത്തെ യോഹന്നാൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഏർപ്പെടുത്തിയ ഒരുന്നത മാടമ്പിസ്ഥാനമാണിതു്.

## വലിയ കുടുംബങ്ങൾക്കു് സമ്മാനദാനങ്ങൾ

സന്താനങ്ങൾ കൂടുതലുള്ള മാതാപിതാക്കന്മാക്കു് സംഭാവനകൾ നൽകുന്ന സമ്പ്രദായം ഇപ്പോൾ പല ഗവമ്മെൻറുകളും സ്വീകരിച്ചുവരുന്നുണ്ടു്. ഇക്കൊല്ലത്തെ മാതൃദിനത്തിൽ പോർട്ടുഗലിലെ പ്രസിഡൻറിൻെറ ഭാര്യ ഇപ്രകാരമുള്ള 120 കുടുംബങ്ങൾക്കു് സമ്മാനദാനകർമ്മം നിർവ്വഹിക്കുകയുണ്ടായി. 100 വയസ്സു് പ്രായമായ അതിലൊരു മാതാവു് രണ്ടുതവണത്തെ വിവാഹത്തിലായി 16 മക്കളും നിരവധി പൗത്രന്മാരുമുള്ള ഒരു മഹതിയാണു്. സ്പെയിനിൽ ബിൽബാവോ നഗരത്തിലെ 16 സന്താനങ്ങളുള്ള ഒരു മാതാവിനു് ഗവമ്മെൻറിൽനിന്നും നല്ലൊരു മന്ദിരം പണിയിച്ചുകൊടുക്കയാണു് ചെയ്തതു്.

## സ്പെയിനിൽ മരിയവത്സരോൽഘാടനം

ജനുവരി 1-ാം തീയതിയാണു് സ്പെയിനിലെ ഉൽഘാടനകർമ്മം നടന്നതു്. റോമിൽ സെൻറു് പീറേറഴ്സ് പള്ളിയിൽ നടന്നതുപോലെയുള്ള ചടങ്ങുകളെല്ലാം അവിടത്തെ സുപ്രസിദ്ധമായ കൊമ്പൊസ്റ്റെല്ലാ കത്തീഡ്രലിലും നടന്നു. കാർഡിനൽ കപിദറാഗാ തിരുമേനിയാണു് "തിരുവാതിൽ തുറക്കുക" മുതലായ കർമ്മങ്ങളെല്ലാം നിർവ്വഹിച്ചതു്. ജനറൽ ഫ്റാങ്കോയുടെ പ്രതിനിധിയായി നീതിന്യായവകുപ്പുമന്ത്രി സന്നിഹിതനായിരുന്നു. ഉദ്യോഗസ്ഥമേധാവികൾ, സൈനികകമാൻഡറന്മാർ, ജനറൽ ഫ്റാങ്കോയുടെ ധർമ്മപത്നി ആദിയായവരും മുന്നണിയിൽ സ്ഥാനം പിടിച്ചിരുന്നു. സ്പെയിനിൻെറ നാനാഭാഗങ്ങളിൽനിന്നായി ലക്ഷക്കണക്കിനു് ജനങ്ങൾ വന്നുകൂടി. തിരുകർമ്മങ്ങളുടെ മദ്ധ്യേ, രാജ്യത്തിൻെറ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വി യാക്കോബ്ശ്ലീഹാ അപകടഘട്ടങ്ങളിലെല്ലാം തങ്ങൾക്കു് ചെയ്തിട്ടുള്ള സഹായസഹകരണങ്ങൾക്കു കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ടുള്ള ഒരു പ്രാത്ഥന നീതിന്യായവകുപ്പുമന്ത്രിതന്നെ ഉച്ചത്തിൽ ചൊല്ലി. മേയ് 23-ലെ വി. യാക്കോബ്ശ്ലീഹായുടെ പ്രത്യക്ഷത്തിരുനാൾ, ജൂലൈ 25 വി. ശ്ലീഹായുടെ പ്രധാന തിരുനാൾ, ഡിസമ്പർ 30 വിശുദ്ധൻെറ പൂജ്യാവശിഷ്ടങ്ങൾ പലസ്തീനായിൽനിന്നു കൊണ്ടുവന്നതിൻെറ സ്മരണാദിനം, ഈയവസരങ്ങളിലാണു് മരിയവത്സരം സംബന്ധിച്ചുള്ള പ്രത്യേകാഘോഷങ്ങൾ നിശ്ചയിച്ചിരിക്കുന്നതു്. ഇതുകൂടാതെ ആണ്ടിനിടയ്ക്കു് ഒരു വിശുദ്ധ കലാപ്രദർശനവും, ഒരു പ്രസംഗപരമ്പരയും നടത്തുന്നതിനും ഏർപ്പാടുചെയ്തിട്ടുണ്ടു്.

## ജപ്പാൻ ഡൈജെസ്റ്റ്

കാത്തലിക്ക്ഡൈജെസ്റ്റിൻെറ ഒരു ജാപ്പ് എഡിഷൻ അഞ്ചുകൊല്ലംമുമ്പു് ആരംഭിച്ചതാണു്. ലക്ഷത്തി 60നായിരത്തോളം വരിക്കാരും അതിനുണ്ടായി. ഒന്നാംലക്കം മുപ്പതിനായിരം കോപ്പികളേ അടിച്ചുള്ളു. അപേക്ഷകന്മാരുടെ ആധിക്യംനിമിത്തം 1 ലക്ഷം പ്രതികൾകൂടെ വീണ്ടും അടിക്കേണ്ടതായിവന്നു. യുദ്ധാനന്തരജപ്പാനിൽ പുസ്തകപാരായണതല്പരത അത്രകണ്ടു വർദ്ധമാനമായിരുന്നു. ക്രമേണ യുദ്ധംനിമിത്തം അസ്തമിച്ചുപോയിരുന്ന പ്രസിദ്ധീകരണങ്ങൾ പുറകേപുറകേ ഉദയംചെയ്തുതുടങ്ങി. ടോക്കിയോനഗരത്തിൽത്തന്നെ ഇപ്പോൾ എഴുന്നൂറോളം പത്രമാസികകൾ പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. തന്നിമിത്തം ജാപ്പ് ഡൈജെസ്റ്റിൻെറ വരിക്കാർ കുറഞ്ഞുതുടങ്ങി. അയ്യായിരംവരെ അതു താഴ്ന്നപ്പോൾ, തുടന്നുനടത്താൻ നിർവ്വാഹമില്ലാതെ ഈ ജനുവരിയോടെ അധികൃതന്മാർ അതു നിത്തലാക്കുകയാണു ചെയ്തതു്. കാത്തലിക്കു് ഡൈജെസ്റ്റിൻെറ മൂലപ്രതി അമേരിക്കയിൽ മിന്നെസോട്ടാ എന്ന സ്ഥലത്തുനിന്നാണു് പ്രസിദ്ധപ്പെടുത്തുന്നതു്. ഇംഗ്ലണ്ടു്, അയർലണ്ടു്, ഫ്റാൻസ്, ബെൽജിയം, നെതർലണ്ട്സ്, ഇററലി, ജമ്മനി, തെക്കേഅമേരിക്ക, സ്പെയിൻ എന്നീ രാജ്യങ്ങൾക്കുവേണ്ടി അതാതുസ്ഥലങ്ങളിൽ പ്രത്യേക എഡിഷനും അടിച്ചുവിടുന്നുണ്ടു്.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

